

# ഏലൂർ ഗ്രാമ പഞ്ചായത്ത്
# ഒമ്പതാം പദ്ധതി
# വികസന റിപ്പോർട്ട് 1996

67-4

# ജനകീയാസൂത്രണപദ്ധതി

അധികാരം ജനങ്ങളിലേക്ക്

ഏലൂർഗ്രാമപഞ്ചായത്ത്




# ഏലൂർ പഞ്ചായത്ത്
# വികസന റിപ്പോർട്ട്
# 1996

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| ആമുഖം | 1 |
| ഏലൂരിൻെറ ചരിത്രം | 3 |
| പഞ്ചായത്ത് ഭരണസമിതി | 5 |
| ഭൂപ്രകൃതി | 6 |
| കൃഷിയും ജലസേചനവും | 8 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം | 16 |
| വിദ്യാഭ്യാസം | 19 |
| ഗതാഗതം | 22 |
| പാർപ്പിടവും സാമൂഹ്യക്ഷേമവും | 26 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 29 |
| ഊർജ്ജം | 33 |
| വ്യവസായം | 36 |
| വനിത | 39 |
| സംസ്ക്കാരം | 42 |
| സഹകരണമേഖല | 45 |
| പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 46 |
| വിഭവസമാഹരണം | 47 |
| ഉപസംഹാരം | 50 |

# ഏലൂർ ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്

## ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം നാടിൻെറ വികസനത്തിന് ആസൂത്രിതമായ രീതി സ്വീകരിച്ചുകൊണ്ടാണ് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയത്. എന്നാൽ എട്ടാം പഞ്ചവത്സര പദ്ധതി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിലും പദ്ധതികൾ അവയുടെ ശരിയായ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഭക്ഷണം, പാർപ്പിടം, വസ്ത്രം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ പോലും എല്ലാ ഭാരതീയർക്കും മിതമായ തോതിലെങ്കിലും എത്തിച്ചു കൊടുക്കാൻ കഴിയാതെ പോയി. മറുവശത്ത് സമ്പത്ത് ചില കേന്ദ്രങ്ങളിൽ മാത്രം കുമിഞ്ഞു കൂടാൻ ഇടവരുത്തുകയും ചെയ്തു. ഈ അസന്തുലിതാവസ്ഥയുടെ പ്രഥമവും പ്രധാനവുമായ കാരണം പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഇല്ലാതെ പോയതാണ്.

ഭരണഘടനയുടെ 73,74 ഭേദഗതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധികാരാവകാശങ്ങൾ പുത്തനൊരു ഭരണ രീതിക്കുള്ള സാധ്യതകൾ തെളിയിച്ചു. ഇതിൻെറ വെളിച്ചത്തിൽ വരാൻ പോകുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിൽ ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ ഉതകുംവിധം അധികാരവികേന്ദ്രീകരണം കൈവരുത്താൻ കേരള സർക്കാർ തീരുമാനിച്ചു. ഇന്ത്യയിൽ, ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായി ജനപങ്കാളിത്തത്തോടു കൂടിയുള്ള ഒരു പദ്ധതിയാസൂത്രണം സാക്ഷാത്കരിക്കുവാൻ പോകയാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിൻെറ 35-40 ശതമാനം തുകയ്ക്കു വരുന്ന വികസനപരിപാടികൾ താഴെ തട്ടിൽത്തന്നെ, ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടുത്തു നിൽക്കുന്നതും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായ പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാകും. പക്ഷേ, അതു മാത്രമല്ല ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്കു രൂപം നൽകുന്നതുപോലെ തന്നെ പ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിൻെറ രീതിയും. ജനങ്ങളുടെ മുൻകൈയോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതി പ്രവർത്തനങ്ങളോട് അവർക്കിടയിൽ നിലനില്ക്കുന്ന നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും.

ഈ ലക്ഷ്യം സാക്ഷാത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ, ചരിത്രത്തെ സാക്ഷിയാക്കിക്കൊണ്ട് 1996 ആഗസ്റ്റ് 17 ന് മലയാളികളുടെ വർഷപ്പിറവിയായ ചിങ്ങം ഒന്നിന് ബഹുമാനപ്പെട്ട കേരളമുഖ്യമന്ത്രി ഈ മഹാസംരംഭത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു.

ഘട്ടംഘട്ടമായ പരിശീലനങ്ങളിലൂടെ ഇതിനെക്കുറിച്ചുള്ള ശരിയായ അറിവും ആശയവും ജനങ്ങളിൽ എത്തിക്കുകയുണ്ടായി. വിശേഷാൽ ഗ്രാമസഭകളിലൂടെ ജനകീയാസൂത്രണ പ്രക്രിയയുടെ അരങ്ങൊരുങ്ങി.

സെപ്തംബർ 22,29, ഒക്ടോബർ 2,6 തിയ്യതികളിലായി ഏലൂർ പഞ്ചായത്തിലെ 13 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. ഓരോ വികസന മേഖലയെക്കുറിച്ചും ഗ്രൂപ്പു തിരിഞ്ഞ് വിശദമായ ചർച്ചകൾ നടന്നു. ചർച്ചകളിൽ കൂടി കണ്ടെത്തിയ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് രൂപം കൊടുത്ത ഏലൂർ പഞ്ചായത്ത് വികസന റിപ്പോർട്ടാണ് ഇത്.

വിശേഷാൽ ഗ്രാമസഭകളുടെ വിവരങ്ങൾ

| | | പങ്കെടുത്തവർ | | |
|---|---|---|---|---|
| വാർഡ് | സഭകൂടിയതിയതി | പുരുഷൻ | സ്ത്രീ | ആകെ |
| 1. | 22.9.96 | 143 | 54 | 197 |
| 2. | 6.10.96 | 304 | 48 | 352 |
| 3. | 22.9.96 | 102 | 32 | 134 |
| 4. | 22.9.96 | 47 | 24 | 71 |
| 5. | 29.9.96 | 247 | 76 | 323 |
| 6. | 29.9.96 | 143 | 22 | 165 |
| 7. | 29.9.96 | 136 | 35 | 171 |
| 8. | 29.9.96 | 169 | 30 | 199 |
| 9. | 2.10.96 | 102 | 40 | 142 |
| 10. | 2.10.96 | 158 | 42 | 200 |
| 11. | 2.10.96 | 189 | 55 | 244 |
| 12. | 2.10.96 | 152 | 36 | 188 |
| 13. | 2.10.96 | 93 | 63 | 156 |
| | ആകെ | 1985 | 557 | 2542 |

രണ്ടാംഘട്ട ബ്ലോക്ക്തല പരിശീലനം (ആലങ്ങാട്) നവംബർ 5,6,7 തീയതികളിൽ ഏലൂർ എസ്.സി.എസ്. മേനോൻ ഹാളിൽ നടന്നു. 48 പേർ ക്ലാസ്സുകളിൽ പങ്കെടുത്തു. നല്ല നിലവാരം പുലർത്തുന്ന പരിശീലനമാണു നല്കപ്പെട്ടത്. ക്ലാസ്സുകളെ തുടർന്ന് 12 വികസന മേഖലകളെപ്പറ്റിയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നു. വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള അറിവുനേടാൻ ഈ പരിശീലനം വളരെ സഹായകമായി. ഏലൂർ പഞ്ചായത്തിലെ പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനം 8.11.96 ൽ നടന്നു. 60 പേർ പങ്കെടുത്തു. ബ്ലോക്ക്തല പരിശീലനത്തിലും പഞ്ചായത്ത്തല പരിശീലനത്തിലും പ്രദർശിപ്പിച്ച വീഡിയോ കാസറ്റ് ജനകീയാസൂത്രണത്തിൻെറ ആവശ്യത്തെക്കുറിച്ചും വികസന റിപ്പോർട്ട് തയ്യാറാക്കേണ്ട മാർഗ്ഗത്തെക്കുറിച്ചും പല പുതിയ നിർദ്ദേശങ്ങൾ നൽകുന്നവയായിരുന്നു. 8.11.96 നു ശേഷം ആസൂത്രണ പ്രവർത്തകർ റിപ്പോർട്ട് തയ്യാറാക്കേണ്ടതും വികസന സെമിനാർ സംഘടിപ്പിക്കുന്നതിനായുള്ള മുന്നൊരുക്കങ്ങൾ ചെയ്യാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതുമാണെന്നു തീരുമാനിച്ചു.

## ഏലൂർ ഗ്രാമപഞ്ചായത്ത്

## ഏലൂർ, ഉദ്യോഗമണ്ഡൽ പി.ഓ. 683501.

# ഒമ്പതാം പദ്ധതി- ജനകീയപദ്ധതി.

# വികസന റിപ്പോർട്ട്:1996

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ഏലൂർ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | ഏലൂർ, കടുങ്ങല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | ആലങ്ങാട് |
| താലൂക്ക് | : | പറവൂർ |
| ജില്ല | : | എറണാകുളം |
| അസംബ്ലി മണ്ഡലം | : | ആലുവ |
| ജില്ല ഡിവിഷൻ | : | എറണാകുളം |
| പ്രധാന പ്രദേശങ്ങൾ | : | കുറ്റിക്കാട്ടുകര, പാതാളം, ഏലൂർ കിഴക്ക്, മേത്താനം, ഏലൂർ വടക്ക്, ചൗക്ക, മഞ്ഞുമ്മൽ |
| വിസ്തീർണ്ണം | : | 11.21 ച. കി. |

| | | |
|---|---|---|
| അതിരുകൾ | : | |
| കിഴക്ക് | : | കളമശ്ശേരി മുനിസിപ്പാലിറ്റി, ചൂർണ്ണിക്കര പഞ്ചായത്ത് |
| വടക്ക് | : | കടുങ്ങല്ലൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | : | പെരിയാർ |
| തെക്ക് | : | ചേരാനെല്ലൂർ പഞ്ചായത്ത്,വരാപ്പുഴ കായൽ. |
| ജനസംഖ്യ | : | 37073 |

(96 ഒക്ടോബർ 5 ലെ കണക്കനുസരിച്ച്)

| | | |
|---|---|---|
| പുരുഷൻമാർ | : | 18181, |
| സ്ത്രീകൾ | : | 16688, |
| കുട്ടികൾ (6 വയസ്സുവരെ) | : | 2204 |
| വാർഡുകൾ | : | 13 |

# ഏലൂരിൻെറ ചരിത്രം

ഏലൂർ എന്നത് ഏലൻെറ ഊര് എന്നതിൽ നിന്ന് ഉണ്ടായതാണെന്നു പൊതുവെ ഒരു അഭിപ്രായമുണ്ട്. ഏലൻ എന്നത് വിഷ്ണുവിൻെറ പര്യായമാണെന്നും ഏലേല ചിങ്ങൻ പള്ളിബാണപ്പെരുമാളിൻെറ വാണിജ്യകാര്യ മന്ത്രിയായിരു ന്നുവെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. ഇവിടുത്തെ ഏറ്റവും പുരാതനമായ മഞ്ഞുമ്മൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവുമായി ബന്ധപ്പെടുത്തിപ്പറയുമ്പോൾ വിഷ്ണുവിൻെറ ഊര് എന്ന അർത്ഥകല്പനയ്ക്കു പ്രസക്തിയേറുന്നു.

ശുകസന്ദേശത്തിൽ 'ഹിമോപരിനഗരിവാഴും' ദേവനെക്കുറിച്ച് പ്രകീർത്തിക്കുന്നുണ്ട്. ഇതിന് 'മഞ്ഞുമേർ' ആണെന്നും 'മേർ' എന്ന പദം പിന്നീട് 'മേൽ' എന്നായിത്തീർന്നതാണെന്നും ചില ചരിത്രാന്വേഷികൾ കണ്ടെത്തുന്നുണ്ട്.

'എലുക' എന്നാൽ അതിര് എന്നർത്ഥം. തിരുവിതാംകൂറിൻെറ എലുകയായ ഊര് ഏലൂർ എന്നായിത്തീർന്നതാണെന്നുള്ള അഭിപ്രായവും നിലവിലുണ്ട്.

ഇയലുകളെ (എലുക) എന്നതിൽ നിന്നു നിഷ്പന്നമായ രൂപമാണ് ഏല്. ചേരുക, കൂടുക, പ്രാപിക്കുക, ഉണ്ടാവുക എന്നെല്ലാമാണ് അർഥം. പെരിയാറിൻെറ കൈവഴികൾ വരാപ്പുഴ കായലിൽ ചെന്നു ചേരുന്നിടത്തിനു ഏലൂര് (ഏല് + ഊര്) എന്ന പേരുണ്ടാവുക സ്വാഭാവികമാണ്. കേരളത്തിലെ പല പ്രദേശങ്ങൾക്കും അവയോടു ചേർന്നൊഴുകുന്ന നദികളുമായി ബന്ധപ്പെട്ടനാമങ്ങളാണെന്നറിയുന്നത് ഈ നിഗമനത്തിലെത്തിച്ചേരാൻ കുറെക്കൂടി സഹായകമായിത്തീരുന്നു.

വ്യവസായ കേരളത്തിൻെറ ഹൃദയമാണ് ഏലൂർ പഞ്ചായത്ത്. പഴയ കൊച്ചി രാജ്യത്തിൻെറ തൊട്ടടുത്തു കിടന്നിരുന്ന ഏലൂർ തിരുവിതാംകൂറിൻെറ ഭാഗമായ ഒരു ചെറിയ ദ്വീപ് ആയിരുന്നു. മഞ്ഞുമ്മൽ പ്രദേശം ഏതാനും നമ്പൂതിരിമാരുടെയും, മറ്റു പ്രദേശങ്ങൾ 'ഏലൂർ മൂപ്പൻ' എന്നു വിളിച്ചിരുന്ന മുസ്ലീം പ്രമാണിമാരുടെയും അധീശാധികാരത്തിലായിരുന്നു. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഉത്തര കേരളത്തിൽ നിന്നു പലായനം ചെയ്ത് മതം മാറി വന്ന നമ്പൂതിരിമാരായിരുന്നു ഏലൂർ മൂപ്പൻമാർ എന്നു പറയപ്പെടുന്നു. ഇവരുടെ അധീശത്വം മഞ്ഞുമ്മലെ നമ്പൂതിരിമാരും അംഗീകരിച്ചിരുന്നുവത്രെ. ഏലൂരിൻെറ ആദ്യകാല വികസനങ്ങളിൽ മൂപ്പൻമാർക്ക് നിർണ്ണായക പങ്കുണ്ടായിരുന്നു. ഇവിടത്തെ പ്രധാന റോഡുകൾ അവർ നിർമ്മിച്ചതാണ്. മൂപ്പൻ മുടിചൂടാമന്നനായിരുന്നുവെങ്കിലും ഹൃദയവിശാലനായ ഫ്യൂഡൽ പ്രഭുവായിരുന്നു. ശീവൊള്ളി നമ്പൂതിരി സ്ഥിരം സന്ദർശകനായിരുന്നുവെന്നത് മൂപ്പൻെറ സാഹിത്യാഭിരുചിക്ക് നിദർശനമത്രെ. മൂപ്പനെപ്പറ്റി ശീവൊള്ളി ഇങ്ങനെ എഴുതുന്നു:

"വട്ടത്തൊപ്പി, വളർന്ന താടി, വയറും നെഞ്ചും
കവിഞ്ഞൊപ്പമായ്
കെട്ടിക്കാടുപിടിച്ച രോമ, മരയിൽ പിച്ചാത്തി
മെച്ചത്തരം
കട്ടിക്കാക്കി കറുപ്പുടുപ്പ് ഉറുമാൽ, ശൗര്യം
ശകാരങ്ങളീ
മട്ടിൽ ജോനകരെത്രവേണമവിടെ
കണ്ടേൻ കണക്കെന്നിയേ".

മൂപ്പൻമാരിൽ വീരാവുണ്ണി മൂപ്പനും അനുജൻ മുഹമ്മദ് മൂപ്പനുമായിരുന്നു പ്രമാണിമാർ.

ഏതാണ്ട് എ.ഡി. 1700ൽ ചേരാനെല്ലൂർ കർത്താവിൻെറയും ആലങ്ങാട്ട് രാജാവിൻെറയും പടകൾ ഏറ്റുമുട്ടിയത് മഞ്ഞുമ്മൽ വെച്ചായിരുന്നു. അതിനെത്തുടർന്ന് മഞ്ഞുമ്മൽ പ്രദേശം ചേരാനെല്ലൂർ കർത്താവിൻെറ കീഴിലായി.

മഞ്ഞുമ്മൽ ശ്രീകൃഷ്ണ ക്ഷേത്രവും ഏലൂർ നാറാണത്ത് ക്ഷേത്രവും പുരാതനങ്ങളാണ്. നിത്യപൂജയും ആണ്ടോടാണ്ട് ഉത്സവവും ഈ ക്ഷേത്രങ്ങളിൽ പണ്ടേതൊട്ട് നടന്നുവരുന്നു. നാറാണത്ത് ക്ഷേത്രം നാറാണത്തുഭ്രാന്തൻ സ്ഥാപിച്ചതാണെന്നും വിഗ്രഹം ഉറയ്ക്കാതെ വന്നപ്പോൾ അദ്ദേഹം പതംവന്ന മുറുക്കാൻ കൊറ്റൻ കൊണ്ട് ഉറപ്പിച്ചുവെന്നും ഐതിഹ്യമുണ്ട്. ഏലൂരിലെ പാട്ടുപുരയ്ക്കൽക്ഷേത്രം കൊടുങ്ങല്ലൂർഭഗവതിയുടെ ഭക്തകളായ ദേവദാസികൾക്കായി സ്ഥാപിച്ചതാണെന്നാണ് ഐതിഹ്യം. സ്ത്രീകൾക്ക് ഏറെ പ്രാധാന്യമുള്ളതാണ് ഈ ക്ഷേത്രം. കടുങ്ങല്ലൂർ മാമലശ്ശേരി നമ്പൂതിരി മനക്കാരുടെ കുലപരദേവതയാണ് ഇലഞ്ഞിക്കൽ ഭഗവതി. ഇന്നും ഈ ക്ഷേത്രത്തിൻെറ രക്ഷാധികാരികൾ ആ മനക്കാർ തന്നെ. ഭഗവതി ഒറ്റയ്ക്കിരിക്കുന്നത് ദോഷമാണെന്ന് പ്രശ്നത്തിൽ കണ്ടതിനെത്തുടർന്ന് എം.കെ.കെ. നായർ സ്ഥാപിച്ചതാണ് അടുത്തുള്ള ശിവക്ഷേത്രം. ഏലൂരിലെ മറ്റൊരു പ്രധാന ക്ഷേത്രമാണ് കൂട്ടക്കാവ് ഭഗവതീക്ഷേത്രം.

മഞ്ഞുമ്മലെ ഏറ്റവും ഉയർന്ന പ്രദേശമാണ് കോട്ടക്കുന്ന്. തിരുവിതാംകൂർ രാജാവിൻെറ പട്ടാളക്കാർ ഇവിടെ തമ്പടിച്ചിരുന്നു. കോട്ടക്കുന്നിനു സമീപമാണ് ഏലൂരിലെ ഏറ്റവും പുരാതന ക്രിസ്തീയ ദേവാലയമായ മഞ്ഞുമ്മൽപള്ളി. ഇറ്റലിയിൽ നിന്നു വന്ന വൈദികർ ആണ് ഗോത്തിക്ക് ശില്പമാതൃകയിൽ നിർമ്മിച്ച ഈ ദേവാലയം സ്ഥാപിച്ചത്. ഇതിനുവേണ്ട സ്ഥലം ഇടപ്പള്ളിയിലുള്ള കരിമൂപ്പനിൽ നിന്നു ഏലൂർമൂപ്പൻ വഴി ലഭ്യമാക്കുകയായിരുന്നു. ഈ പള്ളിയുടെ മുമ്പിൽ നിന്ന് വരാപ്പുഴ പള്ളി ആസ്ഥാനത്തേക്കു പോകുന്നതിനായി ഏലൂർമൂപ്പൻെറ നിർദ്ദേശപ്രകാരം വെട്ടിക്കൊടുത്തതാണ് മഞ്ഞുമ്മൽ ചേരാനെല്ലൂർ കടവ് റോഡ്. ഈ ദേവാലയവുമായി സഹകരിച്ചു പ്രവർത്തിച്ച ബ്രദർ നിക്കോളാസ് അലോപ്പതി അഭ്യസിക്കുകയും ഏലൂരിലെ ആദ്യത്തെ ഡിസ്പെൻസറി സ്ഥാപിക്കുകയും ചെയ്തു. 1886ൽ സ്ഥാപിച്ച ഈ സ്ഥാപനമാണ് ഇന്നത്തെ സെൻറ് ജോസഫ്സ് ഹോസ്പിറ്റൽ. കേരളത്തിലെ ആദ്യകാലത്തെ സ്വകാര്യ ആശുപത്രികളിൽ ഒന്നാണിത്. ആദ്യത്തെ വിദ്യാലയവും ഈ പള്ളിതന്നെയാണ് സ്ഥാപിച്ചത്. അതാണ് ജി.എ.യു.പി.

സ്കൂളിലെ എൽ.പി. വിഭാഗം.

ഏലൂരിൽ ഭൂരിഭാഗവും സവർണരായിരുന്നു.' അയിത്തം വളരെ കർക്കശമായി പാലിക്കപ്പെട്ടിരുന്നു. താഴ്ന്ന ജാതിക്കാർ പണിയെടുക്കുന്ന സ്ഥലത്തെ സൂചിപ്പിക്കാൻ പച്ചില നാട്ടുമായിരുന്നു. ഇതു കണ്ടെത്തിയാൽ സവർണർ അനുചരരെക്കൊണ്ട് ' ആ ആ ' ' ആ ആ ' എന്ന ശബ്ദം പുറപ്പെടുവിക്കുകയും ഇത് കേട്ട് കീഴ്ജാതിക്കാർ ' ഓ' ' ഓ' എന്ന് ഒച്ചവെച്ച് മാറികൊടുക്കുകയും ചെയ്തിരുന്നു. സവർണരുടെ കുടുംബദു:ഖങ്ങളിൽ കീഴ്ജാതിക്കാർ വന്ന് കരഞ്ഞു കാണിക്കണമായിരുന്നു.

സവർണ്ണമേധാവിത്വം കുറയാൻ സാമൂഹ്യ പ്രസ്ഥാനങ്ങളും ദേവാലയങ്ങളും വലിയപങ്കു വഹിച്ചിട്ടുണ്ട്. കൽപ്പണി, മരപ്പണി തുടങ്ങിയ വേലകൾ ക്രിസ്ത്യാനികൾ കൂടുതലായി ചെയ്യാൻ തുടങ്ങി. അവരിൽ പലരും ക്രമേണ സാമ്പത്തികമായി വളർച്ചനേടി. ചില കുടുംബാംഗങ്ങൾ ബ്രിട്ടീഷുകാരുടെ തോട്ടങ്ങളിൽ പണിയെടുത്ത് ധനികരായി. 1939 കാലഘട്ടമായപ്പോഴേക്കും മഞ്ഞുമ്മൽ പ്രദേശത്ത് റിക്ഷാവണ്ടികൾ എത്തിച്ചേർന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അലയൊലി, അതിന്റെ ആദ്യനാളുകളിൽത്തന്നെ ഏലൂർ എന്ന കൊച്ചു ദ്വീപിലും വന്നെത്തിയിരുന്നു. 1938 ൽ മഞ്ഞുമ്മൽവെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം നടന്നു. തുടർന്ന് ഏലൂർ പാട്ടുപുരയ്ക്കൽ ക്ഷേത്രപരിസരത്തും യോഗം ചേരുകയുണ്ടായി. ടി.എസ്. അനന്തൻപിള്ള, കെ.എക്സ്. ജോസഫ്, കുരുവിള എന്നിവർ കോൺഗ്രസ് പാർട്ടി പ്രവർത്തനങ്ങളിൽ സജീവപങ്കു വഹിച്ചിരുന്നു. 1946ൽ സ്റ്റേറ്റു കോൺഗ്രസിന്റെ ഏലൂർ മേഖലാപ്രസിഡൻറായി ആൻറണികൊറയയെയും സെക്രട്ടറിയായി പയ്യപ്പിള്ളി ബാലനെയും തെരഞ്ഞെടുത്തിരുന്നു. 1944 ആയപ്പോഴേക്കും കമ്യൂണിസ്റ്റുപാർടി ഏലൂരിൽ ചുവടുറപ്പിച്ചു കഴിഞ്ഞിരുന്നു. എഫ്.ഏ.സി.റ്റിയിലും ഐ.എ.സിയിലും അതിന് ഘടകങ്ങളുണ്ടായി. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചവരാണ്. കെ.കെ. ഗംഗാധരനും, ടി.എസ്. മാധവനും, കെ.എ. വറുതുകുട്ടിയും, പയ്യപ്പിള്ളി ബാലനും, കെ.ആർ. കൃഷ്ണൻകുട്ടിയും ഇടപ്പള്ളി കേസിൽ പ്രതികളായിരുന്നു. ഇ.എം.എസ്., കെ.സി. ജോർജ്, എൻ.സി. ശേഖർ, പി.ടി. പുന്നൂസ് തുടങ്ങി കേരള രാഷ്ട്രീയത്തിലെ അതികായൻമാർ പലകാലങ്ങളിലായി ഏലൂരിൽ ഒളിവിൽ കഴിയുകയുണ്ടായിട്ടുണ്ട്. 1946-ൽ നടന്ന നിയമലംഘന ജാഥയിൽ പങ്കെടുത്ത സഃഎൻ.എസ്. കേശവപിള്ള ക്രൂരമായ പോലീസ് മർദ്ദനത്തിനു വിധേയനായി. പിൽക്കാലത്ത് ക്ഷയരോഗം പിടിപെട്ട് മരിച്ചു.

1949-ൽ എഫ്.എ.സി.റ്റിയിൽ നടന്ന ആദ്യത്തെ പണിമുടക്കിനോടനുബന്ധിച്ചു പ്രഖ്യാപിക്കപ്പെട്ട നിരോധനാജ്ഞ ലംഘിച്ചു പ്രസംഗിച്ചതിന് മത്തായി മാഞ്ഞൂരാൻ, ജോൺ മാഞ്ഞൂരാൻ, ആർ.എം. മനക്കലാത്ത്, കെ.ജി. നാരായണൻ, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള തുടങ്ങിയവരെ അറസ്റ്റു ചെയ്തു മർദ്ദിച്ചു. അക്കൂട്ടത്തിൽ സരസ്വതി, അലമേലു എന്നീ ബ്രാഹ്മണ സഹോദരിമാരും ഉണ്ടായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. നിരോധനാജ്ഞയിൽ പ്രതിഷേധിച്ച് ജാഥ നടത്തിയതിന് റ്റി.ജെ. വർഗീസ്, സെബാസ്റ്റ്യൻ, ഇ. സാമി, ഡിസിൽവ, ആൻറണി രാജു എന്നിവരെയും അറസ്റ്റു ചെയ്യുകയുണ്ടായി.

ജനകീയാടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപവൽക്കരിച്ചത് 1954 ൽ നടന്ന തെരഞ്ഞെടുപ്പോടെയാണ്. വരാപ്പുഴ പഞ്ചായത്തിൽപ്പെട്ട പ്രദേശമായിരുന്നു ഏലൂർ. 54ൽ നടന്ന വരാപ്പുഴ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ മണ്ണൻ തുരുത്തിലെ ടി.കെ. പോൾ പ്രസിഡൻറും കമലനാഥപൈ വൈസ്പ്രസിഡൻറുമായി. ഈ പഞ്ചായത്ത് 1962 വരെ എട്ടുകൊല്ലം നിലനിന്നു. ' 62-' 64 കാലത്ത് തെരഞ്ഞെടുക്കപ്പെട്ട സമിതി ഇല്ലാതിരുന്നതിനാൽ സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിൻ കീഴിലായിരുന്നു ഏലൂർ ഉൾപ്പെട്ട വരാപ്പുഴ പഞ്ചായത്ത്. ' 64ൽ തെരഞ്ഞെടുപ്പു നടക്കുകയും വിശ്വനാഥപൈ പ്രസിഡൻറും കുമാരൻ വൈസ്പ്രസിഡൻറുമായി ഭരണമേല്ക്കുകയും ചെയ്തു. വരാപ്പുഴ, ഏലൂർ എന്നീ പ്രദേശങ്ങൾ തമ്മിൽ അക്കരെ-ഇക്കരെ എന്ന തർക്കം രൂക്ഷമായതിനെത്തുടർന്ന് വരാപ്പുഴ പഞ്ചായത്ത് എന്ന പേരുമാറ്റി ഏലൂർ പഞ്ചായത്ത് എന്നാക്കി; കടുങ്ങല്ലൂരിൽ നിന്ന് കുറ്റിക്കാട്ടുകര ഏലൂർ പഞ്ചായത്തിനോട് ചേർക്കുകയും ചെയ്തു. 69-71 കാലഘട്ടമായപ്പോഴേക്കും പഞ്ചായത്തിന്റെ ആസ്ഥാനം ഏലൂർ ആയിത്തീർന്നു. ഇന്നത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടം 1977-ൽ പ്രവർത്തനമാരംഭിച്ചു. ' 79ൽ നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് കെ.പി. രാഘവൻപിള്ള പ്രസിഡൻറും ലക്ഷ്മണൻ വൈസ് പ്രസിഡൻറുമായി. ഇടക്കാലത്ത് റാഫേൽ ആൻറണി പ്രസിഡൻറും പി.വി. അബൂബക്കർ വൈസ് പ്രസിഡൻറുമായി ഭരണച്ചുമതല കൈയേല്ക്കുകയുണ്ടായി. ഈ സമിതിയുടെ കാലാവധി ' 84ൽ തീർന്നുവെങ്കിലും തെരഞ്ഞെടുപ്പുണ്ടായില്ല. 88ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് പയ്യപ്പിള്ളി ബാലൻ പ്രസിഡൻറും ടി.ജെ. വർഗീസ് വൈസ് പ്രസിഡൻറുമായി. 1990ൽ ഏലൂർ പഞ്ചായത്ത് വികസനോൻമുഖമായ ലക്ഷ്യത്തോടെ മുനിസിപ്പാലിറ്റിയായി ഉയർത്തപ്പെട്ടു. വരാപ്പുഴ പ്രദേശം വിട്ടുപോവുകയും ഏലൂരിലെ 9 വാർഡുകൾ ചേർന്ന മുനിസിപ്പാലിറ്റിയുടെ ഭരണം എക്സിക്യുട്ടീവിൽ നിക്ഷിപ്തമാവുകയും ചെയ്തു. ഒരു മുനിസിപ്പൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള പഞ്ചായത്ത് പ്രസിഡൻറിനെ ചെയർമാൻ ആയി നിയമിക്കുകയും ചെയ്തു. പക്ഷേ, ഹൈക്കോടതി വിധിയനുസരിച്ച് ചെയർമാൻ പാടില്ലെന്നതിനാൽ സർക്കാർ കമ്മിറ്റി പിരിച്ചുവിട്ടു. മുനിസിപ്പൽ കമ്മീഷണറിൽ എല്ലാ അധികാരങ്ങളും നിക്ഷിപ്തമായി. ചില കേന്ദ്രങ്ങളിൽ നിന്നുള്ള നിരന്തരമായ സമ്മർദ്ദ തന്ത്രങ്ങളുടെ ഫലമായി ഏലൂർ മുനിസിപ്പാലിറ്റി വീണ്ടും പഞ്ചായത്തായി തരംതാഴ്ത്തപ്പെട്ടു.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നു.73-ാം ഭരണഘടനാ ഭേദഗതിയനുസരിച്ച്; ' 95 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഏലൂർ പഞ്ചായത്ത് 13 വാർഡുകളായി വിഭജിക്കപ്പെട്ടിരുന്നു.

# പഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| പി.എസ്. ഗംഗാധരൻ (പ്രസിഡൻറ്) | വാർഡ് II |
| ടി.ജെ. വർഗീസ് (വൈ:പ്രസിഡൻറ്) | വാർഡ് IX |
| ഇ.കെ. സേതു (സ്റ്റാ:ക:ചെയർമാൻ) | വാർഡ് XII |
| ഷീലാ അശോകൻ | വാർഡ് I |
| ഗിരിജാബാബു | വാർഡ് III |
| സരള രാജപ്പൻ | വാർഡ് IV |
| കെ..എൻ. ശോഭൻ | വാർഡ് V |
| എം.ടി. സോമൻ | വാർഡ് VI |
| കെ.എം. സൈനുദ്ദീൻ | വാർഡ് VII |
| സൈനബ പരീത് | വാർഡ് VIII |
| ലിസി ജോർജ് | വാർഡ് X |
| നെൽസൺ കൊറയ | വാർഡ് XI |
| ടി.എസ്. സ്റ്റീഫൻ | വാർഡ് XIII |
| ടി.സി. വിക്രമൻ | (പഞ്ചായത്ത് സെക്രട്ടറി) |
| വി.കെ. ഗോപാലകൃഷ്ണൻ | (പഞ്ചായത്ത് ജൂ. സൂപ്രണ്ട്) |
| പി.ഒ. കുര്യാക്കോസ് | (പഞ്ചായത്ത് എഞ്ചിനീയർ) |

ജില്ലാ പഞ്ചായത്തംഗം

ശ്രീ പി. എ. അബ്ദു

ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ

ശ്രീമതി സി. പി. ഉഷ (വൈസ് പ്രസിഡൻറ്)

ശ്രീ വി. എ. അലിയാർ

# ഭൂപ്രകൃതി

അവലംബം: റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം.

ഭൂപ്രകൃതിയനുസരിച്ച് ഏലൂരിനെ അഞ്ച് മേഖലകളായി തിരിക്കാം.

1. ചെറിയകുന്നുകൾ
2. ചെരിവു പ്രദേശങ്ങൾ
3. താഴ്‌വരകൾ
4. തീരസമതലങ്ങൾ
5. ചതുപ്പുനിലങ്ങൾ.

### 1. ചെറിയ കുന്നുകൾ:

ഏലൂരിലെ മൊത്ത വിസ്തൃതിയിൽ വളരെ കുറച്ചു ഭാഗം ചെറിയ മൂന്നു കുന്നുകളായി കാണപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് 4 മുതൽ 12 വരെ മീറ്റർ ഉയരത്തിൽ ഇവ സ്ഥിതി ചെയ്യുന്നു. ഒന്നാമത്തേത് പത്താംവാർഡിലെ (മഞ്ഞുമ്മൽ) കോട്ടക്കുന്ന് പ്രദേശവും രണ്ടാമത്തേത് അഞ്ചാം വാർഡിലെ HIL കോളനി സ്ഥിതി ചെയ്യുന്ന പ്രദേശവും മൂന്നാമത്തേത് ഏഴാം വാർഡിലെ കുറ്റിക്കാട്ടുകര യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന ഭാഗവുമാണ്. ഇവയിൽ ഒരിടത്തും പാറക്കെട്ടുകൾ തെളിഞ്ഞു കാണുന്നില്ല. ലാറ്ററേറ്റ് വിഭാഗത്തിൽപ്പെട്ട മണ്ണാണ് ഇവിടങ്ങളിൽ കാണപ്പെടുന്നത്. എല്ലാതരം വിളകളും ഈ പ്രദേശങ്ങളിൽ കൃഷി ചെയ്തു വരുന്നുണ്ട്. കൂടുതലായി കാണപ്പെടുന്നത് തെങ്ങാണ്.

### 2. ചെരിവു പ്രദേശങ്ങൾ:

ഒന്നാം വാർഡിലെ ഡിപ്പോയ്ക്ക് വടക്കുള്ള ഭാഗവും എട്ടാം വാർഡിലെ OD ക്വാർട്ടേഴ്സ് ഉള്ള ഭാഗവും നാലാം വാർഡിലെ പരമേശ്വരൻനായർ റോഡിന്റെ വലതുഭാഗവും ഏഴാം വാർഡിലെ മണൽ കടവിലേക്കുള്ള പ്രദേശവും ഒമ്പതാം വാർഡിലെ ഇല്ലത്ത് ഇടവഴി മുതൽ ഫാക്ട് ഹൈസ്കൂൾ വരെയുള്ള ഭാഗവും ചെരിവു പ്രദേശങ്ങളാണ്. ചില ഭാഗത്ത് ചൊരിമണലും മറ്റുചില ഭാഗത്ത് ചരൽ കലർന്ന മണ്ണുമാണ് കാണുന്നത്. വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ കൂടുതലായതിനാൽ ജലക്ഷാമം അനുഭവപ്പെടുന്നില്ല. തെങ്ങ്, കമുക്, കുരുമുളക് എന്നീ വിളകൾ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്തു വരുന്നു.

### 3. താഴ്‌വരകൾ:

ചെറുചെരിവുകൾ പാടങ്ങളെയും സമതലങ്ങളെയും വേർതിരിക്കുന്ന ഭാഗങ്ങളിലാണ് താഴ്‌വരകൾ കാണപ്പെടുന്നത്. മൂന്നാംവാർഡിൽ നാറാണത്തു ക്ഷേത്രത്തിന്റെ പുറകിൽ ഉന്തിത്തോടുവരെയും നാലാം വാർഡിൽ പരമേശ്വരൻനായർ റോഡുമുതൽ കണക്കശ്ശേരി ലോഡ്ജിന്റെ സമീപംവരെയും അഞ്ചാംവാർഡിൽ ജെ.എൻ.എം ആശുപത്രിക്കു സമീപം, ആനവാതിൽ പാതാളം റോഡിന്റെ കിഴക്കുവശം, ഏഴാം വാർഡിൽ ഫ്രാങ്ക്ളിൻ കോളനിക്ക് മറുവശത്തുമുള്ള ഭാഗംവരെയും എട്ട്, ഒൻപത്, പത്ത് വാർഡുകളിൽ ചില പ്രദേശങ്ങളും താഴ്‌വരകളാണ്. ഇവിടങ്ങളിൽ അലുവിയൽ മണ്ണും അടിയിലായി കളിമണ്ണും കാണുന്നു. പുഞ്ചകൃഷിയും മറ്റുനാണ്യവിളകളും നന്നായി നടന്നിരുന്ന ഈ പ്രദേശങ്ങളിൽ ഇന്ന് കൃഷി വളരെ പരിമിതമായിരിക്കുന്നു. ഈ പ്രദേശത്തോടു ചേർന്ന പാടശേഖരങ്ങൾ നികത്തിവരുന്ന പ്രവണത ഏറി വരുന്നതായി കാണുന്നു.

### 4. തീരസമതലങ്ങൾ:

സമുദ്ര നിരപ്പിൽ നിന്നും അല്പം ഉയരത്തിൽ സ്ഥിതി ചെയ്യുന്നവയാണ് തീരസമതലങ്ങൾ. 1,2 വാർഡുകളിലെ അധികഭാഗവും 4-ാം വാർഡിലെ ഫാക്ട് ക്വാർട്ട്സ് പ്രദേശവും ആറാം വാർഡ് ഏകദേശം പൂർണ്ണമായും 12,13 വാർഡുകളും ഈ വിഭാഗത്തിൽപെടുന്നു. ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന തോടുകളാണ് പല ഭാഗങ്ങളിൽ നിന്നുള്ള നീരൊഴുക്കിനു സഹായകമായിരുന്നത്. കൃഷിഭൂമി നികത്തൽകൊണ്ടും പുറംപോക്കുഭൂമി കൈവശപ്പെടുത്തുന്നതുമൂലവും പല തോടുകളും നികന്നുപോയി. തന്നിമിത്തം അഞ്ചാം വാർഡിലെ പാതാളം റോഡിന്റെ പടിഞ്ഞാറു വശവും സിപിആർ അവന്യൂ റോഡിന്റെ ഇരുവശവും ഉള്ള കൃഷിഭൂമികൾ ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു. ഒരുകാലത്ത് മികച്ച വിളവു നല്കിയിരുന്ന ഈ കൃഷിയിടങ്ങളുടെ ഇന്നത്തെ നില വളരെ പരിതാപകരമാണ്.

### 5. ചതുപ്പു നിലങ്ങൾ:

ഈ പഞ്ചായത്തിലെ ചതുപ്പായി കാണുന്ന ഭാഗങ്ങൾ മനുഷ്യ സൃഷ്ടിയാണെന്നു പറയുന്നതിൽ അത്ഭുതമില്ല. പത്തുനാല്പതു കൊല്ലം മുൻപ് ഉണ്ടായിരുന്ന ജലഗമന മാർഗ്ഗങ്ങൾ പൂർണ്ണമായോ ഭാഗികമായോ നശിപ്പിച്ചതിനാൽ നീരൊഴുക്ക് തടസ്സപ്പെട്ടതുമൂലം ഉണ്ടായവയാണ് ഈ ചതുപ്പു നിലങ്ങൾ. ഒന്നും രണ്ടും വാർഡിലെ പത്ത്, പതിനൊന്ന്, പന്ത്രണ്ട്

വാർഡുകളിലെ മുട്ടാർ പാലം മുതൽ ഉള്ള ഇടംപാടം തോട് ഇതിന് ഉദാഹരണങ്ങളാണ്. ഇടമുള ഭാഗത്തുണ്ടായിരുന്ന പാടശേഖരങ്ങൾ ഇഷ്ടികയ്ക്കു മണ്ണെടുത്തതുമൂലം ചതുപ്പുനില ങ്ങളായി തീർന്നിരിക്കുന്നു. ഏതാനും ചില സ്ഥലങ്ങളിൽ തെങ്ങ് കാണപ്പെടുന്നു.

## കാലാവസ്ഥ

വ്യവസായ മേഖലയായതു കൊണ്ട് ഈ പ്രദേശത്തെ അന്തരീക്ഷോഷ്മാവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

ശരാശരിയിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ്. കാലവർഷവും തുലാവർഷവും കിട്ടുന്നുണ്ടെങ്കിലും കൂടുതൽ വൃഷ്ടിയുടെ തോത് കാലവർഷത്തിലാണ്. ഇടമഴയായി ജനുവരിയിലും ഏപ്രിൽ മാസത്തിലും മഴ ലഭിക്കാറുണ്ട്.

## ജലലഭ്യത

പെരിയാറിന്റെ കൈവഴികൾ തഴുകിത്തണുപ്പിച്ച ഹരിത ഭൂമിയാണ് ഏലൂർ. ജലസമൃദ്ധി അതിന്റെ പരിപൂർണ്ണത യിൽത്തന്നെയായിരുന്നു. മഴയുടെ ലഭ്യതയും കൂടിച്ചേരുമ്പോൾ ഏലൂർ എന്ന കൊച്ചുദ്വീപ് ഒരിക്കലും ദാഹിക്കരുതായിരുന്നു. കുളങ്ങളും കിണറുകളും തോടുകളും മിക്കവാറും ഓർമ്മകൾ മാത്രമായി. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി വൻകിട ഫാക്ടറികൾ വിസർജിക്കുന്ന നൂറായിരം ആസിഡുകളും ആൽക്കലികളും മറ്റു മാരകവിഷ വസ്തുക്കളും കലങ്ങിച്ചേർന്നു. നദീജലം മിക്കവാറും ഉപയോഗശൂന്യമായിത്തീർന്നിരിക്കുന്നു. കളമശ്ശേരിയിൽ നിന്ന് കുഴൽ വഴി വരുന്ന വെള്ളം വേണം ഏലൂരീക്കാർക്ക് കുടിക്കാനും കുളിക്കാനും എന്ന അവസ്ഥാവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുന്നു. മഞ്ഞുമ്മൽ ഭാഗത്തെ കോട്ടക്കുന്ന്, ചൗക്ക, പള്ളിപ്പുറംചാൽ പ്രദേശങ്ങൾ, പത്തിലക്കാട്, ഫ്രാങ്ക്ളിൻ കോളനി തുടങ്ങിയ പ്രദേശങ്ങൾ കുടിനീർക്ഷാമം രൂക്ഷമായ പ്രദേശങ്ങളാണ്.

## ജന പ്രകൃതി

1996 ഒക്ടോബറിലെ കണക്കനുസരിച്ച് ഏലൂരിലെ ജനസംഖ്യ 37073 ആണ്. ഇതിൽ 18181 പേർ പുരുഷൻമാരും 16688 പേർ സ്ത്രീകളും 2204 പേർ ആറു വയസ്സിൽ താഴെയുള്ള കുട്ടികളുമാണ്. മൊത്തം 10102 വീടുകളുണ്ട്. നിരക്ഷരരുടെ എണ്ണം തീരെ കുറവാണ്. സാക്ഷരതാ നിരക്ക് 96% ആണ്. ഏലൂരിൽ ആദ്യകാലങ്ങളിൽ നാട്ടുകാരായ ജനങ്ങളിൽ ഭൂരിപക്ഷവും സവർണ്ണരായിരുന്നു. അവരെ ആശ്രയിച്ചു കഴിഞ്ഞിരുന്ന പിന്നോക്ക വിഭാഗക്കാർ അടിയാളരായിരുന്നു. വിദ്യാഭ്യാസത്തിൽ പൊതുവെ പിന്നോക്കാവസ്ഥയിലായിരുന്നു. വ്യവസായ ശാലകൾ വന്നതോടെ തൊഴിൽതേടി വന്നെത്തിയ അഭ്യസ്ഥവിദ്യർ ഏലൂരിന്റെ ജനപ്രകൃതി പാടേ മാറ്റിക്കളഞ്ഞു.ഏലൂർ പഞ്ചായത്താണെങ്കിലും സങ്കീർണ്ണതകൾ നിറഞ്ഞ നഗരത്തിന്റെ ഒരു പരിഛേദമായിരിക്കുകയാണിന്ന്.

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം

ഏകദേശം 60 വർഷങ്ങൾക്കുമുൻപ് വരെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം മുഖ്യമായും കൃഷി ആയിരുന്നു. പഞ്ചായത്തിൽ ആകെ വിസ്തൃതിയായ 1180 ഹെക്ടറിൽ 450 ഹെക്ടറോളം നിലവും ബാക്കി കരഭൂമിയും ആയിരുന്നു. പ്രധാന വിളകൾ തെങ്ങും നെല്ലും ആയിരുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കമുക്, കുരുമുളക്, വാഴ, മരച്ചീനി മുതലായവയും കൃഷി ചെയ്തിരുന്നു. നെൽപ്പാടങ്ങളിൽ നെൽകൃഷിക്ക് ശേഷം എള്ള്, പയറ്, മുതിര, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യുന്നത് പതിവായിരുന്നു.

### കൃഷിഭൂമിയുടെ വിതരണം




കൃഷിക്ക് ആവശ്യമായ വിത്തുകളും നടീൽ വസ്തുക്കളും അതതു പ്രദേശത്തെ കർഷകർ തന്നെ ഉണ്ടാക്കിയിരുന്നു. ഉപയോഗത്തിലുണ്ടായിരുന്ന നെൽ വിത്തിനങ്ങളിൽ പ്രധാനമായും ആര്യൻ, എരുമക്കാരി, ഓണോട്ടൻ, അനിയൻ എന്നിവയായിരുന്നു. സുഗമമായി കൃഷിനടത്തുന്നതിന് ആവശ്യമായ കർഷകതൊഴിലാളികളെയും യഥേഷ്ടം ലഭ്യമായിരുന്നു. കൃഷിക്ക് ആവശ്യമായ ജൈവവളങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. ജലസേചനത്തിന് ചക്രം, ത്ലാക്കൊട്ട, വേത്ത്, തേക്കൊട്ട മുതലായ നാടൻ രീതികൾ പ്രയോഗത്തിൽ ഉണ്ടായിരുന്നു. കർഷകർക്ക് നല്ല വിളയും ലഭിച്ചിരുന്നു. തെങ്ങൊന്നിന് ഒരു വർഷം ശരാശരി 90 നാളികേരവും, നെൽപ്പാടങ്ങളിൽ 30 മേനിയും വിളഞ്ഞിരുന്നു. 1936 മുതൽ I.A.C, F.A.C.T., T.C.C., I.R.E., H.I.L. മുതലായ വ്യവസായ ശാലകൾ ആരംഭിക്കുകയും, ജനങ്ങൾ വ്യവസായ ശാലകളിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. 1970-ൽ കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്ക്കരണ നിയമം വഴി ഭൂവുടമാബന്ധങ്ങളിൽ വന്നമാറ്റം കാർഷികമേഖലയിൽ ഒരു പുതിയ ഉണർവുണ്ടാക്കുകയും, കാർഷികവൃത്തിയിൽ ആഭിമുഖ്യം വളർത്തുകയും ചെയ്തു. എന്നാൽ വ്യവസായ ശാലകളിലും അനുബന്ധമേഖലകളിലും സ്ഥായിയായ വരുമാനമുള്ള തൊഴിലുകൾ ലഭിച്ചപ്പോൾ ജനങ്ങൾക്ക് കാർഷികവൃത്തിയിലുള്ള താത്പര്യം കുറഞ്ഞു.

അതോടൊപ്പം ജനസാന്ദ്രതയും വർദ്ധിക്കാൻ തുടങ്ങി. നെൽപ്പാടങ്ങൾ നികത്തപ്പെടുകയും റോഡുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഇവയുടെ അശാസ്ത്രീയമായ വികസനം നിലവിലുണ്ടായിരുന്ന പല തോടുകളിലേയും നീരൊഴുക്ക് തടസ്സപ്പെടുത്തുകയും നെൽപ്പാടങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാക്കുകയും ചെയ്തു. അതോടൊപ്പം വ്യവസായശാലകളിൽ നിന്നു പുറംതള്ളപ്പെടുന്ന വാതകങ്ങളും മറ്റു വസ്തുക്കളും മൂലമുണ്ടായ വായു, ജലമലിനീകരണം എന്നിവയും കൃഷിക്ക് വിനാശകരമായി. ക്രമേണ നെൽപ്പാടങ്ങൾ കൃഷിയോഗ്യമല്ലാതായി ത്തീരുകയും ചെയ്തു. അതോടൊപ്പം നെൽപ്പാടങ്ങളിൽ ഉണ്ടായിരുന്ന പയറ്, എള്ള്, മുതിര, പച്ചക്കറികൾ മുതലായവയുടെ കൃഷികൾ നിശ്ശേഷം ഇല്ലാതായി. താഴെ പറയുന്ന കാരണങ്ങളും കാർഷികോൽപാദനവും, ഉൽപാദനക്ഷമതയും കുറയ്ക്കാനിടയാക്കി.

1. കർഷകത്തൊഴിലാളികളുടെ ലഭ്യതയില്ലായ്മയും വർദ്ധിച്ച കൂലി നിരക്കും.
2. വർദ്ധിച്ച തോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും കീടരോഗബാധയും.
3. ജൈവവളങ്ങളുടെ ലഭ്യതയില്ലായ്മയും ഉപയോഗത്തിൽ വന്ന കുറവും.
4. വർദ്ധിച്ച തോതിലുള്ള രാസവള പ്രയോഗവും കൃഷിഭൂമിയുടെ ശിഥിലവത്ക്കരണവും.
5. ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാതിരുന്നത്.
6. നിലവിലുണ്ടായിരുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടാതിരുന്നത്.

ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുകയും കൃഷി ലാഭകരമല്ലാതാവുകയും ചെയ്തപ്പോൾ കർഷകർക്ക് കാർഷികവൃത്തിയിലുള്ള താത്പര്യം കുറയുകയും കാർഷികരംഗത്താകെ മുരടിപ്പ് ഉണ്ടാകുകയും ചെയ്തു.

### ഇന്നത്തെ വിളവു ചേരുവ

| വിളകൾ | വിസ്തൃതി (ഹെക്ടറിൽ) | ഉല്പാദനം (ഒരു ഹെക്ടറിൽ) |
|---|---|---|
| 1. നെല്ല്: | | |
| ഒന്നാം വിള | 115 | 2000 കിലോ |
| രണ്ടാം വിള | 295 | 1800 " |
| മൂന്നാം വിള | 155 | 2200 " |
| 2. തെങ്ങ് | 435 | 22 എണ്ണം (ഒരു തെങ്ങിൽ നിന്ന് ഒരു വർഷം) |
| 3. കവുങ്ങ് | 75 | 2,74,000 എണ്ണം |
| 4. കുരുമുളക് | 22 | 250 കിലോ |
| 5. വാഴ | 35 | 9 മെ.s. |
| 6. മരച്ചീനി | 5 | 10മെ. s. |
| 7. പച്ചക്കറി | 17 | |
| 8. പയർ | 37 | 300 കിലോ |
| 8. മറ്റ് വിളകൾ | 55 | |

തെങ്ങിന് ഇടവിളയായിട്ടാണ് മറ്റുകൃഷികൾ ചെയ്യുന്നത്. മുകളിൽ പറഞ്ഞവ കൂടാതെ വളരെ ചെറിയതോതിൽ പൈനാപ്പിൾ, അലങ്കാരച്ചെടികൾ മുതലായവയും ആരംഭിച്ചിട്ടുണ്ട്.

എല്ലാ വിളകളുടെയും ഉൽപ്പാദനക്ഷമത കുറവാണ്. തെങ്ങിൻെറ വാർഷിക ശരാശരി ഉൽപാദനം ഇപ്പോൾ 22 നാളികേരമാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ താഴെയാണ്. ഉൽപാദനക്ഷമത കുറയുവാനുള്ള കാരണങ്ങൾ ഇനി പറയുന്നവയാണ്.

1. വർദ്ധിച്ച രോഗകീടബാധ, കാറ്റുവീഴ്ച, ഓലചീയൽ, കൂമ്പുചീയൽ മുതലായവ.
2. ജൈവവളങ്ങളുടെ ഉപയോഗത്തിൽ വന്ന കുറവും വർദ്ധിച്ച തോതിലുള്ള രാസവളപ്രയോഗവും.
3. ജലസേചന സൗകര്യങ്ങളില്ലാത്തത്.
4. ശാസ്ത്രീയ പരിചരണമുറകൾ അവലംബിക്കാതിരിക്കൽ.

നെൽകൃഷിയുടെ അവസ്ഥ ഇതിലും ദയനീയമാണ്. ആകെയുള്ള വിസ്തൃതിയുടെ 1 /4 ഭാഗം പോലും നെൽകൃഷി ചെയ്യുന്നില്ല. ഉൽപാദനക്ഷമതയും കുറഞ്ഞു. ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ കർഷക ത്തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച കൂലി നിരക്കുമാണ് ഇത് എല്ലാതരം കൃഷിക്കും ബാധകമാണ്.

### ജലസേചന സൗകര്യങ്ങൾ

പഞ്ചായത്തിൽ ഏകദേശം 2000 കിണറുകൾ ജലസേചനയോഗ്യമാണ്. തോടുകളിലെ വെള്ളവും, പുഴവെള്ളവും ജലസേചനത്തിന് ഉപയോഗിക്കാറുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടാതിരുന്നത് മൂലം ഉപയോഗശൂന്യമായിട്ടുണ്ട്. 7-ാം വാർഡ് പാടശേഖരത്തിൻെറ തലക്കുളം 3-ാം വാർഡിലെ പാറക്കുളങ്ങൾ, എടമ്പാടം കുളം, X-ാം വാർഡ് അയ്യങ്കുളം XIII-ാംവാർഡ്, ഉന്തിത്തോട്, പുന്നന്തുരിത്തോട് എന്നിവ ഇതിൽപെടും.

1950-ൽ ചെറുകിട ജലസേചന വകുപ്പുവഴി സ്ഥാപിച്ച 25 H.P. പമ്പും 1020 മീറ്റർ കനാലും ഉൾപ്പെട്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ് ഈ രംഗത്തെ ആദ്യത്തെ സർക്കാർ സംരംഭം. ഏലൂർ വടക്കുംഭാഗം പാടശേഖരത്തിലെ 30.54 ഹെക്ടർ നെൽകൃഷിക്കാണ് ഈ പദ്ധതി വഴി ജലസേചനം ഏർപ്പെടുത്തിയിട്ടുള്ളത്. കർഷകരുടെ കൈവശമുള്ള 200 പമ്പുസെറ്റുകൾ ഉപയോഗിച്ച് 50.62 ഹെക്ടർ തെങ്ങുകൃഷിക്ക് ജലസേചനം നടത്തുന്നുണ്ട്. ആധുനിക സങ്കേതങ്ങളിൽപെടുന്ന കണിക ജലസേചനവും പ്രയോഗത്തിലായിട്ടുണ്ട്. എന്നാൽ ആകെയുള്ള വിസ്തൃതിയുടെ 10% സ്ഥലത്തു മാത്രമേ ഇപ്പോൾ ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. ഈ രംഗത്ത് ഇനിയും പുരോഗതി കൈവരിക്കേണ്ടതായുണ്ട്.

### കാർഷിക ഉപകരണങ്ങൾ

കാർഷിക രംഗത്ത് യന്ത്രവൽക്കരണം പ്രയോഗത്തിൽ ഉണ്ടെങ്കിലും ഈ രംഗത്ത് വളരെയധികം പുരോഗതി കൈവരിക്കേണ്ടതുണ്ട്. ഇപ്പോൾ ഉഴവിനും മറ്റ് ആവശ്യങ്ങൾക്കുമായി 8റോക്കർ സ്പ്രെയറുകളും, 6 കുറ്റിപ്പമ്പുകളും, കൂടാതെ ഒരു മെതിയന്ത്രവും, 7 തെങ്ങുകയറ്റ യന്ത്രങ്ങളും, 6 പോർട്ടബിൾ പമ്പ് സെറ്റുകളും ലഭ്യമാണ്.

### വളം ഉപഭോഗം

ആവശ്യമുള്ള ജൈവവളങ്ങളുടെ 10% പോലും കൃഷിയിടങ്ങളിൽ പ്രയോഗിക്കപ്പെടുന്നില്ല. ജൈവവളങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ രാസവളത്തിൻെറ ഉപഭോഗം കൂടുതലാണ്. ഒരുവർഷം ഏകദേശം 25-ടൺ രാസവളങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ട്. രണ്ട് രാസവള വിൽപ്പന കേന്ദ്രങ്ങളാണ് ഇവിടെയുള്ളത്. ഏലൂർ സഹകരണ ബാങ്കിൻെറ വിൽപ്പന കേന്ദ്രവും F.A.C.T. ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ വിൽപ്പന കേന്ദ്രവുമാണ് അവ.

## കാർഷിക വായ്പാ സ്ഥാപനങ്ങൾ

കാർഷിക വായ്പകൾക്ക് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത്, ഏലൂർ സർവ്വീസ് സഹകരണ ബാങ്കിനെയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ദേനാ ബാങ്ക് മുതലായ പൊതുമേഖലാബാങ്കുകളും ഈരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

## വിപണനം

കാർഷിക സംസ്കരണ വിപണന കേന്ദ്രങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. പ്രധാന ഉൽപ്പന്നമായ നാളികേരത്തിന്റെ വിപണനം ഇടത്തട്ടുകാർ വഴിയാണ്. മറ്റ് കാർഷികോൽപന്നങ്ങളുടെ (വാഴക്കുലകൾ, പച്ചക്കറികൾ മുതലായവ) വിപണനത്തിന്, ആലുവ, എറണാകുളം മാർക്കറ്റുകളെയാണ് കർഷകർ ആശ്രയിക്കുന്നത്.

## കാർഷികബന്ധങ്ങൾ

വ്യവസായശാലകൾ ആരംഭിക്കുകയും ജനസാന്ദ്രത ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തതോടുകൂടി ഭൂമി തുണ്ടുവൽക്കരിക്കപ്പെടുകയും ആകെയുള്ള കൃഷിയിടങ്ങളുടെ 80% 0.1 ഹെക്ടറിൽ താഴെയുള്ളവയാവുകയും ചെയ്തു. 9301 കുടുംബങ്ങളിൽ 5309 കർഷക കുടുംബങ്ങളാണുള്ളത്. ഇതിൽ 5264 ഉം നാമമാത്ര കർഷക കുടുംബങ്ങളാണ്. ഇതിൽ 10% കർഷകർ പോലും മുഴുവൻ സമയവും ഭൂമിയിൽ പണിയെടുക്കുന്നില്ല. തൊഴിലാളികൾ നാമമാത്രമാണ്.

കർഷക തൊഴിലാളികളുടെ ദിവസക്കൂലി താഴെ പറയുംപ്രകാരമാണ്.

### വേതന വ്യവസ്ഥ

| ജോലി സ്വഭാവം | പുരുഷൻ | സ്ത്രീ |
|---|---|---|
| ഉഴവ് | 100 രൂ. (4 മണിക്കൂർ) | - |
| കിളക്കൽ | 125 രൂ. (8 മണിക്കൂർ) | - |
| ഞാറുനടീൽ | (ഭക്ഷണവും) | 50 രൂ |
| കളപറി | (ഭക്ഷണവും) | 50 രൂ |
| കൊയ്ത്ത് | " | 50 രൂ |
| മെതി | " | " |
| തേങ്ങയിടൽ | 150 രൂ | - |
| വളപ്രയോഗം | 100 രൂ | - |
| കീടനാശിനി തളിക്കൽ | 100 രൂ | - |

### കർഷകസംരംഭങ്ങൾ

പഞ്ചായത്തിൽ എട്ട് പാടശേഖര നെല്ലുൽപ്പാദക സമിതികളും ഒരു കേരവികസന സമിതിയും ഉണ്ട്. നെൽകൃഷി നാമമാത്രമായതോടുകൂടി പല നെല്ലുൽപ്പാദക സമിതികളും പ്രവർത്തിക്കുന്നില്ല. നെൽകൃഷി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്താൽ സമിതികൾ പ്രവർത്തിക്കാൻ തയ്യാറാണ്. സർക്കാർ സബ്സിഡികൾ കേരകർഷകർക്ക് നൽകുന്നതിന് കേരവികസന സമിതി സഹായിക്കുന്നുണ്ട്.

| പദ്ധതിയുടെ പേര് | നടപ്പിലാക്കിയ എണ്ണം | നൽകിയ ധനസഹായം | ഉദ്ദേശ ലക്ഷ്യം |
|---|---|---|---|
| 1. ജൈവവളവികസനം | | | |
| 1. കമ്പോസ്റ്റ് നിർമ്മാണം | 50 pits | @ Rs. 25/- per pit | |
| 2. പച്ചില വളവിത്ത് വിതരണം | 750 kg | @ Rs. 3 per kg | |
| 3. ബയോഫെർട്ടിലൈസർ ഡമോൺസ്ട്രേഷൻ | 3 Nos. | 1500.00 | |
| 2. ബയോഗ്യാസ് വികസന പദ്ധതി | 4 Nos. | 9600.00 | |
| 3. ഊർജ്ജിത സുഗന്ധവിള വികസന പദ്ധതി | 3000 കുരുമുളകു വള്ളികൾ | സൗജന്യനിരക്കിൽ | 53 കൃഷിക്കാർക്ക് |
| 4. പ്രത്യേക ഘടക പദ്ധതി | | | |
| 1. രാസവള വിതരണം | | 4452.00 | 371 തെങ്ങുകൾക്ക് |
| 2. നടീൽ വസ്തുക്കളുടെ വിതരണം | 1.തെങ്ങിൻതൈ-350<br>2.മംഗള അടക്കതൈ- 552<br>3. ഒട്ടുമാവ്തൈ-26<br>4. കുരുമുളക്വള്ളി-3003 | | നാറാണത്ത് പരപ്പത്ത് പള്ളിപുറംചാൽ മുട്ടാട്ടുതറ അംബേദ്കർ മുതലായ കോളനികളിൽ |
| 5. നെല്ലുൽപാദനബോണസ്സ് | 100 Ha | 25000.00 സബ്സിഡി | 119 കർഷകർക്ക് നൽകി |
| 6. വിള ഇൻഷ്വറൻസ് | - | - | 110 കർഷകരെ അംഗങ്ങളാക്കി |
| 7. സമഗ്ര നാളികേര വികസനപദ്ധതി | | | |
| 1. രാസവളങ്ങൾ<br>5 Palm - 340<br>10 " - 518<br>20 " -180 | | | 245 കർഷകർക്ക് രാസവളം നൽകി 9880 തെങ്ങുകൾക്ക് രാസവളം നൽകി |
| 2. കിണർ നിർമ്മാണം | 14 | 30800.00 | |
| 3. പമ്പ് സെറ്റ് | 13 | 25000.00 | |
| 4. ഫിൽറ്റർ പോയിൻറ് ട്യൂബ്വെൽ | 3 | 1800.00 | |
| 5. റോക്കർ സ്പ്രെയർ | 3 | 3000.00 | |
| 6. തെങ്ങുകയറ്റ യന്ത്രം | 4 | 2000.00 | |
| 7. ഹരിജനങ്ങൾക്ക് കിണർ | 1 | 10000.00 | |
| 8. മൾട്ടിസ്പീഷീസ് ക്രോപ്പിംഗ് | 10 Ha | 2000.00 | |
| 9. കാറ്റുവീഴ്ച ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ | 520തെങ്ങ് | 1,04000.00<br>520 തെങ്ങിൻ തൈകൾ@ Rs.10 | 94 കർഷകർ |
| 8. റെജിസ്ട്രേഡ് വിത്തുൽപാദന പദ്ധതി | 2.5 Ha | 7050.00 | 3.75 ടൺ വിത്തുൽപ്പാദിപ്പിച്ചു. |
| 9. ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി | | | |
| 1. പച്ചക്കറി കൃഷി | 2 Nos. | 5000.00 | |
| 2. കുറ്റിമുല്ലകൃഷി | 2യൂണിറ്റ് | 2000.00 | 10 യൂണിറ്റ് |
| 3. മിനി നഴ്സറി | 1 No. | 5000.00 | |
| 4. ഇളനീർ പാർലർ | 1 No. | 5000.00 | |
| 5. സസ്യ സംരക്ഷണ സ്ക്വാഡ് | 1 No. | 2500.00 | |
| 6. പച്ചക്കറി വിൽപ്പനക്ക് മൊബൈൽ വണ്ടി | 1 No. | 5000.00 | |
| 7. കറവമാടുകൾക്ക് മിനറൽ മിക്സ്ചർ | 6 Nos. | - | |
| 8. സാനിറ്ററിമിൽക്കിംഗ് പെയ്ൻ | 6 Nos. | | |
| 9. കാലിത്തൊഴുത്ത് | 2 Nos. | | |

*കാർഷികമേഖലയിലെ അടിയന്തിര പ്രാധാന്യം അർഹിക്കുന്നതും ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞു വന്നതുമായ പ്രശ്നങ്ങൾ താഴെ പ്രതിപാദിക്കുന്നു.*

1. നിലവിലുള്ള തോടുകളും കുളങ്ങളും വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുകയും, കൃഷി ചെയ്യാത്തനെൽപ്പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യുക. പാടശേഖരങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2. തരിശായി കിടക്കുന്ന കൃഷിഭൂമി ഭൂവുടമകളിൽനിന്നും കൃഷി ചെയ്യുവാൻ സന്നദ്ധരായ കർഷകർക്ക് പാട്ട വ്യവസ്ഥയിൽ കിട്ടുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് ചെയ്യുക.

3. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുക.

4. ജൈവവളത്തിന്റെ ഉൽപ്പാദനവും വിതരണവും പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.

5. ജൈവവളങ്ങളും, രാസവളങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

6. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുകയും അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക. തെങ്ങ് വെട്ടിമാറ്റുവാനുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കുക.

7. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

8. ജലസേചന ആവശ്യത്തിന് കിണർ നിർമ്മിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് അർഹത നേടുന്നതിനുള്ള സ്ഥലപരിമിതി 30 സെൻറിൽ നിന്നും 10 സെൻറായി കുറയ്ക്കുകയും, സബ്സിഡി 50% ആയി വർദ്ധിപ്പിക്കുകയും ചെയ്യുക.

9. ജലസേചന സൗകര്യം കുറവുള്ളതും മറ്റ് കൃഷിക്ക് അനുയോജ്യമല്ലാത്തതുമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുക.

10. മണ്ണ് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

11. കന്നുകാലി ശല്യം മൂലം കൃഷി നശിക്കുന്നത് തടയാൻ നടപടി കൈക്കൊള്ളുക. ഇതിനായി പൗണ്ട് പണിയുകയും. ശമ്പള നിരക്കിൽ ജോലിക്കാരെ നിയമിക്കുകയും ചെയ്യുക.

12. വിത്ത്, വളം മുതലായവ കമ്പനികളുടെ സഹായത്തോടെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

13. കാർഷിക വൃത്തിയിലേക്ക് തൊഴിലാളികളെ പഞ്ചായത്ത് രജിസ്റ്റർ ചെയ്യുക. ഇവരുടെ സേവനം യഥാസമയം കൃഷി ജോലികൾക്ക് ലഭ്യമാക്കുക.

14. പുറംപോക്ക് ഭൂമി കൈവശപ്പെടുത്തിയവരിൽ നിന്നും തിരികെ വാങ്ങുക.

15. കാർഷികോൽപ്പന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കാൻ സംവിധാനം ഉണ്ടാക്കുക.

16. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ വിത്തും വളങ്ങളും പഞ്ചായത്ത് വഴി ലഭ്യമാക്കുക.

17. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

18. ശാസ്ത്രീയകൃഷി രീതികളെക്കുറിച്ച് ബോധവൽകരണം നടത്തുക.

19. നെല്ലുൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

20. കർഷകർക്ക് അവാർഡുകൾ നൽകുക.

21. കൃഷിഭവന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, അതുവഴി നൽകുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. കൃഷിഭവന്റെ സേവനം കൂടുതൽ ലഭ്യമാക്കുക.

22. കൃഷി പരിപോഷിപ്പിക്കുന്നതിന് അവശ്യംവേണ്ട നടപടികൾ പഞ്ചായത്ത് കൈകൊള്ളുക.

*വാർഡുകളിൽ നടപ്പിലാക്കേണ്ട പദ്ധതിയുടെ വിവരങ്ങൾ*

1. 1-ാം വാർഡ്, ഏലൂർ വടക്കുംഭാഗം പാടശേഖരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ പനച്ചിത്തോട് വൃത്തിയാക്കി പുഴയിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുകയും, തോടു വഴി മലിനജലം ഒഴുകുന്നത് തടയുകയും ചെയ്യുക.

2. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ ബണ്ട് ഒരു വശത്തേക്ക് മാറ്റി ബാക്കിയുള്ള സ്ഥലം സഞ്ചാരയോഗ്യമാക്കുക.

3. രണ്ടാം വാർഡിലെ പെരിനാൽകുളം വെട്ടി കൃഷിക്ക് ഉപയോഗ്യമാക്കുക.

4. സബ്സിഡി നിരക്കിൽ വടക്കുംഭാഗം പാടശേഖരത്തിന് വേണ്ടി ഒരു ടില്ലർ ലഭ്യമാക്കുക.

5. രണ്ടാം വാർഡിൽ മൈനർ ഇറിഗേഷൻ പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥലം ഒരു സ്വകാര്യവ്യക്തി അടച്ചു കെട്ടിയിരിക്കുകയാണ്. കർഷകർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ഇതുമായി ബന്ധപ്പെടുവാനുള്ള സൗകര്യം ചെയ്യുക.

6. 3-ാം വാർഡിൽ കോതേരിപ്പാടം റോഡിന്റെ കൈവഴി, ഉന്തിത്തോട് എന്നിവ താഴ്ത്തി, സെഡ് വാൾ കെട്ടുക.

7. 3-ാം വാർഡിലെ പാറക്കുളങ്ങൾ നന്നാക്കി കൃഷിക്ക് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

8. 4-ാം വാർഡിലെ വലിയ ചാൽ പാടശേഖരത്തിലുള്ള പുന്നന്തുരുത്തി തോടിന്റെ ഇരുവശവും കെട്ടി ആഴംകൂട്ടി നീർവാഴ്ച ഉണ്ടാക്കുകയും ചീപ്പ് സ്ഥാപിക്കുകയും ചെയ്യുക.

9. വലിയ ചാൽ പാടത്തേക്ക് ടില്ലർ കൊണ്ടു പോകുന്നതിന് വി.എസ്. പരമേശ്വരൻനായർ റോഡ് വികസിപ്പിക്കുക.

10. 5-ാം വാർഡിലേക്കുള്ള ഈരേഴിച്ചാല് പുഞ്ചയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി തെക്കേ പുഴവരെ തോട് ആഴംകൂട്ടുകയും, ആവശ്യമായ വീതി കൂട്ടി ഇരുവശവും സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

11. **I.A.C., T.C.C.** എന്നീ കമ്പനികളിലെയും, **I.A.C.** ലേബർ ക്വോർട്ടേഴ്സുകളിലെയും മലിനജലം പാടത്തേക്ക് ഒഴുകുന്നത് തടയുക.

12. ജലസേചനത്തിനായി വലിയ ചാലിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.

13. വലിയചാൽ തോടിന്റെ കിഴക്ക്വശം, പള്ളിവക സെമിത്തേരിക്ക് എടുത്തിട്ടുള്ള സ്ഥലത്തിൽ നിന്നും പഞ്ചായത്ത്, 12 ലിംഗ്സ് സ്ഥലം വഴിയ്ക്കായി വാങ്ങി ഗതാഗതസൗകര്യം ഏർപ്പെടുത്തുക.

14. 7-ാം വാർഡിന്റെ കിഴക്കുവശത്തേക്ക് ആവശ്യമായ ജലസേചനപദ്ധതി നടപ്പിലാക്കുക.

15. 8-ാം വാർഡിലെ ആരോഗ്യത്തിന് ഹാനികരമായ അക്കേഷ്യതോട്ടം നശിപ്പിച്ച് പച്ചക്കറി തോട്ടം നിർമ്മിക്കുക.

16. ജലസേചന സൗകര്യം കുറവായതിനാൽ 10-ാം വാർഡിന്റെ കിഴക്കുഭാഗത്തുള്ള ആറാട്ടുകടവിൽ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം ചെയ്യുക.

17. 11-ാം വാർഡിലെ എടമ്പാടത്തുള്ള പഞ്ചായത്ത് വക കുളം താഴ്ത്തി ഉപയോഗപ്രദമാക്കുക.

18. 12-ാം വാർഡിലെ കാപ്രോലാക്ടം പ്ലാന്റ് നിർമ്മാണത്തിനായി നികത്തിയ എടമ്പാടം തോട് പുനസ്ഥാപിക്കുക.

19. 13-ാം വാർഡിലെ മാടപ്പാട്ട്, ഏലൂർ ചൗക്ക എന്നിവിടങ്ങളിൽ വേണ്ടത്ര തോടുകളും കാനകളും ഉണ്ടാക്കി നീർക്കെട്ട് പരിഹരിക്കുക.

20. 4-ാം വാർഡിൽ തേനംകുടി പാടശേഖരവും, 8-ാം വാർഡിലെ അഞ്ച് ഏക്കറോളം വരുന്ന ചതുപ്പുനിലവും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.

21. 7-ാം വാർഡിലെ പുഞ്ചയുടെ നടുക്ക് കിടക്കുന്ന തോട് താഴ്ത്തുക. ഇരുവശവും കരിങ്കല്ല് കെട്ടി തോട് സംരക്ഷിക്കുക. ഇരുകരകളിൽ കൂടിയും ട്രാക്ടർ, ട്രില്ലർ എന്നിവ പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

22. 8-ാം വാർഡിന്റെ കിഴക്കുഭാഗത്തുള്ള തോടും, കൈത്തോടുകളും നന്നാക്കി നീരൊഴുക്ക് ക്രമീകരിച്ച് കൃഷിക്ക് ഉപയുക്തമാക്കുക. ഈ ഭാഗത്ത് അനുയോജ്യമായ സ്ഥലത്ത് കുളം കുഴിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുക.

23. 9-ാം വാർഡ് പണ്ടാരം ചാൽ, ജിപ്സംയാഡിൽ നിന്നും ഒഴുകിവരുന്ന വെള്ളവും C.I.S.F. ബാരക്കിൽ നിന്നും പുറംതള്ളപ്പെടുന്ന മലിനജലവും, ഫാക്ട് ക്വോർട്ടേഴ്സുകളിൽ നിന്നും പുറംതള്ളുന്ന മലിനജലവും കുണ്ടാപ്പാടം തോടുവഴി പുഴയിൽ ചെന്ന് ചേരുകയാണ്. ഈ തോട് ആഴം കൂട്ടി ഇരുവശവും കെട്ടി ബലപ്പെടുത്തേണ്ടതാണ്. കുണ്ടാപ്പാടം കൃഷിക്ക് അനുയോജ്യമായ വിധത്തിൽ ജലസേചന സൗകര്യം ഉണ്ടാക്കേണ്ടതാണ്.

24. 10-ാം വാർഡിൽ അയ്യംകുളം താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

കൃഷിവകുപ്പ് വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കിയെങ്കിലും കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായവ ഏലാ വികസന പദ്ധതിയും പരിശീലന സന്ദർശന പരിപാടിയുമായിരുന്നു. വിവിധ വിളകൾക്ക് അനുവർത്തിക്കേണ്ട ശാസ്ത്രീയപരിചരണ മുറകളെക്കുറിച്ച് ഒരളവുവരെ കർഷകരെ ബോധവാൻമാരാക്കാൻ ഉപകരിച്ച പദ്ധതിയായിരുന്നു പരിശീലന സന്ദർശന പരിപാടി.

ഒരു പഞ്ചായത്തിന് ഒരു കൃഷി ഓഫീസ് എന്ന അടിസ്ഥാനത്തിൽ 1987 സെപ്റ്റംബർ ഒന്നിന് ഏലൂർ കൃഷിഭവൻ നിലവിൽ വന്നു.

നടപ്പു പഞ്ചവത്സര പദ്ധതിയിൽ കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തെങ്ങ്, നെല്ല്, പച്ചക്കറികൾ മുതലായ കൃഷികളുടെ വികസനത്തിനും പ്രോത്സാഹനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

നെൽകൃഷിവികസനത്തിന് നടപ്പിലാക്കിയ പദ്ധതികളിൽ പ്രധാനം, ഗ്രൂപ്പ് ഫാമിംഗ്, ഊർജിത നെൽകൃഷിവികസന പരിപാടി(ഐ.പി.ആർ.ഡി.) മുതലായവയായിരുന്നു. പാടശേഖരാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട നെല്ലുത്പാദനസമിതികൾക്കോ സമിതി അംഗങ്ങൾക്കോ ആണ് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ഏലൂർ പഞ്ചായത്തിലെ പാടശേഖര നെല്ലുത്പാദക സമിതികൾ വഴി പവർടില്ലറുകൾ, മെതിയന്ത്രം, സസ്യസംരക്ഷണ ഉപകരണങ്ങൾ മുതലായവയും, ഉത്പാദനോപാധികളായ വിത്ത്, കുമ്മായം, കളനാശിനികൾ, കീടനാശിനികൾ, മുതലായവയും സൗജന്യനിരക്കിൽ നൽകിയിട്ടുണ്ട്.

തെങ്ങിന് നടപ്പാക്കിയ പദ്ധതികളിൽ പ്രധാനം 92-93, 93-94, വർഷങ്ങളിൽ നടപ്പാക്കിയ ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതിയും, നിലവിലുള്ള സമഗ്ര നാളികേര വികസന പരിപാടിയുമാണ്. ഈ പദ്ധതികൾ വഴി തെങ്ങിന് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിണർ നിർമ്മാണത്തിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും സസ്യസംരക്ഷണ ഉപകരണങ്ങൾ, തെങ്ങുകയറ്റയന്ത്രം മുതലായവ വാങ്ങുന്നതിനും സബ്സിഡി നൽകുന്നുണ്ട്. പദ്ധതിപ്രകാരം തെങ്ങിൻതൈകൾ മഗ്നീഷ്യം സൾഫേറ്റ് മുതലായവ സൗജന്യ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

പച്ചക്കറി കൃഷി വികസനത്തിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ പ്രധാനം സ്കൂൾ കുട്ടികൾക്ക് കൃഷിയിൽ ആഭിമുഖ്യം ഉണ്ടാക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികളാണ്. വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് യു.പി, ഹൈസ്കൂൾ തലങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്തുകൾ നൽകുകയും, ഏറ്റവും നല്ല തോട്ടങ്ങൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി 92-93 മുതൽ 95-96 വരെ നടപ്പിലാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ, മഹിളാ സമാജങ്ങൾ എന്നിവ വഴിയും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ഉൽപ്പാദനോപാധികൾ സൗജന്യ നിരക്കിൽ നൽകിയിട്ടുണ്ട്.

ഹരിജനങ്ങൾക്കായി പ്രത്യേക ഘടകപദ്ധതി, ബയോഗ്യാസ്‌വികസനപദ്ധതി, നെല്ല്, പയറ് മുതലായവയ്ക്കുള്ള മിനികിറ്റ് പദ്ധതി, ജൈവവള നിർമ്മാണ വികസനത്തിന് പച്ചിലവളച്ചെടികളുടെ വിതരണം കമ്പോസ്റ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കൽ, ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, കണികജലസേചനപദ്ധതി തുടങ്ങിയവയും കൃഷിഭവൻ വഴി നടപ്പിലാക്കുന്നു.

നെൽകൃഷി ചെയ്യുന്ന കർഷകർക്ക് രാസവള സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. നെൽകൃഷിക്കാവശ്യമായ വിത്ത് പാടശേഖരാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നതിനുതകുന്ന രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയും നിലവിലുണ്ട്.

കുടാതെ വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്കെത്തിച്ചു കൊടുക്കുന്നതിലും കൃഷിഭവൻ മുഖ്യപങ്കു വഹിക്കുന്നു. "റോസ്-അഗ്രി ഹോർട്ടി നഴ്സറി" എന്ന സർക്കാർ അംഗീകൃത നഴ്സറിയും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

ഇങ്ങനെ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പല പദ്ധതികളും കർഷകർക്ക് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാറില്ല.

കാർഷിക രംഗത്തെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളെക്കുറിച്ച് പ്രതിപാദിച്ചു കഴിഞ്ഞു പ്രധാന വിളകളായ തെങ്ങിൻെറയും നെല്ലിൻെറയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞുകൊണ്ടിരിക്കുന്നു. നിലവിലുള്ള തരിശുനിലങ്ങൾ കൃഷിക്കുപയുക്തമാക്കിയും തെങ്ങിൻ തോപ്പുകളിൽ ഇടവിളകൾ കൃഷി ചെയ്ത് വിള സാന്ദ്രത വർദ്ധിപ്പിച്ചും ഈ രംഗത്ത് മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

ഏലൂർ വടക്കുംഭാഗം, കുണ്ടാപ്പാടം, വലിയചാൽ എന്നീ പാടങ്ങൾ ഉൾപ്പെടുന്ന 80 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി നിലവിലുള്ളത്. എല്ലാ പാടശേഖരങ്ങളും നികത്തൽ ഭീഷണി നേരിടുകയാണ്. ഇഷ്ടികക്കളങ്ങളായി മാറിയ പാടശേഖരങ്ങളുമുണ്ട്. മഞ്ഞുമ്മൽ തെക്കും 7-ാം വാർഡിലെ പുഞ്ചയും ഉൾപ്പെടുന്ന 55 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നാമമാത്രമാണ്. 5,7,8 വാർഡുകളിലായി 135

ഹെക്ടർ വിസ്തൃതിയുള്ള ഏലൂർ കിഴക്കുംഭാഗം പാടശേഖരങ്ങളിലും 11,12 വാർഡുകളിലായി 45 ഹെക്ടർ വിസ്തൃതിയുള്ള മുട്ടാട്ടുതറ പാടശേഖരത്തിലും നെൽകൃഷി നിശ്ശേഷം ഇല്ലാതായി. ഈ പാടശേഖരങ്ങൾ കൃഷിയോഗ്യമല്ലെങ്കിൽ മത്സ്യകൃഷി ചെയ്യാൻ യോജിച്ചതാണോ എന്ന് പരിശോധിക്കുന്നത് നന്ന്.

മുകളിൽ പറഞ്ഞിട്ടുള്ള പാടശേഖരങ്ങൾ പരിശോധിച്ച് യുക്തമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകി നെൽകൃഷി പുനരാരംഭിക്കുകയോ, അനുയോജ്യമായ മറ്റു കൃഷികൾ നടത്തുകയോ ചെയ്യേണ്ടതാണ്.

നിലവിലുള്ള 445 ഹെക്ടർ തെങ്ങിൻ പുരയിടങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം ഇടവിള കൃഷികൾക്ക് ഉപയോഗപ്രദമാക്കാവുന്നതാണ്. ഇടവിളകളായ കുരുമുളക്, വാഴ, ജാതി, ഗ്രാമ്പു, കിഴങ്ങു വർഗ്ഗങ്ങൾ, പൈനാപ്പിൾ, പച്ചക്കറികൾ, ഔഷധച്ചെടികൾ മുതലായവ കൃഷി ചെയ്യുവാനുള്ള സാധ്യതകൾ ധാരാളമുണ്ട്.

ആന്തൂറിയം, ഓർക്കിഡുകൾ തുടങ്ങിയ അലങ്കാരച്ചെടികളുടെ കൃഷി, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയവയുടെ വികസനത്തിനും സാധ്യതകൾ ഉണ്ട്.

ജലദൗർലഭ്യം അനുഭവപ്പെടുന്ന ഉയർന്ന പ്രദേശങ്ങളുള്ള 5,7,10,11,13 വാർഡുകളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ കശുമാവ് പോലുള്ള കൃഷികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

അതോടൊപ്പം പഞ്ചായത്തിലെ ജൈവവൈവിധ്യം കണ്ടെത്താനും, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും, ജൈവവള ഉൽപ്പാദനത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകണം.

# മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം

വൻകിട വ്യവസായശാലകൾ ആരംഭിക്കുന്നതിനുമുൻപ് ഏലൂർപഞ്ചായത്ത് കാർഷിക ഗ്രാമമായിരുന്നു. കൃഷി, കന്നുകാലി, കോഴിവളർത്തൽ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വ്യവസ്ഥിതിയാണ് നിലവിലുണ്ടായിരുന്നത്. വിശാലമായ ഭൂപ്രദേശവും അനുകൂലമായ മറ്റുഘടകങ്ങളുമാണ് മൃഗ സംരക്ഷണ-ക്ഷീരവികസന പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകിയിരുന്നത്.

വ്യവസായ വൽക്കരണത്തിൻെറ ആരംഭത്തോടുകൂടി ജനങ്ങളുടെ സാമ്പത്തിക നില ഉയർന്നു. ഭൂരിഭാഗം ഭൂമിയും വ്യവസായശാലകളുടെ അധീനതയിലായി. ജനസാന്ദ്രത വർദ്ധിച്ചു. ശേഷിക്കുന്ന ഭൂമി വിഭജിക്കപ്പെട്ടു. അങ്ങനെ കന്നുകാലികളെ മേയ്ക്കാൻ വിടുന്ന സമ്പ്രദായം ഇല്ലാതായി. ഈ വ്യവസായം ലാഭകരമല്ലാത്തിനാൽ കർഷകർ സാവധാനം ഈ രംഗത്തുനിന്ന് പിൻവലിഞ്ഞ് മറ്റ് വ്യവസായ മേഖലകളിലേക്കു കടന്നുകയറി.

പശു, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. കോഴിവളർത്തലും നിലവിലുണ്ട്. പശു, കാള, എരുമ, ആട് എന്നീ പരമ്പരാഗത വളർത്തു മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാളകൾ പൂർണ്ണമായും ഇല്ലാതായി. നെൽകൃഷി കുറഞ്ഞുവന്നതാണ് കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം ക്ഷയിച്ചതിൻെറ കാരണം. ഇപ്പോഴുള്ള കന്നുകാലികളിൽ അധികവും അത്യുദ്പാദന ശേഷിയുള്ള സങ്കരയിനമാണ്.

13-ാം വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയാണ് കർഷകരുടെ ഏക ആശ്രയകേന്ദ്രം. പാരമ്പര്യരീതിയിലുള്ള ഇണചേരൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഏറെ കുറവാണ്.

## ക്ഷീരവികസനം

ബ്ലോക്ക് അടിസ്ഥാനത്തിൽ ആലുവയിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസാണ് ഈ പഞ്ചായത്തിലെ ക്ഷീരവികസനപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ക്ഷീരവികസനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറയാനാവില്ല. പഞ്ചായത്തിൽ മഞ്ഞുമ്മൽ ആസ്ഥാനമായും ഏലൂർ തെക്കുംഭാഗം ആസ്ഥാനമായും രണ്ട് ക്ഷീരസഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഇതിലൊന്ന്

### വളർത്തുമൃഗ സംഖ്യ

| | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | NIL | NIL | NIL | NIL | 6 | 2 | 30 | 10 | NIL | NIL | NIL | 71 | 26 | NIL |
| II | • | • | 1 | • | 3 | 1 | 40 | 15 | • | • | • | 47 | 9 | NIL |
| III | • | • | 1 | • | 2 | 1 | 35 | 10 | 3 | • | 2 | 30 | 17 | 2 |
| IV | • | • | NIL | • | NIL | NIL | 10 | 3 | NIL | • | NIL | 6 | 7 | NIL |
| V | • | • | 2 | • | 2 | • | 30 | 15 | • | • | • | 29 | 21 | • |
| VI | • | • | NIL | • | 3 | 1 | 17 | 3 | • | • | • | 20 | 14 | • |
| VII | • | • | • | • | 2 | 1 | 28 | 11 | 10 | • | • | 32 | 7 | • |
| VIII | • | • | • | • | NIL | NIL | 15 | 6 | NIL | • | • | 12 | 9 | • |
| IX | • | • | • | • | 1 | • | 20 | 7 | • | • | • | 17 | 21 | • |
| X | • | • | • | • | 2 | 1 | 25 | 10 | • | • | • | 25 | 14 | • |
| XI | • | • | • | • | 3 | 1 | 30 | 10 | • | • | • | 32 | 24 | • |
| XII | • | 1 | • | • | 1 | NIL | 28 | 4 | • | • | • | 28 | 25 | • |
| XIII | • | • | • | • | 2 | 1 | 20 | 6 | • | • | • | 10 | 17 | • |

# വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 20 | 120 | 40 | 5 | 25 | |
| II | 30 | 100 | 33 | 10 | 40 | |
| III | 20 | 180 | 20 | - | - | |
| IV | 3 | 10 | 4 | - | - | |
| V | 15 | 115 | 15 | - | - | |
| VI | 6 | 40 | 7 | - | - | |
| VII | 20 | 170 | 30 | - | - | |
| VIII | 7 | 60 | 5 | - | - | |
| IX | 11 | 60 | 16 | - | - | |
| X | 25 | 120 | 40 | - | - | |
| XI | 14 | 90 | 30 | - | - | |
| XII | 19 | 80 | 20 | - | 2 | |
| XIII | 12 | 60 | 20 | - | - | |

നഷ്ടത്തിലാണ്. ഇതിനുകാരണം ഉല്പാദനച്ചെലവിനു അനുസൃതമായി ഉല്പാദകർക്ക് വില ലഭിക്കാത്തതാണ്. സ്വകാര്യ പാൽവിതരണക്കാർ കുറഞ്ഞ വിലയ്ക്ക് ഉല്പാദകരിൽനിന്നും പാൽ സംഭരിച്ച് ഗുണനിലവാരം കുറച്ച് കൂടിയവിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകിവരുന്നു. കാലിത്തീറ്റയുടെ ദൗർലഭ്യമാണ് കർഷകർ നേരിടുന്ന മറ്റൊരു പ്രശ്നം. നെൽകൃഷി കുറഞ്ഞതോടെ വൈക്കോൽ ലഭ്യത കുറഞ്ഞു. പുറത്തു നിന്നെത്തുന്ന വൈക്കോലിനെ ആശ്രയിക്കേണ്ടിവരുന്നു.

ഇറച്ചിക്കോഴികളെ ലാഭകരമായി വളർത്തുന്ന രണ്ടു യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ വ്യാവസായികമായി മുട്ടക്കോഴികളെ വളർത്തുന്ന യൂണിറ്റുകൾ ഇല്ല.

പേപ്പട്ടി ശല്യം ചിലഭാഗങ്ങളിൽ ഉണ്ടാകാറുണ്ട്. ഏലൂർ ദ്വീപ് ആയതുകൊണ്ട് പേവിഷബാധ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കാനാകും.

## മത്സ്യബന്ധനം

പെരിയാർ നദി (ആലുവാപ്പുഴ)യുടെ കൈവഴികളാൽ ചുറ്റപ്പെട്ട് വരാപ്പുഴ കായൽപ്പരപ്പുമായി ചേർന്നു കിടക്കുന്ന പ്രദേശമാണല്ലോ ഏലൂർ. ഒരുകാലത്ത് ഏറ്റവും വലിയ ജലസമ്പത്തുള്ള പ്രദേശമായിരുന്നു ഇത്. മത്സ്യബന്ധനം ജീവിതോപാധിയാക്കിയ പലരും ഇവിടെയുണ്ടായിരുന്നു. എന്നാൽ വ്യവസായശാലകളിൽ നിന്നു പുറം തള്ളുന്ന മാലിന്യങ്ങൾ കലർന്ന് ജലസമ്പത്ത് പാടേ ഉപയോഗശൂന്യമായി. കരിമീൻ, കണമ്പ്, വാലാൻകണ്ണി, തിരുത, കൂരി, ചെമ്മീൻ എന്നീ വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങൾ ഇവിടെ നിന്നു ലഭിച്ചിരുന്നു. Integrated fisheries ൻെറ കച്ചവടകേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ പുറത്തു നിന്നെത്തുന്ന മത്സ്യങ്ങളാണ് വലിയവിലയ്ക്ക് അവിടെ വിറ്റഴിക്കുന്നത്. മൂന്നു മത്സ്യ വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## പേവിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | – | – | – | 220 | – | – |
| കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 3 | – | 2 | – | – | – |

### പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മുഴുവൻ കർഷകരെയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിച്ച് പാൽ സംഭരണവും മൃഗസംരക്ഷണവും പ്രോത്സാഹിപ്പിക്കുക.

2. മാതൃകാ ക്ഷീരോല്പാദക യൂണിറ്റുകൾ വാർഡ് അടിസ്ഥാനത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ മറ്റുകൃഷികൾക്ക് ഉപയുക്തമല്ലാത്ത പൊതുസ്ഥലങ്ങൾ, സ്വകാര്യസ്ഥലങ്ങൾ എന്നിവ വാടകയ്ക്കെടുത്ത് അത്യുല്പാദനശേഷിയുള്ള തീറ്റപ്പുൽ കൃഷി ആരംഭിച്ച് ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിന് വിതരണം ചെയ്യുക.

4. കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിക്കുക

5. ആടുകളുടെ വർഗോദ്ധാരണം ലക്ഷ്യമാക്കി 'ജമുനപ്യാരി' 'മലബാറി', വർഗ്ഗത്തിൽപ്പെട്ട മുട്ടനാടുകളെ ഓരോ വാർഡിലും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ലഭ്യമാക്കുക.

6. ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് സ്ഥല ലഭ്യതയ്ക്കനുസൃതമായി ആട്, കോഴി വളർത്തൽ പദ്ധതികൾ ആരംഭിക്കുക

7. ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാൻ ഡ്രം ടൈപ്പ് മാറ്റി ഇഷ്ടിക നിർമ്മിതമായ പ്ലാൻറുകൾ ആക്കുക.

8. കാലിത്തൊഴുത്തു പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആനുപാതികമായി സബ്സിഡി നൽകുക.

9. കന്നുകാലികളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി ബീജസങ്കലന കേന്ദ്രങ്ങൾ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുക.

10. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലാക്കി ബോധവൽക്കരണ പരിപാടിയും സർക്കാർ സാമ്പത്തിക സഹായങ്ങളും ഊർജ്ജിതപ്പെടുത്തുക.

11. കാലിത്തീറ്റയുടെ വിലവർദ്ധനവിനു ആനുപാതികമായി പാൽവിലയ്ക്കു സബ്സിഡി നൽകുക.

12. രാസ വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണംമൂലം കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് പഞ്ചായത്തിലെ കമ്പനികളുടെ ധനസഹായത്തോടെ ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

13. കറവ തൊഴിലാളികളുടെ ദൗർലഭ്യത പരിഹരിക്കുന്നതിനായി പരിശീലനം നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

14. ഗുണനിലവാര പരിശോധന കർശനമാക്കി ഉപഭോക്താവിനു ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കുക.

15. വീട്ടമ്മമാർക്ക് മുന്തിയ ഇനം മുട്ടക്കോഴികളെ വിതരണം ചെയ്യുക.

16. വെള്ളം വറ്റിപ്പോകാത്ത പ്രദേശങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

17. മത്സ്യബന്ധനത്തിനായി 'ചീനവല' സ്ഥാപിക്കുക.

# വിദ്യാഭ്യാസം

കേരളത്തിലെ മറ്റു ഗ്രാമങ്ങളിലെന്നപോലെ ഏലൂരിലും പ്രാക്തന വിദ്യാഭ്യാസരീതി നിലത്തെഴുത്തും കുടിപ്പള്ളിക്കൂടങ്ങളുമായിരുന്നു. കുട്ടനാശാനും കുളങ്ങര വക്കച്ചനാശാനും പാഴൂർ പറമ്പിൽ ശങ്കരപ്പിള്ളയും പഴമക്കാരുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്ന പഴയ നാട്ടെഴുത്താശാൻമാരാണ്.

1920കളിൽ ഏലൂരിലെ ഏക വിദ്യാലയം മഞ്ഞുമ്മൽപള്ളിയുടെ മുൻവശത്ത് 1916ൽ സ്ഥാപിച്ച ഗാർഡിയൻസ് ഏൻഞ്ചൽസ് എൽ.പി. സ്കൂളായിരുന്നു. 4-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം കഴിഞ്ഞ്, ഉപരിപഠനം ആഗ്രഹിക്കുന്നവർക്ക് ആലുവ, ചേരാനെല്ലൂർ, ഇടപ്പള്ളി പ്രദേശങ്ങളിലെ സ്കൂളുകളെ ആശ്രയിക്കേണ്ടിയിരുന്നു. 7-ാം ക്ലാസ് പാസ്സായവർ മതിയായ വിദ്യാഭ്യാസം ഉള്ളവരായി അന്നു കണക്കാക്കിയിരുന്നു. വാഹന സൗകര്യം അന്നുണ്ടായിരുന്നില്ല. അക്ഷരബോധത്തിൻെറ അക്ഷയദീപം കൊളുത്തിയ മഞ്ഞുമ്മൽ ജി.എ.എൽപി. സ്കൂൾ 1951 ൽ യു.പി. സ്കൂളായി. (ഏലൂരിലെ ആദ്യത്തെ ബിരുദധാരി ഉണ്ണിമൂപ്പനാണെന്നറിയുന്നു)

വ്യവസായ സ്ഥാപനങ്ങളുടെ വളർച്ചയും വിദ്യാലയങ്ങളുടെ വ്യാപനവും ബന്ധപ്പെട്ടു കിടക്കുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന ഉദ്യോഗസ്ഥർ ഇവിടെ താമസമാക്കി. മക്കളുടെ വിദ്യാഭ്യാസ സൗകര്യം അവർക്ക് പ്രശ്നമായി. കേരളത്തിനു വെളിയിലുള്ള ഉദ്യോഗസ്ഥരും വന്നു ചേർന്നിരുന്നു.

എഫ്.എ.സി.ടി. കവലയിൽ എഫ്.എ.സി.ടി. മാർക്കറ്റിംഗ് വിഭാഗം പ്രവർത്തിക്കുന്ന സ്ഥലം അന്ന് ഉയർന്നു കിടന്നിരുന്നു. ഏലൂരിലെ ആദ്യത്തെ ഗവ: എൽ.പി. സ്കൂൾ അവിടെ സ്ഥിതി ചെയ്തിരുന്നു. 1930 കളിൽ ഗവ: എൽ.പി. സ്കൂൾ നിലവിൽ വന്നിരുന്നതായി പഴമക്കാർ പറയുന്നു. 1944 മുതലുള്ള രേഖകൾ ഈ സ്കൂളിനെപ്പറ്റി ലഭിച്ചിട്ടുണ്ട്. ഫാക്ടിൻെറ വികസനത്തിനായി മേൽപ്പറഞ്ഞ സ്ഥലം ഫാക്ടിൻെറ അധീനതയിലാവുകയും ഗവ: എൽ.പി. സ്കൂൾ ഇന്നു സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് (3-ാം വാർഡ്) ഫാക്ട് തന്നെ മാറ്റി സ്ഥാപിച്ചു കൊടുക്കുകയും ചെയ്തു. (ഇതിനു മുൻകൈയെടുത്ത എം.കെ.കെ. നായരെ അനുസ്മരിക്കുന്നു.)

ഉദ്യോഗമണ്ഡൽതീയറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തുണ്ടായിരുന്ന ഓല ഷെഡിൽ 1949-ൽ ഫാക്ട് ടൗൺ ഷിപ്പ് എയിഡഡ് എൽ.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. പിന്നീട് ഈ സ്കൂൾ ഇന്ന് അമോണിയ പ്രോജക്ട് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും യു.പി. സ്കൂളായി ഉയർത്തുകയും ചെയ്തു. അമോണിയ പ്രോജക്ടിൻെറ ആവശ്യത്തിനായി ഈ സ്കൂൾ ഏതാനും നാളുകൾക്ക് മുമ്പ് ഫാക്ടിൻെറ തന്നെ ഉടമസ്ഥതയിലുള്ള മറ്റൊരു സ്കൂളിലേക്കു മാറ്റി.

ഏലൂർ വടക്കു ഭാഗത്തുണ്ടായിരുന്ന മഠത്തിനോടനുബന്ധിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 1935ൽ എസ്.എച്ച്.ജെ.എൽ.പി.എസ്. നിലവിൽ വന്നു. 1966ൽ യു.പി.എസ്. ആയി മാറി. ഏലൂർ പഞ്ചായത്തിൻെറ കിഴക്കേ അറ്റത്ത് 1964ൽ ഗവ: യു.പി. സ്കൂൾ സ്ഥാപിതമായി. ഇംഗ്ലീഷ് മീഡിയം ക്ലാസുകളുടെ ആവശ്യകത 60 കളിൽ വ്യക്തമായി. ഏലൂരിലെ വിദ്യാഭ്യാസ അന്തരീക്ഷം തേജോമയമാക്കാൻ യശ:ശരീരനായ എം.കെ.കെ. നായർ ഫാക്ട് ടൗൺഷിപ്പിൻെറ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു; ഫാക്ട് ടൗൺഷിപ്പ് സെൻട്രൽ യു.പി.എസ്. (1965) ഫാക്ട് ഈസ്റ്റേൺ യു.പി. സ്കൂൾ-(1964) ഫാക്ട് ഹൈസ്കൂൾ (1960). ഇവിടങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളും ആരംഭിച്ചു.

കേന്ദ്രീയ വിദ്യാലയത്തിൻെറ മാതൃകയിൽ ഉദ്യോഗമണ്ഡൽ സ്കൂൾ 1968 ൽ പ്രവർത്തനം തുടങ്ങി. ഐ.സി.എസ്.ഇ. പരീക്ഷയ്ക്ക് ഇവിടെ കുട്ടികളെ തയ്യാറാക്കുന്നു. 12 വർഷത്തെ വിദ്യാഭ്യാസം (10+2) ഇവിടെ നൽകുന്നു.

ഒരു ഹൈസ്കൂൾ ഏലൂരിലുണ്ടാവുക എന്ന ഏലൂർ പൗരാവലിയുടെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കപ്പെടുന്നത് 1981 ലാണ്. പാതാളത്തെ അഹമ്മുവിൻെറ ലോഡ്ജ്, ടി.സി.സി. ഡോർമെറ്ററി എന്നിവിടങ്ങളിൽ പ്രവർത്തനം തുടങ്ങി ഇന്നത്തെ കെട്ടിടത്തിലേക്ക് ഹൈസ്കൂൾ തുടങ്ങുന്നത് 1985 ലാണ്. സ്വന്തമായ സ്ഥലവും കെട്ടിടവും നേടിയെടുക്കാൻ അന്നത്തെ പഞ്ചായത്തു പ്രസിഡൻറായിരുന്ന ശ്രീ. കെ.പി. രാഘവൻപിള്ള പ്രസിഡൻറും ശ്രീ. പയ്യപ്പിള്ളി ബാലൻ സെക്രട്ടറിയുമായി പ്രവർത്തിച്ച സ്കൂൾ നിർമ്മാണ സമിതിക്കു കഴിഞ്ഞു. പല കമ്പനികളും വിശിഷ്യ ടി.സി.സി. ഈ സംരംഭത്തെ നന്നായി സഹായിച്ചു.

1983-ൽ ഫാക്ട് ഗോഡൗണിനു സമീപം സെൻറ് ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തനം തുടങ്ങി. കാപ്രോലാക്ടം പ്രോജക്ടിനായി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്നതിനാൽ പുത്തലം കടവിനു സമീപം സ്കൂൾ മാറ്റി സ്ഥാപിച്ചു. 1994 ൽ ഹൈസ്കൂൾ വിഭാഗവും ഇവിടെ ആരംഭിച്ചു. L.P., U.P.,H.S., +2 പാറ്റേൺ എന്നിവയിലായി 5265

കുട്ടികൾ പഠിക്കുന്നു.

വ്യക്തികൾ, സംഘടനകൾ, സ്കൂളുകൾ ഇവ പ്രീപ്രൈമറി രംഗത്ത് പ്രവർത്തിക്കുന്നു. നെഴ്സറി ബാലവാടി, അംഗൻവാടി എന്നി സ്ഥാപനങ്ങൾ 21 എണ്ണം ഉണ്ട്. അവയിൽ 1000 ത്തോളം കുട്ടികൾ പഠിക്കുന്നു.

ക്ലാസിക്കൽ നൃത്തവും കഥകളിയും പഠിപ്പിക്കുന്ന ഫാക്ട് ഫൈനാർട്ട്സ് വിഭാഗത്തിൽ 56 വിദ്യാർത്ഥികളും ആറ് അധ്യാപകരും ഉണ്ട്. സംഗീത നൃത്ത വിദ്യാലയങ്ങൾ കുറച്ചു കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 5 എണ്ണം ഉണ്ട്. അവയിലാകെ 1000 ത്തിലധികം കുട്ടികൾ പഠിക്കുന്നു. ആറ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലവിലുണ്ട്. അതിൽ 300 ഓളം കുട്ടികൾക്ക് പരിശീലനം നൽകുന്നു.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഫാക്ട് ട്രെയിനിംഗ് സ്കൂൾ മാത്രമാണുള്ളത്. സെക്രട്ടേറിയൽ പ്രാക്ടിസ്, ഐടിഐ ഇവ കഴിഞ്ഞവർക്ക് ഓരോ ട്രെയിഡിലും ആവശ്യമായ പരിശീലനം, ശാസ്ത്ര ബിരുദധാരികൾക്ക് പ്ലാൻറുകളിലെ പ്രവർത്തന പരിശീലനം എന്നിവ നൽകുന്നു. ഉന്നത പരിശീലന ത്തിനുവേണ്ടി ട്രെയിനിംഗ് സ്കൂളിനോടനുബന്ധിച്ച് ഒരു മാനേജ്മെൻറ് ട്രെയിനിംഗ് സെൻററും ഉണ്ട്. രണ്ട് വർഷം കൂടുമ്പോൾ ഏകദേശം 300 കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നു എങ്കിലും വളരെ കുറച്ചു പേർക്ക് മാത്രമേ തൊഴിലവസരം ലഭിക്കുന്നുള്ളൂ. കമ്പ്യൂട്ടർ പരിശീലനം നൽകുന്ന രണ്ട് സ്ഥാപനങ്ങളും ഏലൂരിൽ പ്രവർത്തിക്കുന്നു.

കോളേജു വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പ്രധാനമായും കളമശ്ശേരി, ആലുവ, എറണാകുളം പ്രദേശങ്ങളിലെ കോളേജുകളെയാണ് ആശ്രയിക്കുന്നത്.

## പാഠ്യേതര രംഗം

ഫാക്ട് ഹൈസ്കൂളിൽ ആൺകുട്ടികൾക്കും (എയർവിംഗ്) പെൺകുട്ടികൾക്കും എൻസിസി പരിശീലനം നൽകുന്നുണ്ട്. ഫാക്ട് ഹൈസ്കൂളിലെ ബാൻറ് ട്രൂപ്പ്, സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ദില്ലിയിൽ റിപ്പബ്ളിക്ക് ഡേ പരേഡിൽ പങ്കെടുത്തിട്ടുണ്ട്. സെൻറ് ആൻസിലെ ബാൻറ് ട്രൂപ്പ് ശ്രദ്ധേയമാണ്.

കലാകായികരംഗങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും പുരസ്ക്കാരങ്ങൾ നേടിയ അനവധി കുട്ടികൾക്ക് ഇവിടുത്തെ സ്കൂളുകൾ ജൻമം നൽകിയിട്ടുണ്ട്. "ഓപ്പറേഷൻ ഒളിമ്പിയ" ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. എന്നാലതിൻെറ പ്രവർത്തനം ഇന്നില്ല.

പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസത്തിന് ശ്രദ്ധിക്കുന്ന പഞ്ചായത്താണിത്. 827 പേർ ലംപ്സംഗ്രാൻറ് വാങ്ങുന്നുണ്ട്. മുസ്ലീം പെൺകുട്ടികൾക്കായുള്ള സ്ക്കോളർഷിപ്പ് വാങ്ങുന്ന 142 പേരും വികലാംഗ സ്കോളർഷിപ്പു വാങ്ങുന്ന 14 പേരും മത്സ്യതൊഴിലാളികളുടെ മക്കൾക്കായുള്ള സ്കോളർഷിപ്പു വാങ്ങുന്ന 13 കുട്ടികളും ഈ പഞ്ചായത്തിലുണ്ട്. പിന്നോക്ക വിഭാഗത്തിലെ കൂടുതൽ കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്തി എല്ലാവരെയും ജയിപ്പിച്ചതിനുള്ള ' ക്ഷേത്ര പ്രവേശന വിളംബര സ്മാരക അവാർഡ് ഫാക്ട് ഹൈസ്കൂൾ 95 ൽ വാങ്ങുകയുണ്ടായി.

പല ക്ളാസുകളിലായി പഠിത്തം നിറുത്തുന്ന

പിന്നോക്ക വിഭാഗം കുട്ടികൾ




## പ്രവണതകൾ

പഠിത്തം ഇടയ്ക്ക് വച്ച് നിർത്തുന്നത് നമ്മുടെ നാടിൻെറ ശാപമാണ്. നമ്മുടെ പഞ്ചായത്തിൽ ഈ പ്രവണത താരതമ്യേന കുറവാണ്. തോറ്റ കുട്ടികളെ തുടർന്നും പഠിപ്പിക്കാൻ രക്ഷാകർത്താക്കൾ ശ്രമിക്കുന്നുണ്ട്. പ്രൈമറി രംഗത്ത് കൊഴിഞ്ഞു പോക്ക് കുറവാണ്. അപ്പർ പ്രൈമറി, ഹൈസ്കൂൾ രംഗത്ത് കൂടുതലാണ്.

സമൂഹത്തിൻെറ വിവിധ തട്ടുകളിലുള്ള വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. വിവിധ സംസ്ഥാനങ്ങളിലെ കുട്ടികളും പഠിക്കുന്നുണ്ട്. നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന രംഗമായി വിദ്യാലയം മാറുന്നുണ്ട്. ഗ്രാമീണ-നാഗരിക സ്വഭാവങ്ങളുടെ വൈവിധ്യം ചില വൈഷമ്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. തമിഴ് വംശജരായ കുട്ടികളുടെ വിദ്യാഭ്യാസ സാംസ്ക്കാരിക പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## അദ്ധ്യാപക-രക്ഷാകർത്തൃസംഘടന

എല്ലാ വിദ്യാലയങ്ങളിലും പിടിഎ പ്രവർത്തിക്കുന്നുണ്ട്. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പഠനനിലവാരം ഉയർത്താനും അച്ചടക്ക പ്രശ്നങ്ങൾ ലഘൂകരിക്കാനും പിടിഎയുടെ പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ കലാകായികരംഗങ്ങളിലെ നേട്ടങ്ങൾക്കായി കുറെക്കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## പ്രീ-പ്രൈമറി വിദ്യാഭ്യാസം

പ്രീ-പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും ഗവൺമെൻറ് നിയന്ത്രണത്തിലല്ല. ചെറിയ സൗകര്യങ്ങളേ ഇത്തരം സ്ഥാപനങ്ങളിലുള്ളൂ. കളികളിലൂടെ അറിവു പകരേണ്ട കുട്ടികളെ അക്ഷരാഭ്യാസം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് അധികഭാരം ചുമത്തുന്ന ഒരു സമ്പ്രദായമാണ് ഇവിടെയുള്ളത്.

### പ്രശ്നങ്ങൾ:-

1. പല സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ കുറവാണ്.
2. ഗവൺമെൻറ് വിദ്യാലയങ്ങളിൽ അധ്യാപകരുടെ കുറവുണ്ട്.
3. ശിശു വിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യമില്ല.
4. ഇംഗ്ലീഷ് മീഡിയത്തോടുള്ള രക്ഷകർത്താക്കളുടെ ഭ്രമം കൂടി വരുന്നു.
5. ഗവൺമെൻറ് എച്ച്.എസ്സിൽ വിജയശതമാനം കുറവാണ്.
6. കലാകായിക രംഗങ്ങളിൽ പ്രോൽസാഹനവും പരിശീലനവും കുറവാണ്.
7. സാങ്കേതിക വിദ്യാഭ്യാസത്തിനും ഉപരിപഠനം നടത്തുന്നതിനും സൗകര്യങ്ങളില്ല.
8. ദൃശ്യശ്രാവ്യ ഉപകരണങ്ങളും പഠനോപകരണങ്ങളും കുറവാണ്.

### നിർദ്ദേശങ്ങൾ:-

1. കുറ്റിക്കാട്ടുകര ഗവ: യു.പി. സ്കൂൾ ഹൈസ്കൂളാക്കുക.
2. മഞ്ഞുമ്മൽ ഗേൾസ് ഹൈസ്കൂൾ എയ്ഡഡ് സ്കൂളാക്കുകയും ആൺകുട്ടികൾക്കു കൂടി പ്രവേശനം നൽകുകയും ചെയ്യുക.
3. ഏലൂർ വടക്കുംഭാഗത്തുള്ള എസ്.എച്ച്.ജെ.യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക.
4. 2 വിദ്യാലയങ്ങളും വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകളും സ്ഥാപിക്കുക.
5. സഹകരണ മേഖലയിൽ പോളിടെക്നിക്, ഐ.ടി.ഐ സ്ഥാപനങ്ങൾ ഉണ്ടാക്കുക. ആധുനിക ട്രേഡുകൾ പഠിപ്പിക്കാൻ സംവിധാനം ഉണ്ടാക്കുക
6. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്തും കമ്പനി മാനേജ്മെൻറും സംയുക്തമായി പദ്ധതി തയ്യാറാക്കുക.
7. സ്കൂളുകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തണം. ഗവൺമെൻറ് എൽ.പി.എസിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുക.
8. "ഓപ്പറേഷൻ ഒളിമ്പിയ" മോഡലിലുള്ള പരിശീലനകേന്ദ്രം തുടങ്ങുക. കലാകായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനായി സ്പോൺസർഷിപ്പ് സമ്പ്രദായം ഏർപ്പെടുത്തുക. ഉദാ: മനോരമ സ്പോൺസറിംഗ്.
9. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക. ഇതിനായി അധ്യാപകവിചക്ഷണരും അധ്യാപകേതര വിദഗ്ധരും പിടിഎ അംഗങ്ങളും ചേർന്ന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും യഥാകാലം വിദ്യാഭ്യാസ രംഗത്തുണ്ടാവേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യുക. സ്കൂൾ വിദ്യാഭ്യാസ കാലത്ത് കൊഴിഞ്ഞു പോക്കുണ്ടാകുന്നതിൻെറ കാരണങ്ങളെക്കുറിച്ച് പഠിക്കുകയും നിവാരണ മാർഗ്ഗങ്ങളറിയുകയും ചെയ്യുക. സ്കൂൾ കോംപ്ലക്സും പഞ്ചായത്തും സഹകരിച്ച് സ്കൂളുകളിലുണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കുക.
10. പിടിഎകൾക്ക് പഞ്ചായത്തുതല ഏകോപനസമിതി രൂപീകരിക്കുകയും വിവിധ സ്കൂളുകളിലെ പാഠ്യ-പാഠ്യേതര തലങ്ങളിലേക്കുള്ള സഹായങ്ങൾ സ്വരൂപിക്കുകയും ചെയ്യുക.
11. മാതൃസംഗമം ചിട്ടയായി നടത്തുക.
12. കുട്ടികളുടെ യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക.
13. റിട്ടയർ ചെയ്ത അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുക.
14. അംഗൻവാടികൾക്ക് പഞ്ചായത്തുതല പരിശോധനാരീതി ഏർപ്പെടുത്തുക.
15. പഞ്ചായത്തിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഉണ്ടാക്കുക.
16. എല്ലാ സ്കൂളുകളിലെ കുട്ടികളുടെയും വ്യക്തിത്വ വികസനത്തിനും ഏകാഗ്രത കിട്ടുന്നതിനും സാഹോദര്യം വളർത്തുന്നതിനും യോഗാക്ലാസ്സുകൾ സ്കൂൾതലത്തിൽ ആരംഭിക്കുക.
17. ജനവിദ്യാകേന്ദ്രങ്ങൾ മുഴുവൻ സമയം തുറന്നു പ്രവർത്തിക്കുകയും കൺവീനർമാർക്ക് സാമ്പത്തികസഹായം നൽകാനുള്ള വിഭവങ്ങൾ കണ്ടെത്തുകയും ചെയ്യുക.
18. മാറിവരുന്ന പ്രീ പ്രൈമറി വിദ്യാഭ്യാസ സംവിധാനത്തിനനുയോജ്യമായ രീതിയിൽ അംഗൻവാടികളും ബാലവാടികളും സ്ഥാപിക്കുകയും കുട്ടികളുടെ ജൻമവാസനകൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുക.

# ഗതാഗതം

പെരിയാറിൻെറ കൈവഴികളാൽ ചുറ്റപ്പെട്ട് വരാപ്പുഴ കായലിന്നഭിമുഖമായി കിടക്കുന്ന ദ്വീപാണ് എലൂർ. വ്യവസായശാലകൾ ആരംഭിക്കുംവരെ യാത്രോപാധികൾ ജലമാർഗ്ഗേണ മാത്രമായിരുന്നു. ആലുവായിലേക്കും എറണാകുളത്തേക്കും പോകേണ്ടിവരുകയാണെങ്കിൽ നാടൻ ചെറുവഞ്ചികളും വളവരവഞ്ചികളും ഉപയോഗിച്ചിരുന്നു. ഫാക്ടിൻെറ നിർമ്മാണ കാലത്ത് ഇംഗ്ലണ്ടിലെ പവർ ഗ്യാസ് കോർപ്പറേഷൻകാർ ഇടമുള, ആറാട്ടുകടവ് എന്നിവിടങ്ങളിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജുകൾ നിർമ്മിച്ചതോടെയാണ് ഏലൂർ മറ്റു പ്രദേശങ്ങളുമായി കരമാർഗ്ഗത്തിലൂടെയുള്ള ഗതാഗതം ആരംഭിച്ചത്.

1. ഏലൂർ പഞ്ചായത്തിൽ താരതമ്യേന മെച്ചപ്പെട്ട ഭൂതല ഗതാഗത സംവിധാനങ്ങൾ ഇന്നുണ്ട്. ഈ പഞ്ചായത്തിൽ 42.768 കി.മീ. റോഡുണ്ട്. ഇതിൽ 20.45 കി.മീ. മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ഇതിനുപുറമേ 20.5 കി.മീ. പൊതുമരാമത്തു വകുപ്പു വക റോഡുകളും വിവിധ കമ്പനികളുടെ ടൗൺഷിപ്പുകളോടനുബന്ധിച്ചുള്ള 70 കി.മീ. റോഡുകളുമുണ്ട്. ഏലൂർ പഞ്ചായത്ത് കൊച്ചിൻ കോർപ്പറേഷൻ, കളമശ്ശേരി മുനിസിപ്പാലിറ്റി, ചേരാനെല്ലൂർ, കടുങ്ങല്ലൂർ പഞ്ചായത്തുകൾ എന്നിവയുമായി ബന്ധപ്പെടുന്നതിന് മൂന്നു പാലങ്ങളുണ്ട്. വരാപ്പുഴ പഞ്ചായത്തുമായി ബന്ധപ്പെടാൻ ഫെറി സർവീസ് ഉണ്ട്. എറണാകുളം-ഗുരുവായൂർ സ്വകാര്യബസ് സർവീസുകളും സിറ്റി സർവീസ് ബസ്സുകളും നിലവിലുണ്ട്. ടാക്സി കാറുകളും ഓട്ടോറിക്ഷകളും സുലഭമാണ്.

## 2. പഞ്ചായത്ത് റോഡുകൾ:

| | | | |
|---|---|---|---|
| ടാർ ചെയ്തവ | - | 20.454 | കി.മീ. |
| മെറ്റൽ " | - | 7.024 | " |
| കോൺക്രീറ്റ് " | - | 0.340 | " |
| ഗ്രാവൽ " | - | 10.168 | " |
| മണ്ണ് " | - | 4.782 | " |

ഇപ്പോഴത്തെ പഞ്ചായത്ത് സമിതി അധികാരമേറ്റെടുത്ത തിനുശേഷം 19.98 ലക്ഷം രൂപ റോഡു നിർമ്മാണ ത്തിന്നായി ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ 60 ലക്ഷം രൂപ വിവിധ മരാമത്തു പണികൾക്കായി വകയിരുത്തിയിട്ടുണ്ട്. പല റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

## 3. പ്രശ്നങ്ങൾ:

◆ പഞ്ചായത്തു പ്രദേശം പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന തിനാൽ ജലനിരപ്പിലുള്ള റോഡുകളിൽ വെള്ളക്കെട്ട് സ്ഥിരമാണ്. ഇതുമൂലം റോഡുകൾക്ക് പെട്ടെന്നു കേടുപാടുകൾ സംഭവിക്കുന്നു.

◆ പൊതുമരാമത്തു വകുപ്പിൻെറ കീഴിലുള്ള റോഡുകൾ യഥാകാലം റിപ്പയർ ചെയ്യാത്തതു കൊണ്ടും ആവശ്യമായ സ്ഥലങ്ങളിൽ കാനകൾ നിർമ്മിക്കാത്തതു കൊണ്ടും ബസ്സുകളുടെയും ഭാരം കൂടിയ ട്രെയിലറുകളുടെയും ബാഹുല്യം നിമിത്തവും ആവശ്യമായ വീതി ഇല്ലാത്തതിനാലും റോഡുകൾ ഗതാഗതയോഗ്യമല്ലാതാവുകയും അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു.

◆ റോഡ് പുറംപോക്ക് കൈയേറ്റങ്ങൾ മൂലം നിലവിലുള്ള വീതി കുറയുന്നു. പാലംവഴി ഗതാഗത സൗകര്യമില്ലാത്ത വർക്ക് സമീപപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിനു കടത്തുകളാണ് ആശ്രയം. ഇപ്പോഴുള്ള കടത്തുകൾ അപര്യാപ്തമാണ്.

◆ പഞ്ചായത്ത് പ്രദേശത്ത് ചെറുതും വലുതുമായ തോടുകൾ നികത്തുന്നതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

## 4. ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ:

◆ പഞ്ചായത്ത് റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു പൊതുജനപങ്കാളിത്തത്തോടെ കാനകൾ നിർമ്മിക്കുകയും പ്രസ്തുത കാനകൾ തോടുകളുമായി ബന്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുകയും ചെയ്യുക.ചിറയം കടവിലുണ്ടായിരുന്ന പി.ഡബ്ല്യു.ഡി. കടത്ത് പുനഃസ്ഥാപക്കുക. മേത്താനം കടവും ഡിപ്പോ കടവും പുനരുദ്ധരിക്കുക.

◆ മണ്ണിടിച്ചിൽ തടയുന്നതിനായി പെരിയാറിൻെറ തീരം കെട്ടി സംരക്ഷിക്കുക. അശാസ്ത്രീയമായ മണൽവാരൽ നിയന്ത്രിക്കുക.

◆ ഇ.എസ്.ഐ. ഡിസ്പെൻസറി മുതൽ പോലീസ് സ്റ്റേഷൻ വരെയുള്ള പൊതുമരാമത്ത് റോഡ് സ്ഥിരമായി വെള്ളക്കെട്ട് ഉള്ളതിനാൽ റോഡ് ഉയർത്തി ഇരുവശവും കാന നിർമ്മിക്കുക.

◆ പാതാളം കവലയിലും ആനവാതിൽ മുതൽ പുതിയ റോഡുവരെയും കാനകൾ നിർമ്മിക്കുക.

◆ പാതാളം ട്രാഫിക് ഐലൻറ് സൗകര്യ പ്രദമാകും വിധം പുനർനിർമ്മിക്കുക.

◆ കണപ്പിള്ളി കോളനിയിലേക്ക് ഗതാഗതസൗകര്യം ഉണ്ടാക്കുക.

◆ അംബേദ്കർ റോഡ് വീതി കൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കും സൈഡ്‌വാളും നിർമ്മിച്ച് ബസ് സർവീസ് നടത്തത്തക്കവിധം വികസിപ്പിക്കുക.

◆ മേത്താനത്ത് പാലം നിർമ്മിക്കാൻ വേണ്ട നടപടി കൾ സ്വീകരിക്കുക.

◆ എഫ്.എ.സി.ടി. മുതൽ ഐ.ആർ.ഇ. വരെയുള്ള റോഡിൻെറ വശങ്ങളിൽ പാർക്കു ചെയ്യുന്ന ലോറികൾ ഉണ്ടാക്കുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

◆ പനച്ചിത്തോട് പുഴയുമായി ബന്ധിപ്പിക്കുക.

◆ ഏലൂർ ഫെറിയിൽ നിന്നും എൻ.എച്ച്-17-ലേയ്ക്ക് പാലം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

◆ ഉന്തിത്തോട് ആഴം വർദ്ധിപ്പിച്ച് നന്നാക്കി ഗതാഗത യോഗ്യമാക്കുക.

◆ എഫ്.എ.സി.ടി. മാർക്കറ്റിനു സമീപം പുഴയിൽ ഓരു വെള്ളം തടയുന്നതിനു വർഷംതോറും ബണ്ട് കെട്ടുന്ന സമ്പ്രദായം അവസാനിപ്പിച്ച് സ്ഥിരസംവിധാനം എന്ന നിലയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക.

◆ പൂവത്തും പറമ്പ് ഭാഗത്ത് താമസിക്കുന്നവർക്ക് ഗതാഗത സൗകര്യം ഉണ്ടാക്കുക.

◆ പുതിയ റോഡുമുതൽ പാതാളം വരെ പിഡബ്ല്യുഡി റോഡിൻെറ സൈഡ് കെട്ടി വീതി കൂട്ടുക.

◆ ഏലൂർ-കളമശ്ശേരി റോഡിലെ പാലം പുതുക്കി പ്പണിയുക.

◆ പുതിയറോഡിൻെറ വശങ്ങളിൽ ലോറി പാർക്കിംഗ് മൂലമുണ്ടാകുന്ന ഗതാഗതതടസ്സം ഒഴിവാക്കുക.

◆ കുറ്റിക്കാട്ടുകരയിൽ റോഡരികിൽ നടത്തുന്ന മത്സ്യവ്യാപാരം സൗകര്യപ്രദമായ മറ്റൊരിടത്തേക്കു മാറ്റുക.

◆ പുത്തലത്തു കടവിൽ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.

◆ ആനവാതിൽ മുതൽ പുതിയ റോഡുവരെയുള്ള റോഡ്പുറമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.

◆ ഇല്ലത്തിടവഴിയുടെ അവസാന ഭാഗത്തു നിന്നു പത്തിലക്കാട്ടിലേക്കുള്ള വഴി ഫാക്ട് വിട്ടു തരുന്ന മുറയ്ക്ക് ഏറ്റെടുത്തു ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. ആറാട്ടുകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് പണിയുക.

◆ വെള്ളക്കെട്ടുള്ള കണ്ണങ്കേരിപാടം റോഡ് പുല്ലേച്ചാൽ റോഡ്, മുട്ടാർ ലിങ്ക് റോഡ് എന്നിവിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുക.

◆ റെയിൽവെ നിർമ്മാണത്തിനായി ഇപ്പോൾ നടത്തുന്ന സർവെ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ജനസാന്ദ്രതയില്ലാത്ത പ്രദേശത്തിലൂടെ റെയിൽവേ ലെയിൻ സ്ഥാപിക്കുന്നതിനു വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.

◆ മഞ്ഞുമ്മൽ അയ്യംകുളത്ത് ബസ്സ്റ്റാൻഡ് സ്ഥാപിക്കുക.

◆ ഫാക്ട് കവല, പാട്ടുപുരയ്ക്കൽ, ഫാക്ട് മാർക്കറ്റ്, E103 സൊസൈറ്റി, പാതാളം, ഐഎസി, പുതിയറോഡ്, ഇഎസ്ഐ ഡിസ്പെൻസറി, കോൺവെൻറ് മഞ്ഞുമ്മൽ ബാങ്ക്കവല, മുട്ടാർ ഏലൂർ ഫെറി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

◆ നിലവിലുള്ള കാനകൾ യഥാകാലം വൃത്തിയാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

◆ ഡിപ്പൊ, മേത്താനം എന്നിവിടങ്ങളിൽ ബസ്സ്റ്റാൻഡും വെയിറ്റിംഗ് ഷെഡും പണിയുക.

## റോഡുകൾ

1. തൈക്കാവിനരികിൽ കൂടിയുള്ള റോഡ് വീതി കൂട്ടി നന്നാക്കുക.
2. ഡിപ്പൊ കടവിനു വടക്കു വശത്തുള്ള പുറമ്പോക്ക് ഭൂമിയിലേക്ക് റോഡുണ്ടാക്കുക.
3. കോൺവെൻറ് മുതൽ കവലയ്ക്കൽ വരെയുള്ള റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.
4. പുതുശ്ശേരിയുടെ സ്ഥലത്തിനു കിഴക്കുള്ള പുറമ്പോക്കു ഭൂമി റോഡായി വികസിപ്പിക്കുക.
5. ഡിപ്പൊ മുതൽ 4 സെൻറ് കോളനിവരെയും അവിടെനിന്ന് മുട്ടിനകം റോഡുവരെയും റോഡ് ടാർ ചെയ്യുക.
6. ഡിപ്പൊ സൊസൈറ്റി റോഡ് ടാർ ചെയ്യുക.
7. മേത്താനം റോഡിൽ നിന്ന് അംബേദ്കർ റോഡിലേക്കും വൈലോക്കുഴി റോഡിലേക്കുമുള്ള ലിങ്ക് റോഡ് ഉണ്ടാക്കുക.
8. കാഞ്ഞിരക്കുഴി റോഡ് വീതി കൂട്ടി അംബേദ്കർ റോഡുമായി ബന്ധിപ്പിക്കുക.
9. ഡിപ്പൊ റോഡും ആലിങ്കൽ റോഡും ബന്ധിപ്പിക്കുക.
10. ആമംതുരുത്ത് കാഞ്ഞിരക്കുഴി റോഡ് സഞ്ചാരയോഗ്യമാക്കുക.
11. മംഗലംറോഡ് വൈലോക്കുഴി റോഡുമായി

ബന്ധിപ്പിക്കുക.
12. മസ്ജിത് റോഡും വൈലോക്കുഴി റോഡും ടാർ ചെയ്യുക.
13. നാറാണത്ത് ക്ഷേത്രം മുതൽ ലക്ഷംവീടു വരെയുള്ള റോഡ് നന്നാക്കുക.
14. ലക്ഷംവീടു മുതൽ പള്ളിപ്പുറം ചാൽ വരെയുള്ള റോഡും പാലവും നിർമ്മിക്കുക.
15. ഉന്തിത്തോട് പള്ളിയറ റോഡ് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നന്നാക്കുക.
16. സെ.ജോസഫ് ബേക്കറി മുതൽ നാറാണത്ത് ക്ഷേത്രംവരെയുള്ള റോഡ് നന്നാക്കുക.
17. മുണ്ടിയാത്ത് റോഡ് നന്നാക്കുക.
18. കുഴിക്കണ്ടം റോഡ് നിർമ്മാണം പൂർത്തിയാക്കുക.
19. അംബദ്കർ റോഡിൽ നിന്നു പള്ളിപ്പുറം ചാലിലേക്കുള്ള റോഡ് നന്നാക്കുക.
20. എസ്എൻഡിപി റോഡിൽ പാലം നിർമ്മിച്ച് അംബദ്കർ റോഡുമായി ബന്ധിപ്പിക്കുക.
21. വി.എസ്. പരമേശ്വരൻനായർ റോഡ് വലിയചാൽ പാടംവരെ വാഹനഗതാഗതയോഗ്യമാക്കുക.
22.ഫോക്കസ്സ്റ്റുഡിയോ സമീപത്തുനിന്നു പെരിയാറിലേക്കുള്ള റോഡ് വീതി കൂട്ടുക.
23. കരോണാ ഗാർമെൻറ്സിൻെറ കിഴക്കുവശത്തു നിന്നു പുഴയിലേക്കുള്ള റോഡിനു വീതി കൂട്ടുക.
24. പനമ്പിള്ളി റോഡ് ടാർ ചെയ്യുക.
25. ചിരാക്കുഴി റോഡ് ആനവാതിൽ ജെഎൻഎം റോഡുമായി ബന്ധിപ്പിക്കുക.
26. 5-ാം വാർഡിലെ മുഴുവൻ പഞ്ചായത്ത് റോഡുകളും ടാർ ചെയ്യുക.
27. വള്ളോപ്പിള്ളി ലിങ്ക് റോഡിനു വീതി കൂട്ടുക.
28. കോച്ചേരി റോഡ് ടാർ ചെയ്യുക.
29. കോച്ചേരി ലിങ്ക് റോഡുകൾ കോൺക്രീറ്റ് ചെയ്യുക.
30. സർപ്പപ്പറമ്പ് റോഡ് ടാർ ചെയ്യുക.
31. കണ്ണങ്കേരി റോഡ് കോൺക്രീറ്റ് ചെയ്യുക.
32. ഇടമുള ലിങ്ക്റോഡ് കോൺക്രീറ്റ് ചെയ്യുക.
33. കുറ്റിവാക്കൽ റോഡ് നന്നാക്കുക.
34. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള റോഡ് ഏറ്റെടുത്ത് ടാർ ചെയ്യുക.
35. ഐഎസി ക്വാർട്ടേഴ്സിനു പിന്നിലൂടെയുള്ള റോഡ് സിഎസ്ഐ ഹോസ്റ്റൽ വഴി ലേബർ ക്വാർട്ടേഴ്സിൽ എത്തിക്കുകയും റോഡിനു വീതി കൂട്ടുകയും ചെയ്യുക.
36. ഇ.എസ്.ഐ.യുടെ പിന്നിൽനിന്നും കോട്ടക്കടവ് വരെയുള്ള വഴി പഞ്ചായത്ത് ഏറ്റെടുക്കുക.
37. ഗാർഡൻസിലേക്കുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യുക.
38. പൈനാടത്ത് കോളനി റോഡ് വീതി കൂട്ടുക, കോട്ടക്കുന്ന് കോളനി റോഡ് കോൺക്രീറ്റ് ചെയ്യുക.
39. പൈനാടത്ത് കോളനിയിൽ നിന്നും പുത്തലത്ത് കടവിലേക്കുള്ള റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
40. ടിസിസി കോളനിയിൽ നിന്നുവരുന്ന മലിനജലം ഒഴുക്കി കളയുന്നതിനു കാനകൾ നിർമ്മിക്കുക.
41. 8-ാം വാർഡിലുള്ള അഞ്ച് ഇടവഴികൾ പഞ്ചായത്ത് ഏറ്റെടുത്ത് കോൺക്രീറ്റ് ചെയ്യുക.
42. ആനവാതിൽ മുതൽ പുത്തലത്ത് കടവ് വരെയുള്ള റോഡ് വീതി കൂട്ടുക.
43. 9-ാം വാർഡിലുള്ള പഞ്ചായത്തു റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
44. കൈതവളപ്പ് റോഡ് വീതി കൂട്ടി വാഹനഗതാഗതത്തിനു സൗകര്യം ഉണ്ടാക്കുക..
45. പണ്ടാരംചാൽ റോഡും കുണ്ടോപ്പാടം റോഡും യോജിപ്പിച്ച് ഗതാഗതയോഗ്യമാക്കുക. പി.ഡബ്ല്യു.ഡി. റോഡിൽ നിന്നുള്ള പോക്കറ്റ് റോഡ് ഈ റോഡുമായി ബന്ധിപ്പിക്കുക.
46. കണ്ണങ്കേരി മുട്ടാർ ലിങ്ക് റോഡ് സഞ്ചാരയോഗ്യമാക്കുക.
47. കൽച്ചൂർ റോഡും കോൺവെൻറ് റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുണ്ടാക്കുക.
48. കണ്ണങ്കേരി പാടം റോഡിൻെറ കിഴക്കുഭാഗത്തു നിന്നു ആരാട്ടുകടവിലേക്ക് റോഡുണ്ടാക്കുക.
49. കണ്ണങ്കേരി ഭാഗത്തു നിന്നും സാമൂഹ്യസേവാസംഘം റോഡിലേക്ക് ലിങ്ക് റോഡുണ്ടാക്കുക.
50. പേരേപറമ്പ് റോഡ് ടാർ ചെയ്യുക.
51. കോൺവെൻറ് റോഡ് കണ്ണങ്കേരിപാടം റോഡുമായി ബന്ധിപ്പിക്കുക.
52. കണ്ണങ്കേരിറോഡിൽ നിന്നു കെടവര പോളിൻെറ വീടുവരെ പുതിയ റോഡുണ്ടാക്കുക.
53. പുഴയുടെ തീരത്തുള്ള പുല്ലേച്ചാൽ റോഡും കൽച്ചൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുക.
54. പുല്ലേച്ചാൽ റോഡും മുട്ടാർ ലിങ്ക് റോഡും ടാർ ചെയ്യുക.
55. മഞ്ഞുമ്മൽ കോൺവെൻറ് ജംഗ്ഷനിൽ നിന്നു എടമ്പാടം നഗർ റോഡ് സഞ്ചാരയോഗ്യമാക്കുക.
56. മണലിപ്പറമ്പ് റോഡ് സഞ്ചാരയോഗ്യമാക്കുക.
57. എടമ്പാടം-തോടിനോട് ചേർന്നുള്ള വഴി സൈഡ്കെട്ടി സഞ്ചാരയോഗ്യമാക്കുക.
58. മഞ്ഞുമ്മൽ തെക്കുംപുറം ചാലിന് വടക്കുവശം താമസിക്കുന്നവർക്ക് സഞ്ചാരയോഗ്യമായ വഴിയുണ്ടാക്കുക.
59. മുട്ടാർതറ റോഡിനു തെക്കുവശം താമസിക്കുന്നവർക്ക് സഞ്ചാരയോഗ്യമായ വഴിയുണ്ടാക്കുക.
60. മഞ്ഞുമ്മൽ കുരിശുപള്ളിക്ക് സമീപം അമ്പലത്തുപറമ്പ് റോഡ് സഞ്ചാരയോഗ്യമാക്കുക.
61. അയ്യംകുളം - നെടുമ്പിള്ളിറോഡ് ടാർ ചെയ്യുക.
62. മഞ്ഞുമ്മൽ കോളനി റോഡും ജനതാറോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാറപ്പുറം റോഡ് സഞ്ചാരയോഗ്യമാക്കുക.
63. ജനതാ റോഡു ടാർ ചെയ്യുക.
64. ഷാപ്പുംപടി റോഡ്, കൊച്ചാൽ മാടപ്പാട്ട് റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.
65. ചേരാനെല്ലൂർ ഫെറി റോഡ് യുദ്ധകാലാടിസ്ഥാനത്തിൽ ടാർ ചെയ്യുക. കാന തെളിക്കുക.
66. മാടപ്പാട്ട് റോഡും ചേരാനെല്ലൂർ റോഡും തമ്മിൽ

ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.

67. തെക്കുംമുട്ടം റോഡും എടമ്പാടം റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുണ്ടാക്കുക.

68. ചേരാനെല്ലൂർ റോഡിനു തെക്കോട്ട് മേനോൻ റോഡ് ഗതാഗതയോഗ്യമാക്കുക.

69. മഠത്തിപ്പറമ്പ് വിരിപ്പുകണ്ടം റോഡ് പരപ്പത്ത് കോളനിവരെ നീട്ടുക.

70. മടപ്പാട്ട് നിന്നും ഹരിജൻ കോളനി വഴി ചേരാനെല്ലൂർ റോഡിലേക്ക് വിട്ടുകൊടുക്കുന്ന സ്ഥലം സഞ്ചാരയോഗ്യമാക്കുക.

71. പതിമ്മൂന്നാം വാർഡിലെ പഞ്ചായത്തു റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

72. മുട്ടാർ പാലത്തിൻെറ താഴെ കടവുകെട്ടുക.

73. ആറാട്ടുകടവ് റോഡിൽ കടവ് കെട്ടുക.

74. രണ്ടാം വാർഡിൽ തോടുകളിൽ, വീട്ടിലേക്ക് പോകുവാൻ, നിലവിലുള്ള സ്ലാബുകൾ ദ്രവിച്ചു നിൽക്കുന്നതു കൊണ്ട് സ്ലാബുകൾ മാറ്റി സ്ഥാപിക്കുക.

75. അന്തിക്കാട് റോഡ് സഞ്ചാരയോഗ്യമാക്കുക.

76. ഫെറി റോഡിൽ നിന്നും ചെറിയ റോഡുകൾ രണ്ടെണ്ണമുണ്ട്. അവ നന്നാക്കുക.

## കടവുകൾ

1. ഡിപ്പോക്കടവ്, ചിറയംകടവ് എന്നിവ നിർമ്മിക്കുക
2. വള്ളോപ്പിള്ളി ലിങ്ക് റോഡിൻെറ അവസാനഭാഗം നിർമ്മിക്കുക
3. കോട്ടക്കടവ് പുനരുദ്ധരിക്കുക.
4. പുത്തലത്ത് കടവ് പഞ്ചായത്ത് ഏറ്റെടുക്കുകയും പുനരുദ്ധരിക്കുയും ചെയ്യുക
5. ആറാട്ട് കടവ് നിർമ്മിക്കുക.
6. വാലത്ത്കടവ് നിർമ്മിക്കുക
7. പള്ളിയാട്ടു കടവ് നിർമ്മിക്കുക
8. മുട്ടിനകം കടവ് നിർമ്മിക്കുക
9. കവലയ്ക്കൽ കടവ് - രണ്ടെണ്ണവും പുനരുദ്ധരിക്കുക.

## ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

1. ഏലൂർ ഫെറിയിൽ നിന്നും അംബേദ്കർ റോഡു കൂടി മേത്താനം വഴി എറണാകുളത്തു നിന്നും ആലുവായിൽ നിന്നും സർക്കുലർ ബസ് സർവീസ് ആരംഭിക്കുക.
2. ജെ.എൻ.എം വഴി എറണാകുളത്തുനിന്നും ഏലൂർക്ക് കൂടുതൽ ബസ് സർവീസ് ആരംഭിക്കുക.
3. രാത്രി എട്ടുമണിക്കുശേഷം ഏലൂരിൽ നിന്നും എറണാകുളത്തേക്ക് കൂടുതൽ ബസ് സർവീസ് ആരംഭിക്കുക.
4. സ്കൂൾ ഓഫീസ് സമയത്തുള്ള യാത്രാക്ളേശം പരിഹരിക്കുക.
5. ഏലൂരിൽ നിന്ന് രാവിലെ 4.30ന് ആരംഭിക്കുന്ന ബസ് സർവീസ് തുടങ്ങുക.

കളമശ്ശേരി പാലം മുതൽ ഏലൂർഫെറി വരെവരെയുള്ള പൊതുമരാമത്തു വകുപ്പ് റോഡുകൾ ഇപ്പോഴുള്ള വാഹനഗതാഗതത്തിന് അപര്യാപ്തമാകയാൽ വീതി കൂട്ടി 16 മീറ്ററാക്കി ഗതാഗത സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്. പ്രസ്തുത റോഡ് കടന്നുപോകുന്നത് കൂടുതലും കമ്പനികളുടെ സ്ഥലങ്ങളോടു ചേർന്നാകയാൽ വീതികൂട്ടുന്നതിനാവശ്യമായ സ്ഥലം കമ്പനികളിൽനിന്നും വില കൂടാതെ കിട്ടാൻ സാദ്ധ്യതയുണ്ട്.

കൂടാതെ മുട്ടാർ പാലം മുതൽ മേത്താനം കടവു വരെയുള്ള റോഡും 16 മീറ്ററാക്കി വീതി കൂട്ടേണ്ടതും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമാണ്.

പ്രസ്തുത റോഡുകളുടെ വികസനത്തിന് ആവശ്യമായ തുക പ്രത്യേക ഫണ്ടായി സ്വരൂപിക്കാവുന്നതാണ്. ഏലൂർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നും സ്പോൺസർഷിപ്പ് വ്യവസ്ഥയിലും പഞ്ചായത്തിൽ നിന്നും ബോണ്ടു വിതരണം വഴിയായും റോഡു വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

## മെറ്റലിംഗ് നടത്തേണ്ട റോഡുകൾ

1. കൂടുങ്ങൽ കടവ് റോഡ്, കൂടുങ്ങൽ കോടതി റോഡ്
2. പള്ളിക്കര റോഡ്.
3. പള്ളിക്കര ഇടവഴിറോഡ്
4. പാതാളം കൊമ്പത്തിൽ റോഡ്.
5. കൊമ്പത്തിൽ പാതാളം ഇടവഴി
6. പാതാളം പാലം റോഡ്.
7. പാതാളം പള്ളം റോഡ്.
8. ചെറാക്കുഴി റോഡ്
9. ചെറാക്കുഴി ലിങ്ക് 2 റോഡ്
10. ചെറാക്കുഴി അന്തോളി പള്ളം റോഡ്
11. അന്തോളി പള്ളം റോഡ്
12. കൊയ്യാട്ട് റോഡ്
13. കോമ്പാറ റോഡ്
14. മേപ്പരിക്കുന്ന് ഇടവഴി – 1,2,3
15. കൊച്ചുവീട്ടിൽ റോഡ്.
16. ഇ.എസ്.ഐ. പള്ളിക്കര റോഡ്.
17. തറമാലി ലിങ്ക് റോഡ് 1,2
18. ചന്ദ്രത്തിൽ റോഡ്
19. ഇ.ടി.എച്ച്. സൈഡ് ഇടവഴി.
20. ഇച്ചായൻകോളനി റോഡ്.
21. കുറ്റിക്കാട്ടുകര പള്ളി റോഡ്.
22. വാടയ്ക്കൽ – കുറ്റിക്കാട്ടുകര പള്ളി റോഡ്
23. പൂവത്തുംപറമ്പ് റോഡ്, ആശാരി കോളനി റോഡ്.
24. കോട്ടുക്കുന്നു ചരിവുറോഡ്, കുറ്റിക്കാട്ടുകര പള്ളിറോഡ്.
25. കോട്ടക്കുന്നു ചരിവിൽ–1,2,3,4,5,6
26. പുഞ്ചത്തോട് റോഡ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഏലൂർ പഞ്ചായത്തിൽ 10102 കെട്ടിടങ്ങൾ ഉണ്ട് 245 എണ്ണം ഒന്നിൽ കൂടുതൽ നിലയുള്ളതാണ്. 3393 കെട്ടിടങ്ങൾ കോൺക്രീറ്റ് മേൽക്കൂരയുള്ളവയും 5145 എണ്ണം ഓടുമേഞ്ഞവയും 257 എണ്ണം ഓലമേഞ്ഞവയും 1034 എണ്ണം മറ്റു തരത്തിലുള്ള മേൽക്കൂരയോടുകൂടിയവയുമാണ്. ഭവന നിർമ്മാണ പദ്ധതിയിലൂടെ പണിതിട്ടുള്ളത് 28 വീടുകളാണ്.

പഴയ ഭവന നിർമ്മാണ രീതിയിൽ പണിതിട്ടുള്ള എട്ടുകെട്ടും പടിപ്പുരയും ഉള്ള തറവാട് എലൂരിന്റെ പോയകാല സമൃദ്ധിയെ ഓർമ്മിപ്പിക്കുന്നു. തൊഴിൽതേടി ഏലൂരിൽ വന്നു താമസിക്കുന്ന തമിഴരായ പാവപ്പെട്ടവരുടെ 'മറ'കൾ ചിലഭാഗങ്ങളിൽ ഉണ്ട്.

## വീടിനെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ

| Sl.No. | വാർഡ് | ഓട് | വാർക്ക | ഓടും വാർക്കയും | കുടിൽ | Total |
|---|---|---|---|---|---|---|
| 1 | I | 264 | 114 | 71 | 32 | 481 |
| 2 | II | 259 | 222 | 106 | 17 | 604 |
| 3 | III | 323 | 90 | 81 | 13 | 507 |
| 4 | IV | 318 | 168 | 109 | 1 | 596 |
| 5 | V | 480 | 308 | 185 | 73 | 1046 |
| 6 | VI | 148 | 186 | 147 | 26 | 507 |
| 7 | VII | 179 | 148 | 163 | 33 | 523 |
| 8 | VIII | 297 | 159 | 59 | 32 | 547 |
| 9 | IX | 149 | 229 | 26 | 3 | 641 |
| 10 | X | 264 | 214 | 99 | 14 | 591 |
| 11 | XI | 227 | 142 | 51 | 7 | 427 |
| 12 | XII | 207 | 220 | 109 | 10 | 546 |
| 13 | XII | 196 | 142 | 69 | 9 | 416 |

1995–96 ൽ ജെ.ആർ.വൈ. പദ്ധതിയിൽപെടുത്തി എസ്.സി. എസ്.ടി. വിഭാഗത്തിൽപ്പെടുന്ന 4 കുടുംബങ്ങൾക്ക് 4 വീടുകളും മൊത്തം 106 കക്കൂസുകളും പണിയുന്നതിനു ആരംഭിച്ചു. മൊത്തം 2,65,000 രൂപ ചെലവുപ്രതീക്ഷികകുന്ന ഈ പദ്ധതിയിൽ ഇതിനകം 11,400 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ വകയായി പൊതു മാർക്കറ്റ് നിലവില്ല. ഫാക്ട് വക സ്വകാര്യ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതുജനങ്ങളുടെ ആവശ്യത്തിനു മതിയാകുന്നില്ല. അതിനാൽ പഞ്ചായത്തുവകയായി മാർക്കറ്റ് സ്ഥാപിക്കു ന്നതിനു നടപടിയുണ്ടാകണം.

വീടുവയ്ക്കുന്നതിനു സ്വന്തമായി സ്ഥലമില്ലാത്ത കുറഞ്ഞവരുമാനക്കാർക്കും ഭവന നിർമ്മാണ വായ്പയ്ക്ക് അർഹതയുള്ളവർക്കും ന്യായവിലയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഉതകുന്ന ഒരു പദ്ധതി ആവശ്യമാണ്. പുറംപോക്കു സ്ഥലങ്ങളും കൃഷിക്കോ മറ്റാവശ്യങ്ങൾക്കോ ഉപകരിക്കാ നാകാതെ തരിശായി കിടക്കുന്ന പ്രദേശങ്ങളും പഞ്ചായത്ത് ഏറ്റെടുത്ത് അർഹിക്കുന്നവർക്ക് ന്യായമായ വിലയ്ക്ക് 5 സെൻറ് വീതം നൽകുന്ന സംവിധാനം നിലവിൽ വരണം. അതോടൊപ്പം ദാരിദ്രരേഖയ്ക്കു താഴെയുള്ള എസ്.എസി. എസ്.ടി. വിഭാഗത്തിൽ അർഹതപ്പെട്ടവർക്ക് സൗജന്യമായി ചുരുങ്ങിയത് 3 സെൻറ് വീതം നൽകുന്നതിനും യുക്തമായ നടപടികൾ സ്വീകരിക്കണം.

| |
|---|
| 1. ഏലൂരിലെ പഴംകഥപറയും എട്ടുകെട്ടുവീട് - കൽച്ചൂർ തറവാട് 10-ാം വാർഡ് |
| 2. പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വീട്ടുനികുതി കൊടുക്കുന്ന വീട് II-ാം വാർഡിൽ - വനജമന്ദിരം - മാസവാടക 12000/- കണക്കാക്കി നികുതി 716 രൂപ |
| 3. 10 രൂപ വീട്ടുനികുതി കൊടുക്കുന്ന ധാരാളം വീടുകളുണ്ട്. |
| 4. പഞ്ചായത്തിൽ ആകെ 96 കുടിലുകളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

(വീടുകൾ നിർമ്മിക്കുമ്പോൾ ആഡംബരങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നതൊഴിവാക്കി അവശ്യസൗകര്യങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുക്കുന്ന ഒരു കാഴ്ചപ്പാട് വളരേണ്ടതാവശ്യമാണ്.)

തൊഴിൽ സംബന്ധമായി ഈ പഞ്ചായത്തിൽ വന്നു താത്കാലികമായി താമസിക്കുന്ന ഭവനരഹിതർക്കും പുറംപോക്കിൽ കുടിൽ വെച്ചു താമസിക്കുന്നവർക്കും ഓരോ വാർഡിലും ഓരോ ലേബർ കോളനികൾ സ്ഥാപിക്കേണ്ടതും ഉടമാവകാശം ഇല്ലാതെ മിതമായ വാടകയ്ക്ക് നൽകേണ്ടതുമാണ്. വഴിയോരങ്ങളിലെ കുടിലുകൾ പാടേ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഒരു ലേബർ കോളനി പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തണം.

പഞ്ചായത്തിലെ പല വാർഡുകളിലും ഹൗസിംഗ് സൊസൈറ്റികൾ ഉണ്ടാവണം എന്ന ആവശ്യം ശക്തിയായി ഉയർന്നു വന്നിട്ടുള്ളതിനാൽ ഏലൂർ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടുംവിധം 'ഏലൂർഹൗസിംഗ് സൊസൈറ്റി' രൂപീകരിക്കുന്നതിനും ഭവന നിർമ്മാണബോർഡ്, ഹഡ്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് യഥാവസരം സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനയും ഗുണനിലവാരത്തകർച്ചയും ഭവന നിർമ്മാണ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ സംഭരിച്ച് ന്യായമായ രീതിയിൽ വിതരണം ചെയ്യാനുള്ള സംവിധാനം വേണം. ഹോളോബ്രിക്സ്, കോൺക്രീറ്റ് ബ്ലോക്കുകൾ, കട്ടിള–ജനൽ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ഹൗസിംഗ് സൊസൈറ്റി തുടങ്ങുക. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സമ്പ്രദായംപ്രാവർത്തികമാക്കുന്നതിന് നിർമ്മാണത്തൊഴിലാളികളെ 'നിർമ്മിതി' കേന്ദ്രത്തിൽ പരിശീലനത്തിനയക്കാൻ സൊസൈറ്റി മുൻകൈ എടുക്കണം.

വ്യാവസായ സംരംഭങ്ങൾക്ക് സ്ഥലമെടുക്കുമ്പോൾ ഭവന രഹിതരാവുന്നവർക്ക് പുരധിവാസ സൗകര്യങ്ങൾ പ്രസ്തുത സ്ഥാനങ്ങൾ തന്നെ ചെയ്തുകൊടുക്കേണ്ടതാണ്. ലാൻറ് അകിസിഷൻ അധികാരികൾ നിബന്ധനകൾക്കു വിധേയമായി മാത്രം നടപടി പൂർത്തിയാക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് സ്വന്തമായി കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക പഞ്ചായത്തിൽ വൃദ്ധമന്ദിരം നിർമ്മിക്കേണ്ടതും അനാഥരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

ഏലൂരിലെ വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ പഞ്ചായത്തിൽ കഴിയുന്നതും വേഗം വൈദ്യുത ശ്മശാനം നിർമ്മിക്കേണ്ടതാണ്.

ഫാക്ട് കവലയിലും ഏലൂർഫെറിയിലും പാതാളം കവലയിലും ഓരോ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

3,8,10,11 വാർഡുകളിൽ അംഗൻവാടികൾ ആരംഭിക്കണം. ഒന്നാം വാർഡിൽ നിലവിലുള്ള അംഗൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

നാലാം വാർഡിൽ പനമ്പിള്ളി റോഡിലുള്ള 4 സെൻറ് പുറംപോക്കുഭൂമിയിൽ പബ്ലിക് ലൈബ്രറി സ്ഥാപിക്കുകയും 12–ാം വാർഡിൽ പ്രവർത്തനരഹിതമായിരിക്കുന്ന

ഗ്രാമീണവായനശാല തുറന്നു പ്രവർത്തിക്കുന്നതിനു സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുകയും ചെയ്യുക.

പഞ്ചായത്തിന് ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും പത്താം വാർഡിൽ മാതൃശിശുക്ഷേമകേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കുക.

ടി.സി.സി. അധികാരികളും സ്ഥലവാസികളും തമ്മിൽ തർക്കത്തിൽ മരവിച്ചിരിക്കുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുക.

ഐ.ആർ.ഇ., ഐച്ച്.ഐ.എൽ. കമ്പനികളിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ സ്ഥലവാസികൾക്ക് ഉപദ്രവമില്ലാതെ നിർമ്മാർജ്ജനം ചെയ്യുന്നതിനു കമ്പനി അധികാരികളുമായി ചർച്ചചെയ്ത് പദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കണം.

അറവുശാലകൾ ശാസ്ത്രീയമായി നിർമ്മിച്ചു നൽകുകയും അവ ശുചിയായി പ്രവർത്തിക്കുന്നതിനു കർശന നിബന്ധനകൾ വഴി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുക.

അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും കന്നുകാലികളെ പിടിച്ചുകെട്ടി ഉടമസ്ഥനിൽനിന്നും പിഴ ഈടാക്കുകയും ചെയ്യുക.

പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താതെ ഷെഡ് കെട്ടി വാടകയ്ക്കു നൽകുന്നവരുടെ പേരിൽ നിയമനടപടികൾ കൈക്കൊള്ളുക.

ഹെൽപേജ് ഇന്ത്യയുടെ സഹായത്തോടെ സഞ്ചരിക്കുന്ന ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുക.

പഞ്ചായത്തിൽ എല്ലാ കവലകളിലും ചവറു തൊട്ടികൾ സ്ഥാപിക്കുകയും ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ചവറുകൾ നീക്കം ചെയ്യുന്നതിനു വാഹനങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും.

ഏലൂർപഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സുകളായിരുന്നത് കുളങ്ങളും കിണറുകളുമായിരുന്നു. വ്യവസായശാലകളുടെ ആവിർഭാവത്തോടെ പല കുളങ്ങളും കിണറുകളും നികത്തപ്പെട്ടു. ഒപ്പം ജനസാന്ദ്രത ഏറുകയും ചെയ്തു. ഇവ രണ്ടും കുടിനീർ ക്ഷാമത്തിനു കാരണമായി. വ്യവസായശാലകൾ പുറംതള്ളുന്ന മാലിന്യങ്ങൾ പുഴയിലെ ജലം മലിനമാക്കി. ശേഷിക്കുന്ന കിണറുകളെയും പൊതുപൈപ്പുകളെയും ആശ്രയിച്ചാണ് ജനങ്ങൾ ഇന്നു ജീവിക്കുന്നത്. "വെള്ളം വെള്ളം സർവത്ര; തുള്ളി കുടിക്കാനില്ലത്രെ" എന്ന വചനം അന്വർത്ഥമാക്കുന്ന അവസ്ഥാവിശേഷമാണ് ഇന്ന് ഈ പഞ്ചായത്തിലുള്ളത്.

ശുദ്ധജലത്തിൻെറ രാസ, ഭൗതിക, ബാക്ടീരിയ ഗുണനിലവാരം

| ഭൗതികഗുണനിലവാരഘടകം | അളവ് |
|---|---|
| 1. നിറം (ഹാസൽ) | 10 |
| 2. ഗന്ധം | സാമാന്യം |
| 3. രുചി | സ്വീകാര്യം |
| 4. കലക്കൽ(എൻടിയു) | 10 |
| 5. ലയിച്ച ഖരവസ്തുക്കൾ മി.ഗ്രാം | 500 |
| 6. പി.എച്ച്. | 6.5-8.5 |
| 7. ക്ഷാരത രാസഗുണനിലവാരം | |
| $CaCo_3$ mg/l | 0 |
| 8. കാഠിന്യം $CaCo_3$ mg/l | 300 |
| 9. കാൽസ്യം Ca mg/l | 25 |
| 10. മഗ്നീഷ്യം Mg. (mg/l) | 30 |
| 11. ക്ളോറൈഡുകൾ Cl. (mg/l) | 250 |
| 12' സൾഫേറ്റുകൾ S04 (mg/l) | 150 |
| 13. ഫ്ളൂറൈഡുകൾ F(mg/l) | 0.6-1.2 |
| 14. നൈട്രേറ്റുകൾ NO3(mg/l) | 45 |
| 15. സൾഫൈഡുകൾ S (mg/l) | 0 |
| 16. ഇരുമ്പ് F(mg/l) | 0.3 |
| 17. അവശേഷിത സ്വതന്ത്രക്ളോറിൻ | 0.2 |
| ബാക്ടീരിയ നിലവാരം | |
| കോളോഗ് ഫോമിംഗ് യൂണിറ്റ് /100ml | 0/100 ml |

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിൽ പൊതുവെയും 1,2,3,4,10,11,13 വാർഡുകളിൽ പ്രത്യേകിച്ചും രൂക്ഷമായ കുടിനീർക്ഷാമം അനുഭവപ്പെടുന്നു.

2. വ്യവസായവൽക്കരണംമൂലം കിണറുകളിലെ ജലം മലിനമായിരിക്കുന്നു.

3. കോട്ടക്കുന്നിൽ നിലവിലുള്ള പൈപ്പ് ലൈനിൽകൂടി ജലം ഒഴുകുന്നില്ല.

4. പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണം അപര്യാപ്തമാണ്.

5. പഞ്ചായത്തിലെ ഗവൺമെൻറ് സ്കൂളുകളിൽ വേണ്ടത്ര ശുദ്ധജലമില്ല.

## നിർദ്ദേശങ്ങൾ:

1. നിലവിൽ പൈപ്പ് ലൈൻ ഇല്ലാത്തിടത്ത് ഉണ്ടാക്കുക; ആവശ്യത്തിനു പൊതുടാപ്പുകൾ സ്ഥാപിക്കുക.

2. വ്യവസായവൽക്കരണം മൂലം മലിനമായ കിണറുകൾ കമ്പനികളുടെ സഹകരണത്തോടെ ശുദ്ധീകരിക്കുക.

3. നിലവിലുള്ള പൈപ്പുകളുടെ ലീക്കേജ് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുക. ആവശ്യകത പരിഗണിച്ച് അനുയോജ്യമായ സ്ഥലത്തേക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

4. ഏലൂരിൽ ഒരു ഗ്രൗണ്ട് വാട്ടർടാങ്ക് നിർമ്മിച്ച് പൈപ്പുലൈനിൽ നിന്നു ജലം സംഭരിച്ച് ഓവർടാങ്കിലേക്കു ബൂസ്റ്റ് ചെയ്താൽ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ജലമെത്തിക്കാൻ സാധിക്കും.

5. വരാപ്പുഴ പഞ്ചായത്തിലേക്കും ഏലൂർപഞ്ചായത്തിലേക്കും ജലം പ്രവഹിക്കുന്നത് ഒരേ പൈപ്പിലൂടെയാണ്. ഓരോ പഞ്ചായത്തിലേക്കും ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. മഞ്ഞുമ്മൽ പദ്ധതി (ശ്രീ ഇട്ടൂപ്പ് മാമ്പിള്ളി തയ്യാറാക്കിയ മഞ്ഞുമ്മൽ പ്രൊജക്ട്) നടപ്പിൽ വരുകയാണെങ്കിൽ ഏലൂർ പഞ്ചായത്തിലും തീരദേശമുൾപ്പെടുന്ന ഞാറക്കൽ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും ഇന്നനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാനാകും. വല്ലാർപാടം കണ്ടയ്നർ-ബർത്ത് വരുന്നതോടെ കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജലം വിതരണവും ചെയ്യാനാകും. ഏറെ

സാമ്പത്തിക ലാഭം കൈവരിക്കാവുന്ന ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം, ചെലവ് എന്നിവ ആലുവയിൽനിന്ന് പൈപ്പ്ലൈൻ ഇരട്ടിപ്പിക്കുന്നതിനു വരുന്നതിനെക്കാളും തുലോം കുറവുമായിരിക്കും. മാത്രമല്ല ആലുവ വാട്ടർ സപ്ലൈ പമ്പിംഗ് സ്റ്റേഷൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുകയെന്ന ഭാരിച്ച പ്രയത്നം ഒഴിവാക്കുകയും ആകാം.

7. നല്ല ഉറവുള്ള ശുദ്ധജല സ്രോതസ്സുകൾ കണ്ടെത്തി സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെ ചെറിയ ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കുക.

8. ഇടമുള പദ്ധതി, മഞ്ഞുമ്മൽ പദ്ധതിക്കു പകരം വരുകയാണെങ്കിൽ കുറെക്കൂടി ശുദ്ധമായ ജലം കൂടിയ അളവിൽ ലഭിക്കാൻ ഇടയാകും.

9. പാഴായിപ്പോകുന്ന മഴവെള്ളം തടഞ്ഞുനിർത്തി ഭൂഗർഭജല സ്രോതസ്സുകളെ സമ്പന്നമാക്കാനുതകുന്ന നീർമറി സംരക്ഷണ പദ്ധതികൾ നടപ്പാക്കുക.

10.മേൽക്കൂരകളിലെ മഴവെള്ളം സംഭരിച്ചു ശേഖരിക്കാനുതകുന്ന ഫെറോസിമൻറ് ടാങ്കുകളുടെ സാദ്ധ്യത പഠിക്കുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.

# പൊതുജനാരോഗ്യം

ഏലൂരിലെ പഴയകാലത്തെ ചികിത്സാ രീതി ആയുർവേദമായിരുന്നു. ചികിത്സകരിൽ പാരമ്പര്യ വൈദ്യൻമാരും, അംഗീകൃതവൈദ്യൻമാരും ഉണ്ടായിരുന്നു. അറയ്ക്കൽ തൊമ്മി വൈദ്യൻ, ശങ്കരൻ വൈദ്യൻ, വേലൻ വൈദ്യൻ, മത്തായി വൈദ്യൻ, വിഷ വൈദ്യൻ മൈക്കിൾ, കുഞ്ചുവൈദ്യൻ തുടങ്ങിയവർ പ്രസിദ്ധരായിരുന്നു. മണക്കോലി രാമൻപിള്ള വൈദ്യൻ കഴിഞ്ഞ തലമുറയിലെ പേരുകേട്ട നേത്രരോഗ ചികിത്സകനായിരുന്നു. ഏലൂർ പഞ്ചായത്ത് ആഫീസിനു സമീപമുള്ള മണലിമുത്തപ്പനെ പ്രസാദിപ്പിച്ചാൽ രോഗശാന്തി ഉണ്ടാകുമെന്ന് പണ്ട് കാലത്ത് ഒരു വിഭാഗം ജനങ്ങൾ വിശ്വസിച്ചിരുന്നു. പ്രസവം പ്രസവാനന്തര ശുശ്രൂഷകൾ എന്നിവയ്ക്കായി നാടൻ വയറ്റാട്ടികൾ (പതിച്ചികൾ) ഉണ്ടായിരുന്നു.

പഴയ വൈദ്യശാസ്ത്രത്തിൻെറ തുടർച്ചയെന്നോണം അഖില കേരള പാരമ്പര്യ വൈദ്യഫെഡറേഷൻെറ സംസ്ഥാനതല കാര്യാലയം ഏലൂരിൽ പ്രവർത്തിച്ച് ഗവേഷണങ്ങൾ നടത്തിവരുന്നു. സംസ്ഥാന പ്രസിഡൻറ് വൈദ്യൻ എം. ബാലകൃഷ്ണൻ നായരാണ്. ഏലൂരിൽ ആദ്യമായി അലോപ്പതി ചികിത്സാരീതി കൊണ്ടുവന്നത് ബ്രദർ നിക്കോളാസ് എന്ന ഭിഷഗ്വരനാണ്. അദ്ദേഹം സ്ഥാപിച്ചതാണ് മഞ്ഞുമ്മലെ സെൻറ് ജോസഫ്സ് ഹോസ്പിറ്റൽ.

പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നുണ്ട്. ഫാക്ടിൽ ജോലി ചെയ്യുന്നവർക്കായി ജെ.എൻ.എം. ഹോസ്പിറ്റലും തൊഴിലാളികൾക്കായി ഇ.എസ്.ഐ. ഡിസ്പെൻസറിയും ആശുപത്രിയും ഉണ്ട്. മൂന്നു സ്വകാര്യ ക്ലിനിക്കുകളും ഒരു സ്വകാര്യ ആശുപത്രിയും ഉണ്ട്. പി.എച്ച്.സിയുടെ കീഴിൽ 5 സബ്സെൻററുകൾ പ്രവർത്തിക്കുന്നു. എല്ലാ മാസവും ഇ.എസ്.ഐ. ഡിസ്പെൻ സറി, മഞ്ഞുമ്മൽപള്ളി, പി.എച്ച്.സി. എന്നിവിടങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തിവരുന്നു.

പഞ്ചായത്തിലെ മരണനിരക്ക് സംസ്ഥാന നിരക്കിനേക്കാൾ താഴെയാണ്. ഇക്കൊല്ലം ശിശുമരണങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രസവത്തോടൊപ്പം മാതാവ് മരിച്ചതായും റിപ്പോർട്ടില്ല. ഗർഭസ്ഥ ശിശുക്കളുടെ മരണം മൂന്ന് എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ജനനനിരക്ക് 13.32 ആണ്.

## ജനനമരണ നിരക്ക്

| YEAR | BIRTH | | STILL BIRTH | | DEATH | |
|---|---|---|---|---|---|---|
| | MALE | FEMALE | MALE | FEMALE | MALE | FEMALE |
| 93 93-94 | 134 | 133 | | 1 | 72 | 46 |
| | 271 | | | | 118 | |
| 94 94-95 | 112 | 92 | 2 | | 88 | 48 |
| | 204 | | | | 136 | |
| 95 95-96 | 121 | 110 | | | 75 | 51 |
| | 231 | | NIL | | 126 | |

## ശിശു–മാതൃ ആരോഗ്യവിവരം

| Ward | 0-1 | 1-5 | Antelatal | Total |
|---|---|---|---|---|
| I,II,III | 101 | 431 | 34 | 842 |
| IV,V | 79 | 288 | 44 | 997 |
| VI,VII | 50 | 226 | 28 | 710 |
| VIII | 28 | 168 | 16 | 452 |
| IX,X | 95 | 307 | 31 | 822 |
| Total | 353 | 1440 | 153 | 3923 |
| XI,XII,XIII | 102 | 309 | 32 | 887 |
| Total | 455 | 1749 | 185 | 4810 |

പഞ്ചായത്തിലെ 90% ദമ്പതികളും കുടുംബക്ഷേമ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുന്നു. മിക്ക കുടുംബങ്ങളിലും രണ്ട് കുട്ടികളാണ് ഉള്ളത്. മൂന്നിൽ കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ വളരെ വിരളമാണ്.

വ്യവസായ സമ്പന്നമായ ഏലൂരിൽ അന്തരീക്ഷ ജല മലിനീകരണം മൂലമുണ്ടാകുന്ന രോഗങ്ങളാണ് പൊതുവെ കണ്ടുവരുന്നത് അധികവും ശ്വാസകോശസംബന്ധമായ രോഗങ്ങളാണ്. ആസ്ത്മ പിടിപെട്ടവർ ധാരാളമാണ്. ചൊറിച്ചിൽ പോലുള്ള രോഗങ്ങളും കണ്ടുവരുന്നു. വിട്ടുമാറാത്ത ചുമയും പനിയുമാണ് കുട്ടികളിൽ കണ്ടുവരുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്നവർക്ക് മലേറിയ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്, ഐ.ആർ.ഇ.യിൽ നിന്നുള്ള റേഡിയേഷൻമൂലം ക്യാൻസർ രോഗവും, വന്ധ്യതയും വർദ്ധിക്കുന്നതായി ബലമായി സംശയിക്കുന്നു. ധാരാളം കുട്ടികൾക്ക് ബുദ്ധിമാന്ദ്യം ഉണ്ടാകുന്നതായി കാണപ്പെടുന്നു.

## ആരോഗ്യപ്രശ്നങ്ങൾ:

1. പഞ്ചായത്തിൽ ഈയിടെ ആരംഭിച്ച പ്രൈമറി ഹെൽത്ത് സെൻററിനു സ്വന്തമായി കെട്ടിടമോ വേണ്ടത്ര ജീവനക്കാരോ, അവശ്യ മരുന്നുകളോ ഇല്ല.
2. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്ന കശാപ്പുശാലകൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു.
3. കൊതുക് ശല്യം രൂക്ഷമാണ്, ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങൾ നിലവിലില്ല.
4. ചപ്പുചവറുകൾ പൊതു സ്ഥലങ്ങളിൽ കുമിഞ്ഞു കിടക്കുന്നു. വേസ്റ്റ് ബിൻ പതിവായി വൃത്തിയാക്കാറില്ല.
5. കമ്പനി കോളനികളിൽ നിന്ന് പാഴ്വസ്തുക്കളും മലിനജലവും പുറത്തേക്ക് അലക്ഷ്യമായി തള്ളുന്നതുമൂലം പരിസരമലിനീകരണം ഉണ്ടാകുന്നു.
6. കമ്പനികളിൽ നിന്നും പുറംതള്ളുന്ന പുകയും വാതകങ്ങളും അന്തരീക്ഷത്തെയും പാഴ്വസ്തുക്കൾ മണ്ണിനെയും ജലത്തെയും വിഷമയമാക്കുന്നു.
7. വ്യവസായ ശാലകളിൽ നിന്നുണ്ടാകുന്ന പൊട്ടിത്തെറി വാതകചോർച്ച, തീപിടുത്തം തുടങ്ങിയ അത്യാപത്തുകളിൽ നിന്നു രക്ഷപ്പെടാൻ സുരക്ഷിതമായ മാർഗ്ഗങ്ങൾ അപര്യാപ്തമാണ്.
8. രോഗപ്രതിരോധരംഗത്ത് സർക്കാർ നടപ്പാക്കുന്ന പദ്ധതികളൊന്നും പൊതുജനങ്ങളിൽ എത്തിച്ചേരുന്നില്ല.
9. ലക്ഷംവീടു ഭാഗം മുതൽ പി.ഡി. വരെയുണ്ടായിരുന്ന തോട് കമ്പനി അടച്ചു കെട്ടിയതിനാൽ ഗോഡൗൺ, മാടപ്പാട് ഭാഗങ്ങളിൽ അഴുക്കുവെള്ളവും മാലിന്യങ്ങളും കെട്ടിക്കിടക്കുന്നു.

## നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൻെറ കീഴിലുള്ള പ്രൈമറി ഹെൽത്ത് സെൻററിന് സ്വന്തമായി കെട്ടിടവും ആവശ്യമായ ഉപകരണങ്ങളും കഴിവതും വേഗം നല്കുക. ശരിയായ സ്റ്റാഫ് പാറ്റേൻ സമ്പ്രദായം നടപ്പാക്കുക. ഭാവിയിൽ ഇതൊരു സർക്കാർ ആശുപത്രിയായി ഉയർത്തുന്നതിനുള്ള കാഴ്ചപ്പാടുണ്ടാവണം. ആശുപത്രിയോടൊപ്പം പബ്ലിക് ലബോറട്ടറിയും വിഭാവനം ചെയ്യുക.
2. പഞ്ചായത്തുതലത്തിൽ ആയുർവേദ-ഹോമിയോ ചികിത്സാലയങ്ങൾ സ്ഥാപിക്കുക. യോഗാരീതികളും പ്രകൃതി ചികിത്സാ മാർഗ്ഗങ്ങളും ഏർപ്പെടുത്തുക.
3. ഓരോ വ്യവസായശാലയും പുറംതള്ളുന്ന വിഷ വസ്തുക്കളുടെ തോത്, നിയന്ത്രണ സംവിധാനങ്ങൾ എന്നിവ അറിയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
4. വിസർജ്യ വസ്തുക്കളും മലിനജലവും പുഴയിലേക്ക് ഒഴുക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുക.
5. സെപ്റ്റിക് ടാങ്കുകളുടെ 'വായു ബഹിർഗമന കുഴലുകൾ നെറ്റ് കൊണ്ടു മൂടുക- ഇതിന് സന്നദ്ധ പ്രവർത്തകസംഘത്തെ ഉപയോഗപ്പെടുത്തുക. കൊതുകുശല്യം തടയുന്നതിനു ഫോമിംഗ് മെഷീൻ ഉപയോഗപ്പെടുത്തുക.
6. ഇറച്ചിവെട്ടുമൂലം ഉണ്ടാകുന്ന പരിസരമലിനീകരണം ഒഴിവാക്കുന്നതിനു പഞ്ചായത്തിൻെറ കീഴിൽ പൊതു കശാപ്പുശാല സ്ഥാപിക്കുക. മൃഗപരിശോധന ചെയ്ത് വെറ്റിനറി ഡോക്ടർ ഭക്ഷ്യയോഗ്യമെന്നു തീർച്ചപ്പെടുത്തിയ ഉരുക്കളെ മാത്രം കശാപ്പു ചെയ്യുക.
7. മദ്യം മയക്കുമരുന്ന്, പുകവലി എന്നിവ വരുത്തുന്ന

ദോഷഫലങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണം സന്നദ്ധ സംഘങ്ങളുടെ കൂട്ടായ്മയോടെ നടത്തുക. പൊതുസ്ഥലങ്ങളിലെ പുകവലി, ആഘോഷവേളകളിലെ മദ്യപാനം നിരത്തുകളിൽ തുപ്പുക, പാഴ്‌വസ്തുക്കൾ എറിയുക എന്നിവ തടയുക.

8. എല്ലാ വിദ്യാലയങ്ങളിലും ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമായി നടത്തുക.

9. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ആരോഗ്യപരിപാലന നടപടികൾ പൊതുജനങ്ങളിലേക്ക് എത്തുന്നുണ്ടോ എന്ന് കൂടെക്കൂടെ പരിശോധിക്കുക.

10. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യവസായശാലകളുടെ സാങ്കേതിക സഹായസഹകരണങ്ങളോടെ സുരക്ഷിതത്വ ബോധവൽക്കരണം നടത്തുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## *ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ*

1. വ്യവസായശാലകൾ ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന ജലം പൊതു പൈപ്പിലൂടെ എത്തിക്കുന്നതിന് വട്ടർ അഥോറിറ്റി തടസ്സം നിൽക്കുന്നു. ആയത് ഒഴിവാക്കാൻ സർക്കാരും പഞ്ചായത്തും ഇടപെട്ട് സാങ്കേതിക തടസ്സങ്ങൾ നീക്കാൻ നടപടി എടുക്കുക.

2. ആയിക്കുളം, കുഴികണ്ടം, മാട്ടുപുറം, തെയ്യത്തുംപറമ്പ്, കാഞ്ഞിരക്കുഴി, വൈലോക്കുഴി അംബേദ്കർ ഹരിജൻ കോളനി എന്നിവിടങ്ങളിൽ പുതുതായി പൈപ്പ് ലൈൻ സ്ഥാപിക്കുക.

3. നിലവിലുള്ള ലൈനുകൾ ക്ലീൻ ചെയ്ത് വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുക. ടാപ്പുകളുടെ ആവശ്യകത പരിശോധിച്ച് ആവശ്യമുള്ളിടത്തേക്ക് മാറ്റി സ്ഥാപിക്കുക.

4. കിണറുകളിലെ ജലം പരിശോധിച്ച് ഉപയോഗ യോഗ്യമാണോ എന്ന് ഉടമസ്ഥനെ ബോദ്ധ്യപ്പെടുത്തുക.

5. പൈപ്പുലൈനുകളുടെ ലീക്കേജ് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുക.

6. ആമംതുരുത്ത് റോഡിനെ കുഴിക്കണ്ടവുമായി ബന്ധിപ്പിക്കുന്നിടത്ത് 25-ാംളം വീട്ടുകാർക്ക് കക്കൂസ് ഇല്ല. അടിയന്തരമായി അവ നിർമ്മിക്കാൻ പദ്ധതിയുണ്ടാക്കുക.

7. പഞ്ചായത്തിന്റെ ചപ്പുചവറുകൾ തെയ്യത്തുംപറമ്പിൽ നിക്ഷേപിക്കുന്നത് നിർത്തലാക്കുക. (ആൾ താമസമില്ലാത്ത സ്ഥലത്തേയ്ക്കു മാറ്റുക.)

8. കാന ഇല്ലാത്തിടത്ത് നിർമ്മിക്കുകയും ഉള്ളവ താഴ്ത്തി സമയാസമയം വൃത്തിയാക്കുകയും ചെയ്യുക. വേസ്റ്റ് ബിൻ ഉള്ളവ വൃത്തിയാക്കുകയും ഇല്ലാത്തിടത്ത് സ്ഥാപിക്കുകയും ചെയ്യുക.

9. ഏലൂർ ബസ്സ്റ്റാൻറിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക

10. ഒന്നാം വാർഡിലുള്ള ഹെൽത്ത് സെൻറർ ആശുപത്രിയായി ഉയർത്തുക.

11. ഫാക്ടറികളിൽ നിന്നും മലിനജലം പൈപ്പ് ലൈനിലൂടെ ഒഴുക്കുവാൻ നടപടി എടുക്കുക. മലനീകരണത്തിന്റെ തോത് പഞ്ചായത്ത് ഇടപെട്ട് നിയന്ത്രിക്കുക.

12. ഒന്നും രണ്ടും വാർഡിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ട ഏലൂർ മേത്താനം പാലം അടിയന്തിരമായി നിർമ്മിക്കുക. മെർക്കം കമ്പിനിയിൽകൂടി പോകുന്ന കുഴിക്കണ്ടംതോടിന്റെ തടസ്സം നീക്കി നീരൊഴുക്കു സുഗമമാക്കുക.

13. കമ്പനിയിൽ ശുദ്ധീകരിച്ചെടുക്കുന്ന ജലം മൂന്നാം വാർഡിൽ എത്തിക്കുവാൻ പഞ്ചായത്ത് ഇടപെട്ട് നടപടി എടുക്കുക.

14. പമ്പിംഗ് സ്റ്റേഷൻ ആരംഭിക്കുക.

15. ആസ്ത്മ, ചുമ, ക്യാൻസർ, ത്വക്ക് രോഗങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ സുരക്ഷാമാർഗ്ഗങ്ങളും ബോധവൽക്കരണവും നടത്തുവാൻ പ്രാഥമികാരോഗ്യകേന്ദ്രം വഴി മാർഗ്ഗങ്ങൾ കണ്ടെത്താൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

# ഊർജ്ജം

ഏലൂർ ഗ്രാമ പഞ്ചായത്തിൻെറ ഏതാണ്ട് 96 % പ്രദേശങ്ങളിലും വസിക്കുന്ന 90% ആളുകളുടെ ഊർജ്ജാവശ്യത്തിനായി ഏലൂർ കെഎസ്.ഇ.ബോർഡും 10% ആളുകളുടെ ആവശ്യത്തിനായി കളമശ്ശേരി ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസുമാണ് നിലവിലുള്ളത്.

ഏലൂർ പ്രദേശത്ത് 66 കെ.വി. എടയാർ സബ്സ്റ്റേഷൻ-ൽനിന്ന് 11 കെ.വി. ഫീഡറുകൾ വഴിയും കളമശ്ശേരി സബ്സ്റ്റേഷനിൽ നിന്ന് മഞ്ഞുമ്മൽ 11 കെ.വി. ഫീഡർ വഴിയും ഏതാണ്ട് 8 മെഗാവാട്ട് ഊർജ്ജം കെ.എസ്.ഇ. ബോർഡിൽ നിന്നും ഗാർഹിക, വ്യാവസായിക കാർഷിക, ആവശ്യങ്ങൾക്കായി (വൻകിട വ്യവസായങ്ങളായ ഫാക്ട് ഐഎസി ടിസിസി യൂണിറ്റുകൾക്ക് ഒഴികെ) ഉപയോഗിക്കന്നു. ഇതിൽ ഏതാണ്ട് 7 മെഗാവാട്ട് വൈദ്യുതി എടയാർ സബ്സ്റ്റേഷനിൽ നിന്നും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നു. ഈ സബ്സ്റ്റേഷനിൽ നിലവിൽ 8 മെഗാവാട്ട് ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമർകൾ ഇപ്പോൾ ഉണ്ട്. ഇതിൽ നിന്നും എടയാർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വരാപ്പുഴ, ആലുവ വെസ്റ്റ് തുടങ്ങിയ പ്രദേശങ്ങളിലേക്ക് വൈദ്യുതി പ്രസരിപ്പിക്കുന്ന തിനൊപ്പമാണ് നമുക്കുള്ള 7 മെഗാവാട്ട് വൈദ്യുതി കിട്ടിക്കൊണ്ടിരിക്കുന്നത്.

നാല് ഹരിജൻ കോളനികൾ- പാറക്കുളം 19 എണ്ണം, പത്തേലക്കാട് 28 എണ്ണം, കാഞ്ഞിരക്കഴി -36 എണ്ണം, പരപ്പത്ത് 13 എണ്ണം, എന്നിങ്ങനെ 96 ഉപഭോക്താക്കൾക്ക് കോളനി സപ്ലൈ നിലവിലുണ്ട്.

## വൈദ്യുതി വിതരണ രീതി

| ഉപഭോക്താക്കൾ | | | | തെരുവു വിളക്കുകൾ | | | | ഇനിയും വൈദ്യുതി കിട്ടേണ്ടവർ | | |
|---|---|---|---|---|---|---|---|---|---|---|
| ഗാർഹികം | കച്ചവടം | കമ്പനി | കാർഷികം | ബൾബ് | ട്യൂബ് | മെർക്കുറി വേപ്പർ | സോഡിയം വേപ്പർ | ഓർഡിനറി | OTP | OYEC |
| 4532 | 732 | 103 | 73 | 586 | 523 | - | 93 | 85 | 9 | 84 |

**ഇതിൽ 10 OTPയും 67 OYECയും പിന്നോക്ക വിഭാഗങ്ങൾക് വേണ്ടിയുള്ളതാണ്.**

**ആകെയുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം**

| | | |
|---|---|---|
| 250 | KW | 2 |
| 160 | " | 6 |
| 150 | " | 1 |
| 100 | " | 13 |
| 63 | " | 1 |

വാണിജ്യ ഗാർഹിക രംഗത്ത് സമീപകാലത്താണ് നമ്മുടെ പഞ്ചായത്തിൽ പാചകവാതകത്തിൻെറ ഉപയോഗം വർദ്ധിച്ചത്. വിറക് മണ്ണെണ്ണ എന്നിവ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ഊർജ്ജനഷ്ടം, വിറകിൻെറ ലഭ്യതകുറവ് വില വർദ്ധനവ് ഇവയും ഉപയോഗത്തിലുള്ള എളുപ്പവുമാണ് പാചകവാതകം ഉപയോഗിക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചത്. പാചകവാതകത്തിന് ലഭ്യതക്കുറവ് ഉണ്ടെങ്കിലും ഇത് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സമ്പന്ന കുടുംബങ്ങളിൽ മാത്രമല്ല സാധാരണ കുടുംബങ്ങളിൽ പോലും പാചകവാതകം ഒഴിവാക്കാൻ പറ്റാത്ത ഒരു ഊർജ്ജ സ്രോതസ്സായി മാറിയിരിക്കുകയാണ്.

പഞ്ചായത്തിൽ ഏകദേശം 30% പഴയ വീടുകളിലും പുതുതായി നിർമ്മിച്ച 10% വീടുകളിലും മാത്രമേ പുകയില്ലാത്ത അടുപ്പുകൾ നിലവിലുള്ളൂ.

### പ്രശ്നങ്ങൾ

1. ട്രാൻസ്ഫോർമർ ഓവർലോഡു ചെയ്യപ്പെടുന്നതു കൊണ്ട്

ലഭിക്കേണ്ട വേൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കുന്നില്ല. പീക്ക്ലോഡ് സമയത്ത് ഇത് 50% ആയി പോലും കുറയുന്നു.

2. പല വീടുകളിലും സ്വന്തമായി സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോമറുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. വീടുകളിലെ "കണക്ടഡ്ലോഡ് "വൈദ്യുതി ബോർഡിൻെറ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാളും വളരെ കൂടുതലാണ്.

3. പ്രധാന വീഥികളിലും, പാലങ്ങളിലും തെരുവുവിളക്കുകൾ കത്തുന്നില്ല- കേടുപാടുകളും ഉണ്ട്.

4. ഏലൂർ പ്രദേശം വ്യവസായ മേഖലയായതിനാൽ അന്തരീക്ഷമലിനീകരണം മൂലം വൈദ്യുതിവാഹികൾ ദ്രവിച്ചു പൊട്ടിപ്പോകുന്നു. അവയോജിപ്പിക്കുന്നതിലുള്ള അശാസ്ത്രീയമായ രീതി വൈദ്യുതി ഊർജ്ജം നഷ്ടപ്പെടുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നതിനും ഇടയാക്കുന്നു.

5. സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന വീടുകളിൽ ഇന്നും വിറകുപയോഗിക്കുന്നതുമൂലം പുക കൊണ്ടുണ്ടാകുന്ന അസുഖങ്ങൾ വർദ്ധിച്ചു വരുന്നു.

6. കുറഞ്ഞ ഊർജ്ജത്തിൽ കൂടുതൽ ദക്ഷതയുള്ള അടുപ്പുകളെ കുറിച്ചോ വൈദ്യുതി ഉപകരണങ്ങളെ കുറിച്ചോ ഉള്ള വിവരങ്ങൾ പൊതു ജനങ്ങൾ തീരെ കുറവാണ്.

## നിർദ്ദേശങ്ങൾ

1. എടയാർ സബ്സ്റ്റേഷൻെറ ശേഷി വർദ്ധിപ്പിക്കാനാവശ്യമായ നടപടി കൈകൊള്ളണം. കൂടാതെ അടുത്ത അഞ്ച് വർഷത്തിനകം ഏതാണ്ട് 20 മെഗാവാട്ടോളം വരുന്ന വൈദ്യുതി ആവശ്യം നേരിടുന്നതിന് ഒരു 11 കെ.വി. അഡീഷണൽ ഫീഡർ എടയാർ സബ്സ്റ്റേഷനിൽ നിന്നും പാതാളം വഴി ആനവാതിൽ ജംഗ്ഷൻ വരെ വലിക്കേണ്ടതുണ്ട്.

2. പ്രധാന വീഥികളിലേയും പാലങ്ങളിലേയും തെരുവു വിളക്കുകൾ നിലവിലുള്ളത് കേടുപാടു തീർത്ത് കത്തിക്കുകയും ഇല്ലാത്തിടത്ത് പുതിയവ സ്ഥാപിക്കുകയും വേണം. പൊതുടാപ്പിനു മുകളിൽ ട്യൂബ്ലൈറ്റ് ഇടണം.

3. നിലവിലുള്ള ബൾബുകൾ എല്ലാം മാറ്റി പുതുതായി ട്യൂബ്ലെറ്റ് സ്ഥാപിക്കുക, ഗതാഗതത്തിനു തടസ്സമായി റോഡിനു നടുവിൽ നിൽക്കുന്ന പോസ്റ്റുകൾ വശങ്ങളിലേക്ക് മാറ്റി സ്ഥാപക്കുക-കേടുവന്ന പോസ്റ്റുകൾ മാറ്റി പുതിയവ നാട്ടുക.

4. കാലാകാലങ്ങളിൽ നടത്തേണ്ട വൈദ്യുതി സംബന്ധമായ അറ്റകുറ്റപ്പണികൾ കെ.എസ്.സി.ബോർഡിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കുക. ഈ മേഖലയിലെ ചെറിയ ജോലികൾ തൊഴിൽ സേന രൂപീകരിച്ചു നൽകാവുന്നതാണ്.

5. ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ വൈദ്യുതി നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

6. ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കുമാത്രം ചാർജ്ജ് ഈടാക്കുന്നതിനായി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. മഞ്ഞുമ്മൽ ഭാഗത്തുള്ള ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ബില്ലടയ്ക്കുന്നതിന് അവിടെ ഒരു ഓഫീസ് തുടങ്ങുക.

7. അനധികൃത ലോഡ്ഷെഡ്ഡിംഗ് അവസാനിപ്പിക്കുക.

8. വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സ്വയം പര്യാപ്തത നേടുന്നതിനായി ഈ മേഖലയിലെ വിവിധ വൻകിട വ്യവസായ യൂണിറ്റുകളുടെ സഹായത്തോടെ ഒരു പവ്വർ പ്ലാൻറ് നിർമ്മിക്കുക. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ എത്തിക്കുക.

9. വിവിധ കമ്പനി ക്വാർട്ടേഴ്സുകളിലെ അമിതവും അനാവശ്യവുമായ വൈദ്യുതി ഉപയോഗത്തിന് തടയിടാൻ ബന്ധപ്പെട്ടവരുമായി ആലോചിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി നിലവിലുള്ള ഗാർഹിക ഉപഭോക്താക്കളുടെ സംവിധാനം തന്നെ അവർക്കും ഏർപ്പെടുത്തിയാൽ വളരെ കൂടുതൽ വൈദ്യുതി മിച്ചപ്പെടുത്താൻ കഴിയും.

10. വൈദ്യുതി കമ്പികളിൽ മുട്ടിനിൽക്കുന്ന സസ്യലതാദികൾ മൂലം വമ്പിച്ച ഊർജ്ജനഷ്ടം ഉണ്ടാകുന്നത് തടയുന്നതിന് നടപടിയുണ്ടാവണം. സന്നദ്ധസേവന പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

11. വൈദ്യുത ബോർഡിൻെറ നീതിപൂർവ്വകവും കാര്യക്ഷമവുമായ പ്രവർത്തനം എല്ലായ്പ്പോഴും തരംതിരിവില്ലാതെ ലഭ്യമാക്കാൻ ജീവനക്കാരും ബന്ധപ്പെട്ട അധികാരികളും ശ്രദ്ധിക്കണം.

12. പാചക വാതകത്തിൻെറ പ്രചാരണം കാര്യക്ഷമമായി നടപ്പാക്കുക. സഹകരണാടിസ്ഥാനത്തിൽ കോളനികൾ കേന്ദ്രീകരിച്ചോ മൂന്നു നാല് കുടുംബക്കാർ ഒന്നിച്ചോ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ബോധവൽക്കരണവും സന്നദ്ധസേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കിയാൽ ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കഴിയും.

13. പരിഷത്ത് പോലുള്ള സംഘടനകളുടെ പുകയില്ലാത്ത ഇന്ധനക്ഷമതയുള്ള അടുപ്പുകളുടെ പ്രചാരണം ശക്തിപ്പെടുത്തുകയും ഇതിൻെറ പ്രയോജനത്തേയും ഊർജ്ജലാഭത്തേയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യണം. വിറകുപയോഗിക്കുന്ന വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചാൽ ഇന്ധനലാഭവും, പരിസരശുചീകരണവും ഉണ്ടാകും.

14. സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും വീളക്കുകളുടെയും ഉപയോഗം നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിൽ കൊണ്ടുവരണം.

15. കുറഞ്ഞ വൈദ്യുതി കൊണ്ട് കൂടുതൽ വെളിച്ചം തരുന്ന കോംപാക്ട് ഫ്ളുറസൻറ് ലാമ്പ് സബ്സിഡി നിരക്കിൽ കുറഞ്ഞത് ഒരു വീട്ടിൽ ഒരെണ്ണം എന്ന നിലയിൽ കൊണ്ടുവരാൻ 9-ാം പദ്ധതിയിൽ തന്നെ ശ്രമങ്ങൾ ഉണ്ടാവണം.

16. കോട്ടക്കുന്ന് കോട്ടക്കാട് ഭാഗത്ത് വൈദ്യുതിലൈൻ വലിക്കുന്നതിന് സ്ഥല ഉടമകൾക്കുള്ള വിസമ്മതം നീക്കികിട്ടാൻ നടപടിയുണ്ടാവണം.

17. പള്ളിപ്പുറം ചാലിലും നാറാണത്ത് അമ്പലത്തിനടുത്തും ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

18. ടി.സി.സി. കോളനിയിലെ ലൈറ്റ് മതിലിനോട് ചേർത്തിട്ടാൽ കോളനിയ്ക്കു വെളിയിൽ താമസിയ്ക്കുന്നവർക്കും പ്രയോജനപ്പെടും.

19. കോട്ടക്കടവ് കോളനിയിൽ വൈദ്യുതി എത്തിക്കുക.

20. പുതിയതായി തുടങ്ങുന്ന വൻകിട വ്യവസായ ശാലകളിൽ സി.പി.പി. കൊണ്ടു വരാൻ നിർദ്ദേശിക്കണം.

21. പഞ്ചായത്തിൽ ഉണ്ടാകുന്ന ഉപയോഗമില്ലാത്ത ജൈവ അവശിഷ്ടങ്ങൾ ഉപയോഗിച്ചു. ബയോഗ്യാസ് നിർമ്മിക്കുവാനുള്ള സാധ്യതകൾ ആരായണം.

22. മഞ്ഞുമ്മലിൽ ഇപ്പോൾ തുടങ്ങിയ പുതിയ കമ്പനിക്ക് തനതായ ട്രാൻസ്ഫോർമർ സ്ഥാപിച്ച് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

23. പഞ്ചായത്ത് ജംഗ്ഷൻ മുതൽ ചൗക്ക വരെയും, മഞ്ഞുമ്മൽ മുരുകൻ അമ്പലം മുതൽ മാടപ്പാട്ടു വരെയും കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

24. എടമ്പാടം പ്രദേശത്തു വൈദ്യുതി ഡബിൾ ഫേയ്സ് ആക്കുക.

# വ്യവസായം

## പ്രശ്നങ്ങളും പരിഹാരങ്ങളും

കേരളത്തിൻെറ വ്യാവസായിക തലസ്ഥാനമാണ് ഏലൂർ. 1936-ൽ ഇൻഡ്യൻ അലൂമിനിയം കമ്പനി സ്ഥാപിതമായതോടെ ഈ പ്രദേശത്തിൻെറ വ്യവസായ വൽക്കരണത്തിന് തുടക്കം കുറിച്ചു. മറ്റ് വൻകിട വ്യവസായങ്ങളായ ഫാക്ട് 1944-ലും ടിസിസി 1951-ലും പ്രവർത്തനം ആരംഭിച്ചു. തുടർന്ന് എച്ച്ഐഎൽ, ഐആർഇ എന്നിവയും സ്ഥാപിക്കപ്പെട്ടു. ഫാക്ട് വൻപിച്ച വികസനം കൈവരിക്കുകയും പല ഉപഘടകങ്ങൾ അതിന് ഉണ്ടാവുകയും ചെയ്തു. ഫാക്ടിൻെറ 50-ാം വാർഷികത്തോടനുബന്ധിച്ച് മാർത്താണ്ഡവർമ്മ ഇളയരാജാവ് അയച്ച സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു. "തിരുവിതാംകൂർ രാജകുടുംബം പല സ്ഥാപനങ്ങൾക്കും തുടക്കം കുറിച്ചുവെങ്കിലും അവയിൽ രണ്ടെണ്ണത്തിൻെറ വളർച്ച എന്നെ സന്തുഷ്ടനാക്കുന്നു. ഫാക്ടും എസ്ബിടിയും." (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ)

### ചെറുകിട വ്യവസായശാലകൾ

| ക്രമ നമ്പർ | പേര് | ഉൽപ്പന്നങ്ങൾ | സ്വഭാവം | തൊഴിലാളികൾ |
|---|---|---|---|---|
| 1. | സതേൺഗ്യാസ് | ഓക്സിജൻ അസറ്റലിൻ | സ്വകാര്യ മേഖല | 120 |
| 2. | പൗലോസ് ആൻറ് മാത്തൻ | കാർബൺഡൈ ഓക്സൈഡ് | " | 16 |
| 3. | മനോരമ ഗ്യാസ്. ലി. | " | " | 8 |
| 4. | അക്ഷയ ഗ്യാസ്. ലി. | " | " | 14 |
| 5. | ഓൾഗെ ആൻറ് കെമിക്കൽ | റബർ കാഡ്ബോഡ് നിർമ്മാണത്തിനാവശ്യ മായ പശ. | " | 40 |
| 6. | കാസ്റ്റിംഗ് എഞ്ചിനീയറിംഗ് | അച്ചുവാർക്കൽ | " | 18 |
| 7. | ദേവമാത ലാമിനേഷൻസ് | ഫോട്ടോ ലാമിനേഷൻ നിർമ്മാണം | " | 60 (50 സ്ത്രീകൾ) |
| 8. | കുമ്മായച്ചൂളകൾ–3 | നീറ്റു കക്ക | " | 20 |
| 9. | റെഡിമെയ്ഡ് യൂണിറ്റ് | ഗാർമെൻറ്സ് | DWCRA | 10 സ്ത്രീകൾ |

ടിസിസിയും എച്ച്ഐഎല്ലും ഐആർഇയും എല്ലാം വീണ്ടും വളരുകയുണ്ടായി. ഇവയുമായി ബന്ധപ്പെട്ട് സതേൺഗ്യാസ് തുടങ്ങിയ പല വ്യവസായങ്ങളും ഇവിടെ ഉണ്ടായി. ചില ചെറുകിട വ്യവസായങ്ങളും കുമ്മായ ചൂളകളും ഉടലെടുത്തു.

വ്യവസായങ്ങളുടെ വരവോടെ കൃഷിയെ ആശ്രയിച്ചു കഴിഞ്ഞ ജനതയിൽ ഒരു നല്ല വിഭാഗം ഫാക്ടറി ജീവനക്കാരായി മാറി. ജനങ്ങളുടെ ജീവിത നിലവാരത്തിൽ വളർച്ചയുണ്ടായി. കേരളത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും, കേരളത്തിൻെറ വെളിയിൽ നിന്നുപോലും ഏലൂരിലേക്ക് ധാരാളം പേർ തൊഴിൽ തേടിയെത്തി. തൊഴിൽ സാധ്യതയേറിയ ഒരു മേഖലയായി ഏലൂർ വളർന്നു.

എന്നാൽ പിൽക്കാലത്ത് വ്യവസായ രംഗത്ത് കാര്യമായ വളർച്ച ഉണ്ടായില്ല. വൻകിട വ്യവസായങ്ങളുടെ വികസന പദ്ധതികൾ ഒന്നുംതന്നെ കാര്യമായ തൊഴിൽ സാധ്യത ഉളവാക്കുന്നവയായിരുന്നില്ല. തുടങ്ങിവെച്ച ചെറുകിട സംരംഭങ്ങൾ പലതും (ഉദാ: കുമ്മായചൂളകൾ) പ്രവർത്തന രഹിതമാവുകയും ചെയ്തു. ചുരുക്കത്തിൽ തൊഴിലില്ലായ്മ ഒരു വലിയ പ്രശ്നമായി മാറി. മലിനീകരണവും വെള്ള ക്കെട്ടുമെല്ലാം കാർഷിക വൃത്തിയേയും നാശോൻമുഖമാക്കി.

തൊഴിലില്ലായ്മ പ്രശ്നങ്ങൾ കൂടുതൽ വഷളാകാൻ ഇത് കാരണമായി.

ഏലൂരിലെ ഏറ്റവും ആദ്യത്തെ വ്യവസായ സ്ഥാപനത്തെ രാജാവ് ഇവിടെ വിളിച്ചു വരുത്തിയത് സുലഭമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗപ്പെടുത്താൻ ഏറ്റവും അനുയോജ്യമായ ഒരു സംരംഭമായിട്ടാണെങ്കിൽ ഇന്ന് ഇവിടുത്തെ വ്യവസായരംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വൈദ്യുതി ക്ഷാമമാണ്. നിലവിലുള്ള വ്യവസായങ്ങൾക്ക് ഇത് ഒരു തീരാശാപമായി മാറിയെങ്കിൽ പുതുതായി വ്യവസായങ്ങൾ വരുന്നതിന് ഒരു തടസ്സമായി തീർന്നു.

ജനസാന്ദ്രതയിലുണ്ടായ ക്രമം വിട്ടുള്ള വളർച്ചയും നഗരവൽക്കരണവും ഇവിടെ വ്യവസായത്തിന് ആവശ്യമായ ഭൂമി കിട്ടാനില്ലാത്ത സാഹചര്യം ഒരുക്കി. ഭൂമിയുടെ വില കുതിച്ചുകയറുകയും ചെയ്തു.

ലൈസൻസുകൾ ലഭിക്കാനുള്ള വൈഷമ്യം മറ്റൊരു പ്രശ്നം ആണ്.

നിലവിലുള്ള വ്യവസായങ്ങളിൽ നിന്നുള്ള പരിസ്ഥിതി പ്രശ്നങ്ങളും പുതുതായി വ്യവസായങ്ങൾ വരുന്നതിന് പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നു.

ഉയർന്ന വേതന നിലവാരം ചെറുകിട വ്യവസായങ്ങൾക്ക് താങ്ങാനാവാത്ത ഭാരമായി മാറുന്നു.

വ്യവസായ സംരംഭകർക്ക് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും വായ്പാ നിബന്ധനകളുടെ കാർക്കശ്യവും പ്രശ്നങ്ങളാണ്.

## സാധ്യതകൾ

ഈ പ്രശ്നങ്ങളുടേയും പ്രതിസന്ധികളുടേയും പശ്ചാത്തലത്തിൽ വേണം ഏലൂരിലെ വ്യവസായ സാദ്ധ്യതകളെപ്പറ്റി ചിന്തിക്കാൻ. തൊഴിലില്ലായ്മ കഴിയുന്നത്ര പരിഹരിക്കുന്നതും വൈദ്യുതി, ഭൂമി എന്നിവ കഴിയുന്നത്ര കുറച്ച് ഉപയോഗിക്കുന്നതും മലിനീകരണ പ്രശ്നങ്ങൾ പരമാവധി കുറവുള്ളതുമായ വ്യവസായ സാധ്യതകളാണ് പരിചിന്തനത്തിന് വിധേയമാക്കേണ്ടത്.

പഞ്ചായത്തിലുള്ള വൻകിട വ്യവസായങ്ങളുടെ ഉല്പന്നങ്ങൾ, ഉപോല്പന്നങ്ങൾ, വേസ്റ്റ് എന്നിവ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ സംരംഭങ്ങൾ പരിഗണന അർഹിക്കുന്നു. കൂടാതെ നിലവിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ നിർമ്മിച്ച് നൽകാനുതകുന്നവയ്ക്കും സാദ്ധ്യതകളിൽ സ്ഥാനം ഉറപ്പിക്കണം.

## വൻകിട വ്യവസായശാലകൾ

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ഉൽപ്പന്നങ്ങൾ | സ്വഭാവം |
|---|---|---|---|
| 1. | ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് ട്രാവൻകൂർ ലി. | അമോ.ഫോസ്, അമോണിയം സൾഫേറ്റ്, കാപ്രോലാക്ടം | P.S.U |
| 2. | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് | കാസ്റ്റിക് സോഡ, ക്ളോറിൻ, ഹൈഡ്രോക്ളോറിക് ആസിഡ് | കേരള സർക്കാർ |
| 3. | ഇന്ത്യൻ റെയർ എർത്ത് | പ്രതിരോധ വകുപ്പിനാവശ്യമായ രാസവസ്തുക്കൾ | പൊതു മേഖല |
| 4. | ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലി. | കീടനാശിനികൾ | P.S.U |
| 5. | ഇന്ത്യൻ അലുമിനിയം കമ്പനി | അലുമിനിയം ഷീറ്റ്, ഗ്രിഡ്. | സ്വകാര്യമേഖല |

1. ഫാക്ട് പുറംതള്ളുന്ന ജിപ്സം വേസ്റ്റ് ഉപയോഗിച്ച് ക്ലീനിംഗ് പൗഡർ നിർമ്മിക്കാനുള്ള ഫോർമുല ഫാക്ടിൻെറ ആർ ആൻഡ് ഡി വിഭാഗം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുപയോഗപ്പെടുത്തി പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിടവ്യവസായ യൂണിറ്റുകളുടെ ഒരു ശൃംഖല ആരംഭിക്കാവുന്നതാണ്. ഒട്ടേറെ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാനും മലിനീകരണം കുറയ്ക്കാനും ഉതകും.

2. ഐഎസിയുടെ ഉല്പന്നമായ അലൂമിനിയം ഉപയോഗിച്ച് പാത്രങ്ങൾ, വീടുകൾക്കും വ്യവസായങ്ങൾക്കും പറ്റിയ മറ്റുല്പന്നങ്ങൾ, ആനോഡൈസ്ഡ് അലൂമിനിയം എന്നിവ ഉണ്ടാക്കാവുന്നതാണ്.

3. വ്യവസായ ശാലകൾക്ക് ആവശ്യമായ ക്യാൻവാസ് ഗ്ലൗസ് നിർമ്മാണം വലിയ തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ്. ഒരു തയ്യൽ പരിശീലന കേന്ദ്രവും

റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളും ഇതോടൊപ്പം തുടങ്ങാവുന്നതാണ്. വനിതാ പിന്നോക്ക വിഭാഗ യൂണിറ്റുകളായി ഇവ തുടങ്ങാവുന്നതാണ്.

4. എൻവലപ്പ്, ഫയൽ കവറുകൾ, നോട്ടുബുക്കുകൾ, രജിസ്റ്ററുകൾ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ വലിയ തോതിൽ ഉല്പാദിപ്പിച്ച് വ്യവസായങ്ങൾക്കും പൊതുവിപണിയിലും സപ്ലൈ ചെയ്യാവുന്നതാണ്. വീടുകളിൽ ഇരുന്നുപോലും ചെയ്യാവുന്ന തൊഴിലാകയാൽ സ്ഥലപരിമിതിയോ വലിയ മൂലധനനിക്ഷേപമോ വേണ്ടി വരികയുമില്ല.

5. ബോൾട്ട്, നട്ട് തുടങ്ങിയ എൻജിനീയറിംഗ് സാധനങ്ങൾ വ്യവസായങ്ങൾക്ക് വളരെയേറെ ആവശ്യമുള്ളതാണ്. ഇവ ഉല്പാദിപ്പിക്കുവാനുള്ള ഒന്നിലധികം യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. കമ്പനികളിലെ ഉപയോഗശൂന്യമായ ഇരുമ്പ് സാധനങ്ങൾ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

6. കറി-മസാലപ്പൊടികൾ നിർമ്മിച്ച് പായ്ക്കു ചെയ്യുന്ന യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

7. ഭക്ഷ്യോല്പന്നങ്ങൾ, ബേക്കറി സാധനങ്ങൾ, ചിപ്പ്സ് എന്നിവയുടെ നിർമ്മാണം വനിതാ സംരംഭങ്ങളായി തുടങ്ങാവുന്നതാണ്.

8. കുട, സ്കൂൾ ബാഗുകൾ എന്നിവയുടെ നിർമ്മാണത്തിനുതകുന്ന യൂണിറ്റുകൾ 'കൃപാ' മാതൃകയിൽ ആലോചിക്കാവുന്നതാണ്.

9. പഴവർഗ്ഗങ്ങളുടെ സംസ്ക്കരണത്തിനുതകുന്ന ഒരു യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. ചക്കപ്പഴം, പപ്പായ എന്നിവ പ്രിസർവ് ചെയ്ത് സംസ്കരിക്കുന്ന ജോലിയും ഈ യൂണിറ്റിന് ഏറ്റെടുക്കാവു ന്നതാണ്. നല്ല വിപണി ലഭ്യമാകുന്ന ഒരു വിഭവമാണിത്.

10. ജിപ്സത്തിൽ നിന്ന് സിമൻറും സിമൻറിഷ്ടികയും നിർമ്മിക്കാനുതകുന്ന ഒരു ഇടത്തരം വ്യവസായ യൂണിറ്റിൻെറ സാധ്യതകൾ പരിശോധിക്കുകയും ആരംഭിക്കുകയും വേണം.

11. ടിസിസിയിലെ കോസ്റ്റിക് സോഡ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ശരിയായ ബോധവൽക്കരണത്തിലൂടെ ഇതിൻെറ ഉല്പന്നം നാട്ടുകാർക്ക് സ്വീകാര്യമാക്കാനുള്ള നടപടികളും എടുക്കണം.

12. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് കഴിവും താല്പര്യവുമുള്ളവർ പഞ്ചായത്തിൽ ഉണ്ട്. ഇവരെ ഉൾപ്പെടുത്തിക്കൊണ്ട് ചിരട്ട, പേപ്പർപൾപ്പ് എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കളും വാഴ നാരുകൊണ്ടുള്ള കൗതുക വസ്തുക്കളും നിർമ്മിക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കണം.

13. വിദഗ്ദ്ധൻമാരുടെയും തൊഴിലില്ലാത്തവരുടെയും ഒരു കൂട്ടായ്മയ്ക്ക് രൂപം കൊടുത്ത് ഒരു സർവീസ് കേന്ദ്രം ആരംഭിക്കാവുന്നതാണ്. ആവശ്യമുള്ളിടത്ത് വേണ്ടപ്പോൾ സേവനം നൽകാൻ തയ്യാറുള്ള മേസൻമാർ, പ്ലംബർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് വിദഗ്ദ്ധർ, റെഫ്രിജറേഷൻ ടെക്നീഷ്യൻ തുടങ്ങിയവരുടെ സേവനം മിതമായ നിരക്കിൽ പഞ്ചായത്തിലെവിടെയും ലഭ്യമാക്കാനും ചൂഷണമൊഴിവാക്കാനും ഇത് സഹായകമാകും. തൊഴിലില്ലായ്മ പരിഹരിക്കാനും ഉതകുന്നതാണ്.

14. ദക്ഷത കൂടിയ അടുപ്പുകളുടെ ഫിറ്റിംഗ് ഒരു വിഭാഗം യുവാക്കളെ പരിശീലിപ്പിച്ചാൽ അത് തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമാകുന്നതോടൊപ്പം ദുർലഭമായ ഇന്ധനത്തിൻെറ ഉപയോഗം കൂടുതൽ കാര്യക്ഷമമാകാൻ സഹായിക്കുകയും ചെയ്യും. വീട്ടമ്മമാരുടെ ആരോഗ്യ സംരക്ഷണത്തിന് സഹായകമാവുകയും ചെയ്യും.

15. വിഭവശേഷിയുള്ള കുറേപ്പേർ സ്വയം തൊഴിൽ ചെയ്യാൻ തയ്യാറായിട്ടുണ്ട്. ഇവർക്ക് വേണ്ട പരിശീലനം ഏർപ്പെടുത്തിയാൽ ഒട്ടേറെ സംരംഭങ്ങൾ തുടങ്ങാനാകും.

16. ക്ഷീര വ്യവസായം സാധ്യതകളുള്ള ഒന്നാണ്. ക്ഷീരോല്പാദനവും ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണവും സഹകരണാടിസ്ഥാനത്തിൽ നടത്താൻ കഴിയും.

17. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനം ലക്ഷ്യമാക്കി വ്യവസായ യൂണിറ്റുകൾ ആരംഭിക്കാം. കശാപ്പുശാലകളിലെ അവശിഷ്ടങ്ങൾ, കമ്പനി ക്യാൻറീനുകളിലെ ഭക്ഷ്യാവശിഷ്ടങ്ങൾ, പൊതു ഓഡിറ്റോറിയങ്ങളിൽ ഉണ്ടാകുന്ന ഭക്ഷ്യാവശിഷ്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തണം.

18. സൈക്കിൾ ട്യൂബ്, സേഫ്ടി ഷൂ, ചെരിപ്പ് മുതലായവ ഉല്പാദിപ്പിക്കാനുതകുന്ന യൂണിറ്റുകൾ തുടങ്ങണം.

19. ഓട്ടോമൊബൈൽ എൻജിനീയറിംഗ് വർക്ഷോപ്പ്, മോട്ടോർ വൈൻഡിംഗ് യൂണിറ്റ് എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

20. ഇലക്ട്രോണിക് കമ്പോണൻസ് നിർമ്മിക്കാനുതകുന്ന യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

21. റബർ ഗ്ലൗസ്, റബർ ബാൻഡ്, റെക്സിൻ ബാഗുകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുവാൻ സാധ്യതയുണ്ട്.

22. പിവിസി പൈപ്പുകൾ, പിവിസി ഷീറ്റുകൾ എന്നിവ നിർമ്മിക്കുവാനുള്ള യൂണിറ്റുകൾ സ്ഥാപിക്കണം.

23. പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കേണ്ടതാണ്.

24. കമ്പനികൾക്ക് ആവശ്യമുള്ള പേപ്പർ ബാഗുകളും പോളിത്തീൻ ബാഗുകളും നിർമ്മിക്കാനുതകുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

25. ഖാദി ഗ്രാമവ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

26. പത്താംവാർഡിൽ സുലഭമായിട്ടുള്ള ചൈനാക്ലേ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

# വനിത

"യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാഃ"

എവിടെ നാരി പൂജിക്കപ്പെടുന്നുവോ അവിടെ ദേവൻമാർ ആനന്ദിക്കുന്നു എന്ന സംസ്കൃതിയിൽ അധിഷ്ഠിതമാണ് നമ്മുടെ രാജ്യം. രാമായണ കർത്താവ് സീതയെ സ്ത്രീത്വത്തിൻെറ ഔന്നത്യത്തിൽ എത്തിച്ചിരിക്കുന്നു. "കാവ്യം രാമായണം കൃൽശ്നം; സീതായാശ്ചരിതം മഹൽ" എന്നാണ് പറയപ്പെടുന്നത്. പുരാണേതിഹാസ കഥകളിലെ നായികമാരായ പഞ്ചകന്യകകളുടെ അപദാനങ്ങൾ ഓരോ ഭാരതീയൻെറയും നിത്യ പ്രാർത്ഥനാ സ്തോത്രങ്ങളാണ്. എന്നിട്ടും സ്ത്രീകൾ "ഗർഭാധാന പാത്രങ്ങളും വീടാംകൂട്ടിൽ കൂടുങ്ങും തത്തമ്മ"കളുമായിത്തീർന്നതിൻെറ സാമൂഹ്യ പശ്ചാത്തലം നാം മറക്കാതിരിക്കുക.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പും പിമ്പും സ്ത്രീകളെ വീടാംകൂട്ടിൽ നിന്നും മോചിപ്പിച്ച് നാടിൻെറ വികസന രംഗങ്ങളിലേക്കു കൊണ്ടുവരാൻ നിരന്തരമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ലക്ഷ്യം പൂർത്തിയാക്കാൻ കഴിയാതെ എട്ട് പഞ്ചവത്സര പദ്ധതികളും കടന്നുപോയി. മറ്റു പല കാരണങ്ങളാലും കേരളത്തിലെ സ്ത്രീകൾക്ക് സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഒരളവോളം കടന്നുകയറാൻ അവസരമുണ്ടായി. ഇന്നു പലരംഗങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം കാണാമെങ്കിലും അവരുടെ യഥാർഥ കഴിവുകൾ പ്രകടമാകുന്നുവോ മറ്റു ശക്തികളുടെ കൈപ്പാവകളാകുന്നുവോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിൽ പടർന്നു വരുന്ന ഉപഭോക്തൃ സംസ്കാരം സ്ത്രീകളെ കൂടുതൽ ചൂഷണത്തിനിരയാക്കുന്നു. നമ്മുടെ സമൂഹത്തിൽ താൻ കച്ചവടച്ചരക്കാക്കപ്പെടുന്ന അവസ്ഥ സ്ത്രീ നേരിടുന്ന വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളി നേരിടണമെങ്കിൽ സ്ത്രീശക്തി കെട്ടഴിച്ചു വിടേണ്ടിയിരിക്കുന്നു. സമൂഹം വച്ചുപുലർത്തുന്ന പരമ്പരാഗതമായ കെട്ടുപാടുകളും അനാചാരങ്ങളും സ്ത്രീ തന്നെ വെച്ചു പുലർത്തുന്ന അബദ്ധ ധാരണകളും ആണ് സ്ത്രീയെ വികസനധാരയിൽ നിന്ന് ഒറ്റപ്പെടുത്തുന്നത്.

ഏലൂർ പഞ്ചായത്തിലെ ജനസംഖ്യ 37073. സ്ത്രീപുരുഷ അനുപാതം 9:10. ഇതിൽ 14765 സ്ത്രീകൾ തൊഴിൽ ഇല്ലാത്തവരും ആണ്.

## തൊഴിൽ മേഖല

| ഉൽപ്പാദന-വിതരണ മേഖലയിൽ പണിയെടുക്കുന്നവർ | | നിർമ്മാണ പ്രവർത്തനം | | ഉപഭോക്തൃ വ്യാപാര രംഗത്ത് | | ഗതാഗത-വാർത്താ വിനിമയരംഗത്ത് | | മറ്റ് മേഖലകൾ | |
|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 4650 | 273 | 591 | 38 | 873 | 144 | 611 | 60 | 1737 | 1165 |

**ഏലൂരിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിൽ E-102 ഉം എഫ്.എ.സി.ടി ക്രെഡിറ്റ് സഹകരണസംഘവും മുൻനിരയിലാണ്. ഇവയുടെ രണ്ടിൻെറയും നേതൃസ്ഥാനത്ത് സ്ത്രീകളാണ് പ്രവർത്തിക്കുന്നത്**

**മൊത്തം കണക്കാക്കപ്പെട്ടിട്ടുള്ള തൊഴിലില്ലാത്തവർ**

**പുരുഷൻ - 9877**

**സ്ത്രീ - 14765**

## തൊഴിൽ മേഖല

സ്ത്രീകൾ പ്രധാനമായി പങ്കെടുത്തിരുന്ന കാർഷിക മേഖലയിൽ ഇന്ന് തൊഴിൽ അവസരങ്ങൾ വളരെകുറവാണ്. നിത്യവൃത്തിക്കായി പല സ്ത്രീകളം വ്യവസായശാലകളിൽ കരാർ രംഗങ്ങളിൽ കൂലി വേലയ്ക്കും ചെറുകിട വ്യവസായശാലകളിൽ തുച്ഛമായ ശമ്പളത്തിനും അധ്വാനശേഷി വിനിയോഗിക്കുവാൻ നിർബന്ധിതരായി. അതുകൊണ്ടു തന്നെയാകാം പണ്ട് ഇല്ലാത്ത പല രോഗങ്ങളും ഇന്ന് സ്ത്രീകളിൽ കണ്ടുവരുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നാക്രമണം ഒരു വിഭാഗം സ്ത്രീകളെ കൂടുതൽ അലസരാക്കുകയും അവ നൽകുന്ന തെറ്റായ ബോധനിലവാരത്തിനനുസരിച്ചു പ്രതികരിക്കാനുള്ള അവരുടെ വ്യഗ്രത സ്ത്രീയെ സമൂഹത്തിൽ കമ്പോള വസ്തു ആയി ചിത്രീകരിക്കുന്ന തരത്തിലേക്ക് മാറ്റിയിരിക്കുകയും ചെയ്യുന്നു.

ഏലൂർ പഞ്ചായത്തിൽ സ്ത്രീകളുടെ ജനസംഖ്യയിൽ 40% ഗൃഹ ജോലികൾ ചെയ്യുന്നവരാണ്. ജനസംഖ്യയിൽ 5% മുതൽ 10% വരുന്ന സാധാരണ സ്ത്രീകൾ മറ്റു വീടുകളിൽ ഗൃഹജോലി ചെയ്യുന്നവരാണ്. വായനാശീലം വളർത്തുന്നതിന് സഹായകമായ ഗ്രന്ഥശാലകളുടെ അഭാവവും ലഭ്യമാകുന്ന പ്രസിദ്ധീകരണങ്ങളുടെ നിലവാരത്തകർച്ചയും സ്ത്രീകളുടെ പ്രതികരണശേഷി ഇല്ലാതാക്കുന്നു. 1949ൽ ഫാക്ടിൽ നടന്ന സമരത്തെ സർക്കാർ നിരോധിച്ചപ്പോൾ അതിനെതിരെ പ്രസംഗിച്ചു മർദ്ദനമേറ്റ വനിതാ നേതാക്കളായ സരസ്വതി, അലമേലു എന്നിവരുടെ ജീവിതം ഇവർക്ക് പാഠമാകുന്നില്ല.

ഈ മേഖലയിൽ വിദ്യാഭ്യാസം കിട്ടുന്ന സ്ത്രീകളുടെ എണ്ണം താരതമ്യേന കൂടുതൽ ആണെങ്കിലും പട്ടികജാതി പട്ടികവർഗ്ഗത്തിലെ പെൺകുട്ടികൾ 4-ാം തരത്തിനു ശേഷവും, 7-ാം തരത്തിനുശേഷവും 10-ാം തരത്തിനു ശേഷവും, പഠിത്തം നിർത്തി പോകുന്നു. സാമൂഹ്യ രാഷ്ട്രീയ രംഗത്ത് പല വനിതാ സംഘടനകളും ഉണ്ടെങ്കിലും പ്രവർത്തന രംഗങ്ങളിൽ കുറച്ചുപേരുടെ സാന്നിദ്ധ്യമേ പ്രകടമായിരുന്നുള്ളൂ. ഇവരിൽ തന്നെ ഭൂരിഭാഗവും പഞ്ചായത്ത രാജ് നിയമത്തിൻെറ സംവരണ തണലിൽ കൂടി വന്നവരാണ്.

### പ്രശ്നങ്ങൾ

ഏലൂർ പഞ്ചായത്തിലെ കൃഷി ഭൂമികൾ കമ്പനി മാനേജ്മെൻറിൻെറ കരങ്ങളിലും, ഇഷ്ടിക മുതലാളിമാരുടെ കരങ്ങളിലും ആയിരിക്കുന്നു. കൃഷി സമ്പ്രദായത്തിലെ മാറ്റംമൂലം കാർഷിക മേഖലയിൽ തൊഴിലെടുത്തിരുന്ന സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ കുറഞ്ഞു വരുന്നു.

### പ്രശ്നങ്ങൾ

1. നെൽകൃഷി കുറവായതും കൃഷി സമ്പ്രദായത്തിൽ വന്ന മാറ്റങ്ങളും കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറച്ചു.
2. കഠിനാദ്ധ്വാനമുള്ള പണികളിൽ ഏർപ്പെടുന്നത് സ്ത്രീകളുടെ മാനസിക വളർച്ചയേയും ആരോഗ്യത്തേയും ബാധിക്കുന്നു.
3. സ്ത്രീ ഇന്നനുഭവിക്കുന്ന സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് കാരണം സ്വന്തമായി സാമ്പത്തിക വരുമാനം ഇല്ലാ എന്നുള്ളതാണ്.
4. സ്ത്രീകളുടെ ആരോഗ്യകാര്യങ്ങളിൽ പി.എച്ച്.സിയുടെ സേവനം കാര്യക്ഷമമായി ലഭ്യമല്ല.
5. സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം വളരെ പരിമിതമാണ്.
6. അസംഘടിത മേഖലയിലെ സ്ത്രീകൾ ഇന്നും കൂലി വ്യത്യാസം അനുഭവിക്കുന്നവരാണ്.
7. സ്ത്രീകളുടെ നേരെയുള്ള കടന്നാക്രമണം അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നു.
8. മദ്യപാനവും മയക്കുമരുന്നുപയോഗവും സ്ത്രീ സുരക്ഷയ്ക്കും ജീവനും ഭീഷണിയാണ്.
9. സ്ത്രീകളുടെ ഇടയിൽ വായനശീലം വളരെ കുറവാണ് ഉള്ളത് തന്നെ ഗുണപരമല്ല.
10. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികൾക്ക് സംരക്ഷണത്തിനാവശ്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ നിലവിലില്ല.

### നിർദ്ദേശങ്ങൾ

1. തൊഴിലിൽ സ്ത്രീകളുടെ പങ്കാളിത്തം ഉയർത്തുന്നതിനു വേണ്ടി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. ഉദാ: പച്ചക്കറി, ക്ഷീരോല്പാദന മൃഗസംരക്ഷണ മേഖലകൾ.
2. ഡിഡബ്ല്യുസിആർഎയുടെ യൂണിറ്റുകളും വ്യവസായ വകുപ്പിൻെറ കീഴിലുള്ള യൂണിറ്റുകളും വാർഡടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, വിതരണത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുകയും വേണം.
3. സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് കാലാകാലങ്ങളിൽ ഭവന സന്ദർശനം നടത്തി ആവശ്യമായ നിർദ്ദേശങ്ങളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുകയും രോഗപ്രതിരോധ നടപടികൾ ഉറപ്പു വരുത്തുകയും വേണം.

4. വനിതാ സദനങ്ങൾ സ്ഥാപിക്കുക.

5. സമ്പൂർണ്ണ മദ്യനിരോധനം മയക്കുമരുന്നു നിരോധനം പുകയില നിരോധനം എന്നിവ പഞ്ചായത്തിൽ നടപ്പാക്കുക-ബോധവൽക്കരണം അത്യാവശ്യ ഘടകമാണ്.

6. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു വനിതാ ലീഗൽ സെൽ നിലവിൽ വരണം.

7. പഞ്ചായത്തിൽ ഒരു വനിതാവായനശാല വേണം.

8. ഒരു കലാ സാംസ്കാരിക കേന്ദ്രം സ്ത്രീകൾക്കു വേണ്ടി തുടങ്ങണം.

9. വനിതാക്ഷേമ പദ്ധതികളുടെ പ്രചരണം ഊർജ്ജിതപ്പെടുത്തുക.

10. തൊഴിലാളികളായ സ്ത്രീകളുടെ കുട്ടികൾക്ക് ഡേകെയർ സെൻറർ, ക്രഷ് എന്നിവ ഏർപ്പെടുത്തുക.

11. സ്ത്രീധനത്തിനും സ്ത്രീ പീഡനത്തിനും എതിരെ ബോധവൽക്കരണം നടത്തുക.

12. തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള വനിതകൾക്കായി ക്ഷേമ പദ്ധതികൾ നടപ്പാക്കുക.

13. നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14. വായനശാലകളിൽ വനിതാ പുസ്തക കോർണറുകൾ തുടങ്ങുക. വനിതാ കായികമേളകളും വനിതാ കലാ സാഹിത്യമത്സരങ്ങളും തുടങ്ങുക. ഇവയുടെയെല്ലാം നിയന്ത്രണം വനിതകൾക്കായിരിക്കണം.

15. വനിതാ തൊഴിൽ കൂട്ടുസംരംഭങ്ങൾ തുടങ്ങുക, അതിന് ആത്മവിശ്വാസം വളർത്താനുതകുന്ന ബോധവൽക്കരണം-പരിശീലന പരിപാടികൾ നടത്തണം.

16. ജോലിക്കു പോകുന്ന വനിതകൾക്കും സ്കൂളിൽ പോകുന്ന പെൺകുട്ടികൾക്കുമായി സൈക്കിൾ പരിശീലനവും സൈക്കിൾ റിപ്പയറിംഗ് പരിശീലനവും നടത്തുക. സൈക്കിൾ വാങ്ങുന്നതിന് വനിതകൾക്ക് ധനസഹായം ലഭ്യമാക്കുക.

17. വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന പുകയില്ലാത്ത അടുപ്പുകൾ വ്യാപിപ്പിക്കുക.

18. അടുക്കളത്തോട്ടങ്ങൾ വ്യാപകമാക്കുക.

# സംസ്കാരം

കേരളത്തിൻെറ വ്യവസായ സിരാകേന്ദ്രമാണ് ഏലൂർ. എന്നിരുന്നാലും സാംസ്കാരിക രംഗത്തും നിസ്സാരമല്ലാത്ത സംഭാവനകൾ കാഴ്ചവയ്ക്കാൻ ഈ പ്രദേശത്തിനു കഴിഞ്ഞിട്ടുണ്ട്. വിവിധ മതവിഭാഗങ്ങൾ വളരെയേറെ സൗഹൃദത്തോടെ ഇടപഴകി ജീവിക്കുന്ന ഒരു പാരമ്പര്യമാണ് ഏലൂരിനുള്ളത്. ഇവിടെ, ജാതി-മത പ്രശ്നങ്ങൾ വളർന്നു വഷളാവുകയോ, ഒരാളിക്കത്തലിൽ എത്തിച്ചേരുകയോ ഉണ്ടായിട്ടില്ല. ഇന്നാട്ടുകാരുടെ സാംസ്കാരികോന്നതിയെ ഇത് എടുത്തു കാണിക്കുന്നു.

ഏലൂരിൻെറ സാംസ്കാരിക വളർച്ചയിൽ വിവിധ കലാസാഹിത്യ പ്രതിഭകൾ വഹിച്ച പങ്ക് വലുതാണ്. വായനശാലകളും ക്ലബ്ബുകളും ഈ രംഗത്ത് കൂടുതൽ ഊഷ്മളത പരത്തി. കായികരംഗത്തും ഏലൂരിൻെറ സംഭാവനകൾ മികച്ചതാണ്.

ജനങ്ങളുടെ സാംസ്കാരിക പ്രബുദ്ധത വളർത്താൻ മതങ്ങൾ പണ്ടുമുതൽക്കേ സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ആഘോഷങ്ങളും കലാ-സാംസ്കാരിക പരിപാടികളും ഇതിൽ പ്രധാനമാണ്.

മഞ്ഞുമ്മൽ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ഇവിടത്തെ ഏറ്റവും പുരാതനമായ ആരാധനാലയമാണ്. ഇവിടെ ആണ്ടുതോറും മുടങ്ങാതെ ഉൽസവാഘോഷങ്ങൾ നടക്കുന്നു. പാട്ടുപുരയ്ക്കൽ ക്ഷേത്രത്തിൽ മീനഭരണിയ്ക്കും നാറാണത്തമ്പലത്തിൽ മകരമാസത്തിലും പത്തു ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഉത്സവമുണ്ട്. വടക്കുംഭാഗത്തും മഞ്ഞുമ്മലും ഉള്ള സുബ്രഹ്മണ്യസ്വാമി ക്ഷേത്രങ്ങളോടനുബന്ധിച്ച് ഉൽസവാഘോഷങ്ങളും കാവടിഘോഷയാത്രയും നടത്തുന്നുണ്ട്. ഇലഞ്ഞിക്കൽ ഭഗവതി ക്ഷേത്രത്തിലും ശിവക്ഷേത്രത്തിലും മണ്ഡലപൂജയാണ് പ്രധാനം. കൂടക്കാവ് ഭഗവതീക്ഷേത്രത്തിലും ഉത്സവമുണ്ട്.

ഏറ്റവും പുരാതനവും പ്രധാനവുമായ ക്രിസ്ത്യൻ ദേവാലയം മഞ്ഞുമ്മൽ പള്ളിയാണ്. ഡിസംബർ 8 ന് ഇവിടെ കൊണ്ടാടുന്ന മാതാവിൻെറ പെരുന്നാൾ ഒട്ടേറെ ജനങ്ങളെ ആകർഷിക്കുന്നു. ഏലൂരിൻെറ പുറത്തുള്ളവരും ധാരാളമായി പങ്കെടുക്കാറുണ്ട്. പണ്ടുകാലത്ത് ഈ പെരുനാളിനോടനുബന്ധിച്ച് വലിയൊരു ചന്തയും ഉണ്ടാകാറുണ്ട്. ജനങ്ങൾ ജാതിമത ഭേദമെന്യേ, വീട്ടുപകരണങ്ങളും മരസാമാനങ്ങളും വാങ്ങിക്കൂട്ടാൻ ഈ ചന്തയിലെത്താറുണ്ട്. കാൽപ്പെട്ടികൾക്ക് വലിയ പ്രിയമായിരുന്നു.

ഏലൂർ വടക്കുംഭാഗത്തുള്ള രണ്ട് മുസ്ലീം പള്ളികളിലും ചെറിയ പെരുന്നാൾ, ബലിപെരുന്നാൾ, നബിദിനം എന്നിവ ആഘോഷമായി കൊണ്ടാടി വരുന്നു. നബിദിനത്തിനോടനുബന്ധിച്ച് നടക്കുന്ന വിരുന്നിൽ എല്ലാമതക്കാരും പങ്കെടുക്കാറുണ്ട്.

## കലാ-സാഹിത്യരംഗങ്ങൾ

പുരാതന ചരിത്രത്തിലെ പ്രസിദ്ധരായ പാക്കനാരും നാറാണത്തുഭ്രാന്തനും ഏലൂരിൽ താമസിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്നു. ശ്രീവൊള്ളി നമ്പൂതിരി ഏലൂരിൽ വന്നു താമസിച്ചിട്ടുണ്ട്.

ഏലൂരിൻെറ സാംസ്കാരിക ചരിത്രത്തിലെ ഏറ്റവും ഉജ്വലമായ വെള്ളിനക്ഷത്രമായിരുന്നു എം.കെ.കെ. നായർ. ഫാക്ടിൻെറ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറായിരുന്ന കാലത്ത് അദ്ദേഹം ചെയ്ത സേവനങ്ങൾ ഏലൂരിൻെറ മുഖഛായ തന്നെ മാറ്റി. കഥകളിയുടെ പരിപോഷണത്തിന് അദ്ദേഹം ഒട്ടേറെ യത്നിച്ചു. കലാ-സാഹിത്യരംഗങ്ങളിലെ പല പ്രതിഭകളെയും അദ്ദേഹം ഫാക്ടിലൂടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഫാക്ട് കഥകളി കളരിയും ലളിതകലാ കേന്ദ്രവും അദ്ദേഹം സ്ഥാപിച്ചവയാണ്.

അദ്ദേഹത്തിൻെറ ആരോടും പരിഭവമില്ലാതെ എന്ന ആത്മകഥ മലയാളത്തിലെ ആത്മകഥാസാഹിത്യരംഗത്ത് ഒരു മുതൽക്കൂട്ടാണ്.

സാഹിത്യരംഗത്ത് ഏലൂരിന് അഭിമാനാവഹമായ ചരിത്രമാണുള്ളത്. ടി.പി. രാമകൃഷ്ണപിള്ള പ്രാത:സ്മരണീയനായ മികച്ച സാഹിത്യകാരനും സാമൂഹ്യ പ്രവർത്തകനുമായിരുന്നു. പ്രഗത്ഭ അധ്യാപകനായിരുന്ന ഇദ്ദേഹം വിശ്വപ്രസിദ്ധരായ പാശ്ചാത്യ സാഹിത്യ കാരൻമാരുടെ കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ചെന്തമിഴ് സാഹിത്യ പഠനത്തിൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ മേലങ്ങത്തു നാരായണൻകുട്ടി മേനോൻ ഏലൂരിൻെറ അഭിമാനമാണ്. നന്തനാർ, ഈ.എം. കോവൂർ, പി.കെ. രാജരാജവർമ്മ. ഓ.പി. ജോസഫ് തുടങ്ങിയ സാഹിത്യനായകൻമാർ ഒരു കാലത്ത് ഏലൂരിൽ തിളങ്ങിയിരുന്നു. കെ.എസ്. നമ്പൂതിരി, ടി.എം. അബ്രഹാം, കെ.യു. മേനോൻ, ജി.എസ്.പിള്ള, പയ്യപ്പിള്ളി ബാലൻ, താഴത്തേടം രാഘവൻനായർ തുടങ്ങി അറിയപ്പെടുന്ന സാഹിത്യപ്രതിഭകളും ഏലൂർ അബ്ദുൾഖാദർ, ചെറുകുന്നം വാസുദേവൻ, ജോർജ് വാകയിൽ, നെടുമ്പിള്ളി നന്ദൻ തുടങ്ങിയവരും ഏലൂരിൻെറ സാഹിത്യ മണ്ഡലത്തിൽ വിരാജിക്കുന്നു. മലയാറ്റൂർ രാമകൃഷ്ണൻ, ആർ. രാമചന്ദ്രൻ

നായർ എന്നിവരുടെ സജീവ സാന്നിദ്ധ്യം ഏലൂർ പഞ്ചായത്തിന് അനുഗ്രഹമായിരുന്നു.

എം.വി. ദേവനും കാർട്ടൂണിസ്റ്റ് ശിവറാമും ഏലൂരിനെ ചൈതന്യവത്താക്കിയ പ്രസിദ്ധകലാകാരൻമാരാണ്. കുടമാളൂർ കരുണാകരൻനായർ, കലാമണ്ഡലം കരുണാകരൻ, ചാലക്കുടി നമ്പീശൻ, കലാമണ്ഡലം കേശവൻ, കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി, കലാമണ്ഡലം ഹൈദരാലി, കലാമണ്ഡലം ശങ്കരവാരിയർ തുടങ്ങി പ്രശസ്തരായ കലാകാരൻമാർ ഏലൂരിൻെറ അഭിമാനങ്ങളാണ്. ഫാക്ട് പത്മനാഭൻ, ഫാക്ട് ഭാസ്കരൻ എന്നിവർ ഇവിടെ വളർന്ന് പേരും പെരുമയും നേടിയ കലാകാരൻമാരാണ്. നൃത്തരംഗത്തെ പ്രശസ്തകളായ കലാമണ്ഡലം സുഗന്ധിയും കലാമണ്ഡലം ചന്ദ്രികയും സേവനമനുഷ്ഠിച്ചു പോരുന്നു.

കലാമണ്ഡലം ശങ്കരവാരിയരുടെ ശിക്ഷണത്തിൽ കൊച്ചു കലാകാരൻമാരുടെ പഞ്ചവാദ്യസംഘം നിലവിലുണ്ട്.

നാടക-സിനിമാരംഗത്തു പ്രവർത്തിച്ച കെ.എസ്. ആൻറണി, എം.എസ്. തൃപ്പൂണിത്തുറ, ഗോമതി മഹാദേവൻ, ഏതാനും സിനിമകളിലഭിനയിച്ച ഡോ. മോഹൻദാസ്, ഇപ്പോൾ സിനിമാഭിനയത്തിൽ എത്തിച്ചേർന്ന മിമിക്രി ആർട്ടിസ്റ്റുകൾ കൂടിയായ നാദിർഷാ, ജോർജ് ചീക്കു, സിനിമാനടി ബീനാആൻറണി, പ്രസിദ്ധ മേക്കപ്പ് ആർട്ടിസ്റ്റുകളായ പി.എച്ച്. ഷാ, പട്ടണം റഷീദ് എന്നിവരെല്ലാം ഏലൂരിൻെറ സംഭാവനകളാണ്.

ഏലൂരിൽ ജനിച്ചു വളർന്ന രാഷ്ട്രീയനേതാവാണ് ലോക്സഭാംഗമായ സേവ്യർ അറയ്ക്കൽ. രാജ്യസഭാംഗമായ ഈ. ബാലാനന്ദൻ ഐ.ഐ.സി. ജീവനക്കാരനായിരുന്നു. കെ.എൻ. ഗോപാലപിള്ളയും മുൻ കേന്ദ്രമന്ത്രി എ.സി. ജോർജും പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് എസ്.സി.എസ്. മേനോനും, പി.ശേഖരൻനായർ, ടി.പി. സേവ്യർ, ടി.ജെ. വറുഗീസ് എന്നിവരും ഫാക്ട് ജീവനക്കാരായിരുന്നു. ഏലൂർ മേഖലയിലെ തൊഴിലാളി പ്രസ്ഥാനത്തിലെ ഒരു പ്രമുഖ വ്യക്തിയാണ് ടി.വി.തര്യൻ. ഏലൂരിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ ഒട്ടേറെ സംഭാവനകൾ നൽകിയവരാണ് സി.എം. സ്റ്റീഫൻ, കെ.എ. രാജൻ, കെ.സി. മാത്യു, വി.ജി. ഭാസ്കരൻനായർ, കെ.എൻ. രവീന്ദ്രനാഥ്, കെ.സി. പ്രഭാകരൻ, വി.പി. മരക്കാർ, എ.സി. ജോസ് എന്നിവർ.

കലാ പ്രവർത്തനവുമായി ബന്ധപ്പെട്ട പല ആർട്ട്സ് ക്ലബ്ബുകളും ഇവിടെ പ്രവർത്തിച്ചിരുന്നെങ്കിലും അവയിൽ ഒട്ടമിക്കവയും ഇന്ന് നിർജീവമാണ്. ഐഎസിക്കടുത്തുള്ള ഗ്രാമവേദി, കുറ്റിക്കാട്ടുകരയിലെ സുഹൃദ്സംഘം ഭാരതി തമിഴ്സംഘം എന്നിവ ചെറിയ തോതിൽ പ്രവർത്തിക്കുന്നു. ഫാക്ടറികളിലെ ജീവനക്കാരുടെ റിക്രിയേഷൻ ക്ലബുകളാണ് ഇപ്പോൾ കൂടുതൽ പ്രവർത്തനനിരതമായിട്ടുള്ളത്. ഫാക്ട് ലളിതകലാകേന്ദ്രം, കഥകളി കളരി, ഉദ്യോഗമണ്ഡൽ ക്ലബ്, ഫാക്ട് വിമൻസ് അസോസിയേഷൻ, ലേഡീസ് ക്ലബ്, ടിസിസി റിക്രിയേഷൻ ക്ലബ്, എച്ച്ഐഎൽ ക്ലബ്, ഐഎസി ക്ലബ് എന്നിവയാണ് ഇതിൽ പ്രധാനം. ഫാക്ടും ഐഎസിയും ഹൗസ് മാഗസിനുകളിറക്കുന്നുണ്ട്. ഭാരതി തമിഴ് സംഘത്തിൻെറ ത്രൈമാസികയാണ് "ഭാരതിമുരശ്" മഞ്ഞുമ്മലിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന "ചെറുപുഷ്പം" കേരളത്തിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളിലൊന്നാണ്. വിദേശങ്ങളിൽപോലും ഇതിനു വായനക്കാരുണ്ട്.

ഏലൂർ പഞ്ചായത്തിലെ വായനശാലകൾ മിക്കവയും നിർജീവാവസ്ഥയിലാണ്. ഏലൂരിലെ ദേശീയ വായനശാലയും വടക്കുംഭാഗത്തുള്ള യുവജനവായന ശാലയും കുറച്ചെങ്കിലും നന്നായി പ്രവർത്തിക്കുന്നുണ്ട്. ഭാരതീ തമിഴ് സംഘത്തിൻെറ വായനശാല കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്നുണ്ട്. ഏലൂരിൽ രണ്ട് സിനിമാശാലകളുണ്ട്

## കായികരംഗം

ഒളിമ്പ്യൻ പപ്പൻ (ടി.ഡി.ജോസഫ്) എന്ന വോളീബോൾ രംഗത്തെ "പവർ സ്ട്രൈക്കർ", ഒളിമ്പ്യൻ സൈമൺ സുന്ദരരാജ് (ഫുട്ബോൾ), ഒരു ഹാട്രിക്കിലൂടെ കേരളത്തിന് സന്തോഷ്ട്രോഫി നേടിക്കൊടുത്ത മണി, ഷട്ടിൽ ബാഡ്മിൻറൺ താരങ്ങളായ ജസ്സിഫിലിപ്പ്, ജയാഫിലിപ്പ്, നോറീൻ പാദുവ, എഡ്വിൻ പാദുവ, ഷെർലി ഫ്രാൻസിസ്, ബോസ് നൈനാൻ, സംഗീതാ പോറ്റി, സുചിത്ര തുടങ്ങിയവർ ശ്രദ്ധേയരാണ്. ഭുവനദാസ്, ഔസേഫ്, പാവറട്ടി ആൻറണി, ലളിതാനൈനാൻ (വോളിബോൾ), നളൻ, രാമനാഥൻ (കബഡി). കേരളത്തിലെ ആദ്യകാല ക്രിക്കറ്റ് താരം ബാലൻ പണ്ഡിറ്റ്, യു.എസ്.എ.സ്പോർട്സ് അമ്പാസിഡർ പദവി ലഭിച്ച പി.ജെ. സണ്ണി (നാഷണൽ ബാസ്ക്കറ്റ്ബോൾ സെലക്ഷൻ കമ്മറ്റി ചെയർമാൻ) എന്നിവരെല്ലാം ഏലൂരിലൂടെ വളർന്നവരാണ്. സ്റ്റേറ്റ് സ്കൂൾ സ്പോർട്ട്സ് മീറ്റിൽ വിജയൻ കുറിച്ച പോൾവാൾട്ട് റിക്കാർഡ് ഇപ്പോഴും തിരുത്തപ്പെട്ടിട്ടില്ല. വിസ്തരഭയത്താൽ ഈ പട്ടിക ഇനിയും നീട്ടുന്നില്ല.

ഏലൂരിലെ വ്യവസായശാലകളിലൂടെ വന്നെത്തിയ ഒട്ടേറെ പേർ ഏലൂരിൻെറ സാംസ്കാരിക വളർച്ചക്ക് മഹത്തായ സംഭാവനകൾ നൽകിയ ചിത്രമാണ് നാം കണ്ടത്. മുകളിൽ സൂചിപ്പിക്കപ്പെട്ടവരിൽ ബഹുഭൂരിപക്ഷവും അങ്ങിനെയുള്ളവരാണ്. വിവിധ പ്രദേശക്കാരായ ഇവിടത്തെ ഫാക്ടറി ജീവനക്കാർ എല്ലാവരും തന്നെ സ്വന്തം ദേശത്തിൻെറ സാംസ്കാരിക മൂല്യങ്ങൾ പരസ്പരം പകർന്ന്

ഒരു പുത്തൻ സാംസ്കാരിക സമുച്ചയം ഇവിടെ വളർത്തി. ഇത് പുതിയൊരുണർവിനും കാഴ്ചപ്പാടിനും ചാലകശക്തിയായി.

## പ്രശ്നങ്ങൾ

1. വായനശാലകൾ, ഗ്രന്ഥശാലകൾ, ക്ലബുകൾ എന്നിവയുടെ പ്രവർത്തന മാന്ദ്യവും സ്പോർട്ട്സ് ക്ലബുകളുടെ തകർച്ചയും സാംസ്കാരികരംഗത്തെ വലിയൊരു പ്രതിസന്ധിയായിമാറി.
2. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ, പ്രത്യേകിച്ച് ടിവി ചാനലുകളുടെ അതിപ്രസരം വായനാശീലത്തെ തകർക്കുന്നതിനും സാംസ്കാരിക ച്യുതിക്കും കാരണമായി.
3. വിവാഹങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ആർഭാടപൂർണമായി മാറുന്നില്ലേ എന്ന ആശങ്കയുണ്ട്.

## നിർദ്ദേശങ്ങൾ

◆ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളേയും വായനശാലകളേയും പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുക. പ്രവർത്തന രഹിതമായി കിടക്കുന്ന കലാ-കായിക ക്ലബുകളേയും പുനരുദ്ധരിക്കണം. ഈ ദിശയിലുള്ള പ്രവർത്തനം ലക്ഷ്യമാക്കിക്കൊണ്ട് ജനപങ്കാളിത്തത്തോടുകൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക.

◆ കുട്ടികളിലും മുതിർന്നവരിലും വായനാശീലം പ്രോൽസാഹിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

◆ ഏലൂരിൻെറ സാംസ്കാരിക രംഗത്ത് നിർണ്ണായകമായ പങ്കുവഹിച്ച എം.കെ.കെ. നായരുടെ ജൻമദിനം ഏലൂരിൻെറ സാംസ്കാരിക ദിനമായി പ്രഖ്യാപിക്കുകയും സാംസ്കാരിക സമന്വയവും സാമൂഹ്യബന്ധവും സാദ്ധ്യമാക്കുന്ന രീതിയിൽ എല്ലാ വർഷവും ഈ ദിനം ആഘോഷിക്കുകയും ചെയ്യുക.

◆ വിവിധ കമ്പനികളുമായി ബന്ധപ്പെട്ടിട്ടുള്ള ക്ലബ്ബുകളുടെ സംയുക്തമായ പരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കുകയും സമ്മാനാർഹരാവുന്നവർക്ക് ഉചിതമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

◆ കലാ-കായിക രംഗങ്ങളിലെ ഏലൂരിൻെറ മുൻ പ്രതിഭകളെ ഒന്നിച്ചു വിളിച്ചുകൂട്ടി ആദരിക്കാനുള്ള ഒരു ദിവസം എല്ലാ വർഷവും കണ്ടെത്തുകയും ഈപരിപാടി പുതിയ തലമുറയ്ക്ക് ഇവരെ കുറിച്ചുള്ള അറിവു പകരുവാനും ആവേശമുൾക്കൊള്ളാനും ഉതകുന്ന ഒരു വേദിയാക്കി മാറ്റുകയും ചെയ്യുക.

◆ കേരളോത്സവം ഗ്രാമോത്സവം പോലുള്ള പരിപാടികൾ കൂടുതൽ ജനപങ്കാളിത്തത്തോടെ ആവേശകരമായി നടത്തുക.

◆ പൊതുവായ കായികവിനോദ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ടാക്കുക.

◆ ഒരു കേന്ദ്രലൈബ്രറിയും റിസർച്ച് സെൻററും സ്ഥാപിക്കുക.

◆ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു യോഗാ കേന്ദ്രം ആരംഭിക്കുക.

◆ സാമൂഹ്യമായ അനാചാരങ്ങൾക്കെതിരെയും, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവക്കെതിരെയും ബോധവൽക്കരണ പരിപാടികൾ നടത്തുക.

◆ സ്ത്രീകളുടെ ഉന്നമനത്തിനും സ്ത്രീവിവേചനം അവസാനിപ്പിക്കുന്നതിനും വേണ്ട ബോധവത്കരണവും അതിനുതകുന്ന ഒരു പഠന കേന്ദ്രവും സ്ഥാപിക്കുക.

◆ അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും അവയെ ശക്തമാക്കുകയും ചെയ്യുക വഴി കൂടുതൽ ദൃഢമായ സാമൂഹ്യബന്ധങ്ങൾ വളർത്തിയെടുക്കുകയും ഉച്ചനീച ത്വങ്ങൾ തകർത്ത് ഏകതാനമായ ഒരു മാനവികത വളർത്തി യെടുക്കുകയും ചെയ്യുക.

# സഹകരണമേഖല

പതിമൂന്ന് വാർഡുകളായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഏലൂർ പഞ്ചായത്തിൻെറ പരിധിയ്ക്കകത്ത് രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുപോരുന്നു. ഈ സഹകരണ സംഘങ്ങളിൽ 18000 പേർ അംഗങ്ങളാണ്. ഇവയ്ക്കു പുറമെ ഫാക്ട്, ടി.സി.സി. എച്ച്.ഐ.എൽ., ഐ.ആർ.ഇ., ഫെഡോ, ഐ.എ.സി. എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികളുടേതായി ആറ് എംപ്ലോയീസ് ക്രെഡിറ്റ് സൊസൈറ്റികളും നാല് കൺസ്യൂമർ സൊസൈറ്റികളും ഒരു കുമ്മായ വ്യവസായ സഹകരണ സംഘവും, ആപ്കോ സിൻെറ കീഴിൽ രണ്ടും അല്ലാതെ ഒന്നും ചേർന്ന് മൂന്നു ക്ഷീരോൽപാദക സഹകരണ സംഘങ്ങളും ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റിയും ഉൾപ്പെടെ 19 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏഴ് സ്ക്കൂൾ സഹകരണ സംഘങ്ങൾ ഇവയ്ക്കു പുറമെയുണ്ട്. ഫാക്ട്, ടി.സി.സി കമ്പനിത്തൊഴിലാളികളുടേതായി രണ്ടു ഹൗസിംഗ് സൊസൈറ്റികൾ പ്രവർത്തിച്ചുപൊരുന്നു. ഏലൂർ പഞ്ചായത്ത് പറവൂർ താലൂക്ക് ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശമാണ്. മഞ്ഞുമ്മലെ കാർഷിക വ്യവസായങ്ങൾ സഹകരണ സംഘം പ്രവർത്തന രഹിതമാണ്. ഗ്രാമീണ ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി പ്രധാനമായും ആശ്രയിക്കുന്നത് സർവ്വീസ് സഹകരണ സംഘങ്ങളെയാണ്. വർഷം തോറും ഏകദേശം 4 കോടിയോളം രൂപ വായ്പയിനത്തിൽ അംഗങ്ങൾക്കു ലഭ്യമാക്കുന്നുണ്ടെങ്കിലും ഇതിൽ ഏറിയ കൂറും പ്രത്യുല്പാദന മേഖലയിൽ വിനിയോഗിക്കപ്പെടുന്നില്ല. 12000ത്തിൽ ഏറെ അംഗങ്ങളുള്ള ഏലൂർ സർവ്വീസ് സഹകരണ ബാങ്കിനെയാണ് ഗ്രാമീണ ജനതയിൽ ഭൂരിപക്ഷവും സാമ്പത്തികാവശ്യങ്ങൾക്കായി ആശ്രയിക്കുന്നത്. എന്നാൽ സമ്പാദ്യങ്ങൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കുവാൻ തയ്യാറാകുന്നില്ല. അംഗങ്ങളുടേയും ഇടപാടുകാരുടേയും സൗകര്യം കണക്കിലെടുത്ത് നിലവിലുള്ള സൊസൈറ്റിക്ക് ബ്രാഞ്ചുകൾ ആരംഭിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

◆ സഹകരണ സംഘങ്ങൾ മുഖേന കാർഷിക മേഖലയിൽ ലഭ്യമാക്കുന്ന കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളെ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനു ആവശ്യമായ വർക്കുഷോപ്പുകൾ സംഘടിപ്പിക്കുവാൻ പഞ്ചായത്തും സഹകരണസംഘങ്ങളും ഒത്തു ചേർന്നു മുൻകൈ എടുക്കേണ്ടതാണ്.

◆ കാർഷിക രംഗത്തെ പ്രവർത്തനങ്ങൾ സഹകരണാടി സ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഓരോ പൂവും നെൽകൃഷി ആരംഭിക്കുന്നതിനു മുൻപ് പഞ്ചായത്തു തലത്തിൽ രൂപീകൃതമായിട്ടുള്ള കാർഷിക വികസനസമിതി ചേരേണ്ടതും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നെൽകൃഷിയെ സംബന്ധിച്ച് വിശദമായ ചർച്ചകൾ ചെയ്തു തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഇതിൻെറ വെളിച്ചത്തിൽ നെല്ലുല്പാദക സമിതികൾ യോഗം ചേർന്ന് അതത് പാടശേഖരങ്ങളിലെ കൃഷിയെ സംബന്ധിച്ച് വിശദമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. ഇതുപ്രകാരം ചെയ്താൽ ഉഴവുമുതൽ വിളയെടുപ്പു വരെയുള്ള കാർഷിക പ്രവർത്തനങ്ങൾ സഹകരണാടി സ്ഥാനത്തിൽ വിജയകരമായി തീർക്കാം.

◆ രണ്ടോ മൂന്നോ കേര കർഷക സംഘങ്ങൾ കൂടിച്ചേർന്ന് ഒരു കൊപ്രാ സംഭരണകേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ നേതൃത്വം നൽകാവുന്നതാണ്. ഇങ്ങനെ സംഭരിക്കുന്ന കൊപ്രയും മറ്റു വ്യക്തികൾ ഉല്പാദിപ്പിക്കുന്ന കൊപ്രയും അതതുകാലത്ത് ഗവർമെണ്ട് നിശ്ചയിക്കുന്ന വിലയ്ക്ക് ഏറ്റെടുക്കുന്നതിന് ഏലൂർ സർവ്വീസ് സഹകരണ സംഘം ക്രമീകരണങ്ങൾ ഉണ്ടാകണം.

◆ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഉരുക്കളെ വാങ്ങാൻ വായ്പ നൽകുന്ന ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും വായ്പ ബന്ധപ്പെട്ട ക്ഷീരോല്പാദക സംഘങ്ങൾ വഴി ക്രമീകരിക്കണം. പഞ്ചായത്തിൻെറ കിഴക്കൻ മേഖലകൾ കേന്ദ്രീകരിച്ച് ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുകയോ നിലവിലുള്ള സംഘത്തിൻെറ പരിധി പ്രസ്തുത പ്രദേശത്തേയ്ക്കും വ്യാപിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

◆ പ്രവർത്തന രഹിതമായിക്കൊണ്ടിരിക്കുന്ന കുമ്മായ സഹകരണ സംഘത്തെ ഭവന നിർമ്മാണ സാമഗ്രികൾ കൂടി ഉല്പാദിപ്പിക്കുന്ന സ്ഥാപനമാക്കി പുനർനവീകരണം ചെയ്യുക. ഒട്ടേറെ തൊഴിൽ സാധ്യതകൾ ഇതുവഴി ലഭ്യമാക്കാം.

◆ വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ ജോലി ചെയ്യാൻ തയ്യാറുള്ളവരെ രജിസ്റ്റർ ചെയ്യിപ്പിച്ചുകൊണ്ട് ഒരു ഏജൻസി രൂപീകരിച്ച് കാർഷികമേഖലയിലെയും കാർഷികേതര മേഖലയിലെയും തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കാൻ പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്.

◆ വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി പഞ്ചായത്തിൽ വനിതകളുടേതായ വിവിധോദ്ദേശ്യ സഹകരണസംഘം തുടങ്ങുന്നതിനു നേതൃത്വപരമായ തീരുമാനം കൈക്കൊള്ളണം.

# പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം

ഏലൂർ പഞ്ചായത്തിലെ 13 വാർഡുകളിലായി 769 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇവയിൽ മെച്ചപ്പെട്ട നിലയിലും പിന്നോക്കാവസ്ഥയിലും പെട്ട കുടുംബങ്ങളുണ്ട്. പൊതുവേ ജീവിത നിലവാരം മോശമാണ്. വ്യവസായ മേഖലയായിട്ടും വ്യവസായ തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറവാണ്. കൂലിപ്പണി ചെയ്താണ് കൂടുതലാളുകളും കഴിയുന്നത്. ഉന്നത വിദ്യാഭ്യാസം നേടിയവർ വളരെ വിരളമാണ്.

## പ്രശ്നങ്ങളും പരിഹാരങ്ങളും.

1. 4 സെൻറ് കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക
2. പഞ്ചായത്തിൽ കോളനികൾ കുറവാണെങ്കിലും ഉള്ളവയ്ക്ക് വൈദ്യുതി, വെള്ളം, റോഡ്, തുടങ്ങിയ പ്രാഥമികസൗകര്യങ്ങൾ കുറവാണ്. സാനിറ്ററി സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.
3. പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഭൂരിപക്ഷമുള്ള പ്രദേശങ്ങളെ പ്രത്യേക പ്രദേശങ്ങളായി തിരിച്ച് സർക്കാരിൽ നിന്നും ഈ വിഭാഗക്കാർക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
4. ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപപിക്കുക
5. സ്വയം തൊഴിൽ പദ്ധതിയുടെ പരമാവുധി പ്രയോജനം ലഭിക്കുന്നതിനുതകുന്ന ഏർപ്പാടുകൾ ചെയ്യുക. ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ നിന്നു ലഭിക്കാൻ ഇടവരുത്തുക. 3 മാസത്തിൽ ഒരിക്കലെങ്കിലും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്തിൽ വരാൻവേണ്ട നടപടികൾ കൈക്കൊള്ളുക.
6. ഈ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം നൽകുക.
7. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിന്നുപോകുന്നുവെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തുകയും പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുകയും ചെയ്യുക
8. സർക്കാർ, പഞ്ചായത്ത് പൊതുമേഖല ഇവയിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
9. പ്രദേശികമായി അവശതയനുഭവിക്കുന്നവരുടെ കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പരിഗണന നൽകുന്നതിലേയ്ക്ക് ശുപാർശ നൽകുക.
10. എല്ലാ മേഖലകളിലും പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകുക
11. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ഒരു സഹകരണ സംഘം ഉണ്ടാക്കുന്നതിലേക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുക.
12. സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളിലും സർക്കാരിലെന്നപോലെ സംവരണം നൽകാനുള്ള നടപടി സ്വീകരിക്കുക. സ്വകാര്യ വിദ്യാലയങ്ങളിൽ സൗജന്യമായി യൂണിഫോം ലഭിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
13. പരമ്പരാഗതമായ അനുഷ്ഠാന കലകളെ പ്രോത്സാഹിപ്പിക്കുക. കലാ-കായിക പ്രതിഭകളെ കണ്ടെത്തി വളരാനുള്ള വഴിയൊരുക്കുക.
14. വായ്പകൾ അടയ്ക്കാൻ കഴിവില്ലാത്തവരെ പരമാവധി സഹായിക്കുക.
15. പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്ന ജാതീയമായ ഉച്ചനീചത്വങ്ങൾ ഉച്ചാടനം ചെയ്യുക
16. ഒത്തു ചേരാനും ആശയവിനിമയം ചെയ്യാനും ചർച്ച ചെയ്യാനും ഉതകുംവിധം അനുയോജ്യമായ സ്ഥലത്ത് വെൽഫെയർ സെൻറർ നിർമ്മിക്കുക.
17. അർഹരാണെന്നു ബോധ്യം വന്നാൽ ജാതിസർട്ടിഫിക്കറ്റ് കാലതാമസംവരാതെ ലഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.
18. അംഗൻവാടികളിലൂടെ പോഷകാഹാരവും മരുന്നും ലഭ്യമാക്കുക.
19. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരെ കണ്ടെത്തുകയും അവരുടെ കഴിവുകൾ വികസിപ്പിച്ച് പഞ്ചായത്ത് പ്രയോജനകരമാക്കാൻ വേണ്ടതു ചെയ്യുകയും വേണം.

# വിഭവസമാഹരണം

ഏലൂർ പഞ്ചായത്തിൻെറ പ്രധാന വരുമാനങ്ങൾ കെട്ടിട നികുതി. തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. 1995-96 വർഷത്തിൽ ഏലൂർ പഞ്ചായത്തിൻെറ വരുമാനം താഴെകൊടുക്കുന്നു.

പട്ടിക 1

| | |
|---|---|
| കെട്ടിട നികുതി | 30,93,766.00 രൂപ |
| തൊഴിൽ നികുതി | 37,14,322.00 രൂപ |
| വിനോദ നികുതി | 31,084.00 രൂപ |
| ലൈസൻസ് ഫീസ് | 95,975.00 രൂപ |
| വസ്തു കൈമാറ്റ നികുതി | 3,97,037.00 രൂപ |
| നിക്ഷേപങ്ങളിലെ പലിശ | 2,03,260.00 രൂപ |
| ആകെ തനതുവരുമാനം | 75,35,444.00 രൂപ |
| സർക്കാർ ഗ്രാൻറ് | 4,61.090.00 രൂപ |
| ഡെപ്പോസിറ്റ് | 1,92,235.00 രൂപ |
| ലൈബ്രറി സെസ്സ് | 21,581.00 രൂപ |
| പലവക വരുമാനം | 23,002.00 രൂപ |
| ആകെ | 82,33,352.00 രൂപ |

പഞ്ചായത്തിൻെറ 1991 - 92 മുതൽ 1995-96 വരെയുള്ള വരുമാനം പട്ടിക രണ്ടിൽ ചേർത്തിരിക്കുന്നു.

പട്ടിക 2

## ഏലൂർ പഞ്ചായത്ത് വരവ്

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1994-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 18,30,489.00 | 11,60,180.00 | 4,61,199.00 | 1,06,022.00 | 30,93,766.00 |
| 2 | തൊഴിൽ നികുതി | 8,43,772.00 | 13,23,192.00 | 9,59,386.00 | 38,35,756.00 | 37,14,322.00 |
| 3 | വിനോദനികുതി | 28,857.00 | 44,270.00 | 43,110.00 | 29,445.00 | 19,361.00 |
| 4 | അധികവിനോദനികുതി | 17,371.00 | 26,674.00 | 26,471.00 | 15,276.00 | 11,458.00 |
| 5. | പ്രദർശന നികുതി | 3125.00 | 3661.00 | 503.00 | 2736.00 | 265.00 |
| 6 | ചന്തവരവ് | – | – | – | – | – |
| 7 | ലൈസൻസ് ഫീസ് | 2,00,889.00 | 42,836.00 | 43,226.00 | 98,652.00 | 95,975.00 |
| 8 | വസ്തുകൈമാറ്റ | | | | | |
| | നികുതി 75% | 1,00,444.00 | 2,26,325.00 | 2,54,918.00 | – | 3,97,037.00 |
| 9. | സർക്കാർ ഗ്രാൻറുകൾ | 1,48,204.00 | 1,85,950.00 | 3,30,300.00 | 3,49,100.00 | 4,61,090.00 |
| 10 | ഡെപ്പോസിറ്റ് | 4,56,861.00 | 83,797.00 | 43,287.00 | 60,550.00 | 1,92,235.00 |
| 11 | ലൈബ്രറി സെസ്സ് | – | – | – | – | 21,581.00 |
| 12 | മറ്റുള്ളവ | 5,04,698.00 | 7,15,755.00 | 6,70,021.00 | 3,57,341.00 | 23,002.00 |
| 13 | പലിശ | 49,161.00 | 1,37,613.00 | 20,496.00 | 48,414.00 | 2,03,260.00 |
| | | 41,83,870.00 | 39,50,252.00 | 28,52,917.00 | 49,02,902.00 | 82,33,352.00 |

1-1-90ൽ ഏലൂർ പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തപ്പെടുകയും 30-9-93 വരെ ആ സ്ഥിയിൽ തുടരുകയും ചെയ്തു. 1-10-93 മുതൽ ഏലൂർ വീണ്ടും പഞ്ചായത്ത് ആയി.മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഈടാക്കുന്ന നിരക്കിലും ഘടനയിലും സാരമായ വ്യത്യാസങ്ങൾ ഉണ്ട്. മുനിസിപ്പാലിറ്റിയിലെ കെട്ടിട നികുതി 10%വും പഞ്ചായത്തിലേത് 6%വും ആണ്. അതുകൊണ്ട് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ നികുതി പിരിവിൽ ഒരു താരതമ്യപഠനം എളുപ്പമല്ല. ഈ സാമ്പത്തിക വർഷത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയതിൻെറ ഫലമായി മുൻവർഷങ്ങളിലെ കുടിശ്ശികയും തന്നാണ്ടത്തെ നികുതിയുമായി 31-10-96 വരെ

| | |
|---|---|
| കെട്ടിട നികുതി | 8,65,886.00 രൂപയും |
| തൊഴിൽ നികുതി | 30,32,516.00 രൂപയും |

കൂടി ആകെ 38,98,402.00 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 1992-93 മുതൽ 1995-96 വരെയുള്ള നാലു വർഷക്കാലത്തെ ചെലവ് സംബന്ധിച്ച കണക്കുകൾ പട്ടിക മൂന്നിൽ താഴെ ചേർത്തിരിക്കു

**1995-96ലെ ചെലവ് - പട്ടിക 4**

| | |
|---|---|
| ഭരണ പരം | 7,57,518.00 രൂപ |
| പൊതു മരാമത്ത് | 8,17,487.00 രൂപ |
| തെരുവു വിളക്ക് | 4,34,718.00 രൂപ |
| ശുചീകരണം | 1,69,945.00 രൂപ |
| ശുദ്ധജലവിതരണം | 1,15,580.00 രൂപ |
| വിദ്യാഭ്യാസം | 2,373.00 രൂപ |
| മറ്റു ചെലവുകൾ | 4,68,041.00 രൂപ |
| ആകെ | 27,65,663.00 രൂപ |

ഏലൂർ പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയിരുന്ന കാലഘട്ടത്തിൽ ഭരണപരമായ ചെലവ് പഞ്ചായത്തിനേതിനേക്കാൾ വളരെ കൂടുതലായിരുന്നു. ഇത് മൊത്തം വരുമാനത്തിൻെറ 30% വരും. പഞ്ചായത്ത് ആയിരിക്കുമ്പോൾ ഇത് 10% ആണ്.

നികുതിയേതര വരുമാനം സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

1995-96 വർഷത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുള്ള ധനസഹായമായി കൃഷിവകുപ്പിൽ നിന്നും 49008.00 രൂപയും മൃഗസംരക്ഷണ വകുപ്പിൽ നിന്നും 180.00 രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

ഉപാധിരഹിത ഫണ്ടായി 1995-96 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 1,68,900.00 രൂപയും പ്രത്യേക ഘടക പദ്ധതിയിൽ1,07,800.00 രൂപയും ഗിരിവർഗ്ഗ ഉപപദ്ധതിയിൽ 35,000.00 രൂപയും കൂടി ആകെ 3,11,700.00 രൂപ ഈ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്.

ജവഹർ തൊഴിൽദാന പദ്ധതിയിൽ 1995-96 വർഷത്തിൽ ഈ പഞ്ചായത്തിൽ 2,50,690.00 രൂപ ലഭിച്ചിട്ടുണ്ട്.

കേരളത്തില മറ്റു പഞ്ചായത്തുകളിൽ നിന്നു വിഭിന്നമാണ് ഏലൂർ ഗ്രാമ പഞ്ചായത്ത്. തൊഴിൽ നികുതി ഇനത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളിലെ 16,962 ഡിമാൻറുകൾ ഓരോ വർഷവും ഉണ്ട്. കൂടാതെ സ്ക്കൂളുകൾ, ചെറിയ കമ്പനികൾ, മറ്റു ചെറുകിട സ്ഥാപനങ്ങൾ എന്നിവ പുറമേയും ഉണ്ട്. ഇതു സംബന്ധിച്ച അസ്സസ്മെൻറ് രജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ, നോട്ടീസുകൾ, രസീതുകൾ, എന്നിവ എഴുതി ഡിമാൻറ് രജിസ്റ്ററിൽ വരുവുവയ്ക്കൽ തുടങ്ങിയ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ കാര്യമായി ബാധിക്കുന്നുണ്ട്.

ഏലൂർ പഞ്ചായത്ത് മുനിസിപ്പാലിറ്റി ആയിരുന്ന കാലത്ത് സേവന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവൺമെൻറ് ഉൾപ്പടെയുള്ള വിവിധ ഏജൻസികളിൽ നിന്നും 5,22,850.00 രൂപ വായ്പ എടുത്തിട്ടുണ്ട്. പ്രതിവർഷം മുതലും പലിശയും ഉൾപ്പടെ 92,000 രൂപ വീതം തിരിച്ചടയ്ക്കുന്നുണ്ട്. ഇത് വാർഷിക ചെലവിൻെറ 3% വരും.

## നിർദ്ദേശങ്ങൾ

1. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്സ്റ്റാൻറ്, ടാക്സി സ്റ്റാൻറ്, പെട്രോൾ പമ്പ്, ലോഡ്ജ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ആധുനിക ട്രക്ക് ടെർമിനൽ, ആധുനിക അറവുശാല, മാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ പണിത് വാടകയ്ക്ക് കൊടുക്കുക

2. നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് സുഗമമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിച്ച് കുടിശ്ശിക നികുതികൾ യഥാസമയം പിരിച്ചെടുക്കുക.

3. പഞ്ചായത്തിൻെറ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക ജീവനക്കാരേയും മറ്റു ജീവനക്കാരേയും നിയമിച്ച് പദ്ധതികൾ യഥാസമയം പൂർത്തികരിച്ച് പാഴ്ചെലവുകൾ ഒഴിവാക്കുക.

4. നിലവിലുള്ള വ്യവസായങ്ങളുടെ അനുബന്ധ വ്യവസായങ്ങൾ തുടങ്ങുവാൻ പറ്റുന്നതിനുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. ഇവിടെ ഗതാഗതം, വൈദ്യുതി, ശുദ്ധജലം മുതലായ മിനിമം സൗകര്യങ്ങൾ ഉണ്ടാകണം. ടി സ്ഥലം വ്യവസായികൾക്ക് വാർഷിക പാട്ട വ്യവസ്ഥയിൽ നൽകി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുക.

5. പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന ടോൾ പിരിവിൻെറ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിനു ലഭിക്കുന്നതിനുള്ള നടപടികൾ സ്വകരിക്കണം.

6. പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ ടോൾ പിരിവിനുള്ള അവകാശം പഞ്ചായത്തിനു നൽകണം.

7. ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണത്തിൽ പകുതിയും വൻകിട കമ്പനികളുടെ കൈവശത്തിലാണ്. ഈ കമ്പനികളുടെ പ്രവർത്തനം മൂലം താഴെ പറയുന്ന നഷ്ടങ്ങൾ ഉണ്ടാകുന്നു.

1. കമ്പനികളിൽ നിന്നും പുറപ്പെടുന്ന മലിനീകരണ വസ്തുക്കളും മറ്റും മൂലം ഈ പഞ്ചായത്തിലെ കാർഷിക മേഖല പ്രവർത്തന രഹിതമാണ്.

2. വായു മലിനീകരണം മൂലം ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനില വളരെ ശോചനീയമാണ്. ഉദ: ആസ്തമ, ശ്വാസം മുട്ടൽ തുടങ്ങിയ രോഗങ്ങൾ.

3. കമ്പനികളുടെ ആവശ്യത്തിനായി വന്നു പോകുന്ന

പട്ടിക — 3

| | ഇനം | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 1 | ഭരണപരം | 13,33,644.00 | 12,80,200.00 | 66,8425.00 | 75,7518.00 |
| 2 | പൊതുമരാമത്ത് | 11,88,951.00 | 38,99,04 00 | 9,86,445.00 | 81,74,87.00 |
| 3 | വിദ്യാഭ്യാസം | 7408.00 | 10046.00 | 4147.00 | 2373.00 |
| 4 | ജലവിതരണം | 35100.00 | NIL | NIL | 115580.00 |
| 5 | ശുചീകരണം | 1980.00 | 18,3242.00 | 173682.00 | 169945.00 |
| 6 | തെരുവ് വിളക്ക് | 408803 00 | 633122.00 | 434712 00 | 434719.00 |
| 7 | മറ്റുള്ളവ | 11,09,593.00 | 12,34,984 00 | 187509.00 | 468041.00 |
| | ആകെ | 40,85,465.00 | 37,31,498 00 | 24,54,920.00 | 27,65,663.00 |

വാഹനങ്ങൾ മൂലം റോഡുകളുടെ തകർച്ച.

4. കമ്പനികളിലെ മലിനീകരണ വസ്തുക്കൾ ഏലൂർ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതു കൊണ്ട് കിണറുകളിലെ ജലം മലിനമാകുന്നതുമൂലം ഉണ്ടാകുന്ന ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം.

മുകളിൽ പ്രസ്താവിച്ച നാലു കാര്യങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് ആവിഷ്ക്കരി ക്കുന്ന പദ്ധതികൾക്കുവേണ്ട ചെലവുകൾക്കായി ഈ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ആനുപാതി കമായി വർഷംതോറും ഒരു നിശ്ചിത തുക പഞ്ചായത്തിനു നൽകണം. ഈ ആവശ്യം വ്യവസായ സ്ഥാപനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതുവരെ നമ്മുടെ സംസ്ഥാനത്തി നകത്തും പുറത്തുമുള്ള നിരവധി പഞ്ചായത്തുകളും വാർഡുകളും ഈ കമ്പനികൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതുപോലെ ഈ പഞ്ചായത്തിലെ 13 വാർഡുകൾ ഫാക്ട്, ഐ.എ.സി., ടി.സി.സി., ഐ.ആർ.ഇ., എച്ച്.ഐ.എൽ., സതേൺഗ്യാസ് തുടങ്ങിയ കമ്പനികൾ ദത്തെടുത്ത് കുടിവെള്ളം, ആരോഗ്യരക്ഷ, ഗതാഗത വികസനം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കണം.

5. വിവിധ ഗവൺമെൻറ് വകുപ്പുകളുടെ ഏകോപനം മൂലം പാഴ്ചിലവുകൾ കുറച്ച് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ഉദാ. കെ.ഡബ്ള്യു.എ.,പി.ആൻറ് ടി, കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി തുടങ്ങിയ വകുപ്പുകളുടെ ഏകോപനം.

6. വിവിധ മേഖലകൾക്കാവശ്യമായ വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളുടെ ഒരു മാൻപവർബാങ്ക് രൂപീകരിച്ച് ആവശ്യമുള്ള അവസരങ്ങളിൽ അവരുടെ സേവനം ഉപയോഗപ്പെടുത്താം. ഇതുമൂലം പദ്ധതികൾ നടപ്പിലാക്കുവാൻ എളുപ്പം കഴിയും. ചെലവുകൾ കുറയ്ക്കാനും കഴിയും. എല്ലാ സീസണുകളിലും ഒരു നിശ്ചിത ശതമാനം ആളുകൾക്ക് തൊഴിൽ ഉറപ്പാക്കുവാൻ കഴിയും.

7. ഈ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളുടേയും സർക്കാരിൻേറയും ഉടമസ്ഥതയിലുള്ള നാളിതുവരെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ നോമിനൽ വാടകയ്ക്കു പഞ്ചായത്ത് ഏറ്റെടുത്ത് ചുരുങ്ങിയ കാലയളവിലുള്ളിൽ വിളവ് ലഭിക്കുന്ന കൃഷികൾ നടത്തുന്നവർക്ക് പാട്ടത്തിന് നൽകി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.

8. ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ ശേഖരണവും വിതരണവും നടത്തിന്നതിനുള്ള സഹകരണ സ്ഥാപനം പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ആരംഭിക്കണം.

പഞ്ചായത്തീരാജ് സംവിധനം നിലവിൽ വന്നുവെങ്കിലും നിയമങ്ങൾ നടപ്പിലാക്കേണ്ട ചട്ടങ്ങൾ നിർമ്മിക്കാത്തതു കൊണ്ടും, മറ്റു വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന ചുമതലകൾ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തുവെങ്കിലും ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ പഞ്ചായത്തുകളിൽ നിയമിക്കാത്തതുമൂലവും പൊതുജനങ്ങ ൾക്ക് മുൻപ് ലഭിച്ചുകൊണ്ടിരിക്കുന്ന നാമമാത്രമായ സേവനംപോലും ഇപ്പോൾ ലഭ്യമല്ല.

## ബാങ്കിങ്ങ് മേഖല

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ദേനാബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, തുടങ്ങിയ ദേശസാൽകൃതബാങ്കുകളുടെ ശാഖകൾ ഏലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഒഴികെയുള്ള മറ്റു നാലു ബാങ്കുകളുംകൂടി 1995-96 വർഷത്തിൽ 1645 ലക്ഷം രൂപ പൊതുജനങ്ങളിൽ നിന്നും ഡിപ്പോസിറ്റായി സ്വീകരിക്കുകയും 751.50 ലക്ഷം രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. കാർഷികമേഖല യ്ക്ക് 76 ലക്ഷം രൂപയും വ്യവസായ മേഖലയ്ക്ക് 51 ലക്ഷം രൂപയും മറ്റു മുൻഗണനാ മേഖലകൾക്കായി 624 ലക്ഷം രൂപയുമാണ് വായ്പയായി നൽകിയിട്ടുള്ളത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ കണക്കുകൾ ലഭ്യമല്ലാത്തിനാൽ ചേർത്തിട്ടില്ല. ഈ പഞ്ചായത്തിലെ ക്രെഡിറ്റ് വായ്പാ അനുപാതം 45% ആണ്. അതായത് ബാങ്കുകൾ സമാഹരിക്കുന്ന ധനത്തിൻെറ 55% എങ്കിലും ഈ പ്രദേശത്തിന് പുറമേയാണ് വിതരണം ചെയ്യുന്നത് എന്നത് വ്യക്തമാണ്.

സഹകരണമേഖലയിൽ ഏലൂർ സർവ്വീസ് സഹകരണ ബാങ്ക് ഇ–103 ഉം കടുങ്ങല്ലൂർ സർവ്വീസ് സഹകരണബാങ്ക് 2165ൻെറ ഒരു ബ്രാഞ്ചും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഏലൂർ പഞ്ചായത്തിലെ ഏലൂർ, മഞ്ഞുമ്മൽ കരകൾ പ്രവർത്തന പരിധിയായുള്ള ഏലൂർ സർവ്വീസ് സഹകരണബാങ്ക് ഇ 103 ൽ 1995–96 ൽ 612 ലക്ഷം രൂപ ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്. ടി വർഷത്തിൽ വിവിധ ഇനങ്ങളിലായി നൽകിയ വായ്പകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| കാഷികവായ്പകൾ | 1.50 ലക്ഷം |
| ഓ.എൽ വായ്പ | 3.94 ലക്ഷം |
| എം.റ്റി. വായ്പ | 335.34 ലക്ഷം |
| സ്വർണ്ണപണ്ടം പണയം വായ്പ | 70.71 ലക്ഷം |
| സ്വയം തൊഴിൽ വായ്പ | 7.54 ലക്ഷം |
| ഐ.ആർ.ഡി.പി. വായ്പ | 4.48 ലക്ഷം |
| വി.എൽ. വായ്പ | 2.95 ലക്ഷം |
| മെമ്പർമാരുടെ ഓവർ ഡ്രാഫ്റ്റ് | 8.46 ലക്ഷം |
| ആകെ | 507.39 ലക്ഷം |

ഈ പഞ്ചായത്തിലെ സഹകരണബാങ്കുകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ദേശസാൽകൃത ബാങ്കുകളുടെ സേവനം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതാണ്.

# ഉപസംഹാരം

ജനകീയാസൂത്രണ പരിപാടിയുടെ മുഖ്യമായ ലക്ഷ്യം പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുക എന്നതാണ്. ഇതിനായി ചേർന്ന ഗ്രാമസഭകളുടെ വിലയേറിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ വികസന റിപ്പോർട്ട്. ഇത് തയ്യാറാക്കുന്നതിനു പിന്നിൽ വളരെയേറെ പ്രയത്നം വേണ്ടി വന്നിട്ടുണ്ട്. സ്ഥിതി വിവരക്കണക്കുകളും ചരിത്ര വസ്തുതകളും ശേഖരിച്ചു നൽകുന്നതിൽ സഹായങ്ങൾ ചെയ്തവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ളെല്ലാ സർക്കാർ ഓഫീസുകളിലേയും മേധാവികളും ഉദ്യോഗസ്ഥരും, ഈ റിപ്പോർട്ട് ഉണ്ടാക്കുവാൻ ചെയ്ത സഹായം നന്ദിപൂർവ്വം സ്മരിക്കുന്നു.എല്ലാവിഭാഗം ജനങ്ങളുടെയും സർവതല സ്പർശിയായ വികസനമാണ് നാടിന്റെ വളർച്ച. ഈ മഹത്തായ വികസനത്തിന്റെ ചരിത്ര ദൗത്യത്തിൽ പങ്കാളികളാകാൻ ഈ പഞ്ചായത്തിലെ പ്രബുദ്ധരായ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

## പഞ്ചായത്ത്തല പരിശീലനം പൂർത്തീകരിച്ചവർ

വി.വി. പുരുഷൻ, എം.എം. സക്കീർ, എം.വി. ഉദയകുമാർ, സബേത്ത് ജോസഫ്, എൻ.ഒ. രാജൻ, കെ.എം. സക്കീർ, എം.എം.ജബ്ബാർ, അക്ബർ, ടി.കെ.എ.മജീദ്, പി.എം.അലി, കെ.ജി. ഫ്രാൻസിസ്, ടി.സി. ജോർജ്, സനോജ് അച്യുത്, സുന്ദരീ ലക്ഷ്മൺ, ലതികാ ശശീന്ദ്രൻ, കലാമണിയൻ നായർ, പൊന്നമ്മ സുകുമാരൻ, ആർ. ഇന്ദിരാദേവി, സി.കെ. തങ്കപ്പൻപിള്ള, എ. ബാലകൃഷ്ണകുറുപ്പ്, എസ്. സുഗുണകുമാർ, ടി.എൻ. പീതാംബരൻ, റൂബിചീക്കു, ജോജോ, വി.പി. രാമചന്ദ്രൻ, ഡി. കൃഷ്ണകുമാർ, സജികുമാർ.ആർ., സി.എസ്. ജോൺ, കെ.എൻ. ഗോപാലപിള്ള, കെ. വിജയകുമാർ.

## പഞ്ചായത്ത് ചുമതലയുള്ള സംസ്ഥാനതല പരിശീലകൻ

ശ്രീ:എം.കെ. രാജേന്ദ്രൻ

## ജില്ലാതല പരിശീലനം ലഭിച്ചവർ

കെ.ആർ. മാധവൻകുട്ടി - കോ ഓർഡിനേറ്റർ
എം.സി. നാഗരുപിള്ള - കൺവീനർ
കെ. മണികണ്ഠൻ, സി.പി. ഉഷ, ജി. ഗോപിനാഥൻ, സരള രാജപ്പൻ
സേവ്യർ ജോസഫ്, സെബാസ്റ്റ്യൻ പാലക്കത്തറ, പി. നവകുമാർ, സി.എം. ഹമീദ്

## വികസന റിപ്പോർട്ട് സൂക്ഷ്മപരിശോധനയും ക്രമീകരണവും

ശ്രീ: എം.സി. നാഗരുപിള്ള - ചീഫ് എഡിറ്റർ
ശ്രീ: കെ.യു. മേനോൻ
ശ്രീ: ടി.ജെ. വർഗീസ്
ശ്രീ: ജി. ഗോപിനാഥൻ
ശ്രീമതി: പി.എ. ജാൻസി.

കെ.ആർ. മാധവൻകുട്ടി - കോ-ഓർഡിനേറ്റർ
ജനകീയ ആസൂത്രണ പ്രസ്ഥാനം
ഏലൂർ ഗ്രാമ പഞ്ചായത്ത്

അച്ചടി : ഇൻഡസ്ട്രിയൽ സിറ്റി പ്രസ്സ്, ഏലൂർ

# ടി സി സി

**നമ്മുടെ ജീവിതത്തിന് അനുപേക്ഷണീയമായ**
**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണത്തിനു**
**വേണ്ട മികച്ച ഗുണനിലവാരമുള്ള**
**അടിസ്ഥാന രാസവസ്തുക്കളായ**

❖ കോസ്റ്റിക് സോഡ

❖ ക്ലോറിൻ

❖ ഹൈഡ്രോക്ലോറിക് ആസിഡ്

എന്നിവയുടെ നിർമ്മാതാക്കൾ

## ദി ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് ലിമിററഡ്

ഉദ്യോഗമണ്ഡൽ - 683 501

**(A Government Company)**

Cable:'TECECE',Udyogamandal
Telex: 885 - 5009 TCC IN

Phone: 0484-541011 PABX
Fax: 91 - 484 - 532420



# കൂട്ടായ പരിശ്രമം

## ഞങ്ങളുടെ എല്ലാ നേട്ടങ്ങൾക്കും പിന്നിലുള്ള രഹസ്യം അതു തന്നെ.

ഇന്ത്യയിൽ രാസവളങ്ങളുടെ വൻതോതിലുള്ള ഉല്പാദനത്തിനും വിപണനത്തിനും നേതൃത്വം കൊടുത്ത ഫാക്ട്, കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തിനിടയിൽ നമ്മുടെ രാജ്യം ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന്, ഫാക്ടിന്റെ വൈവിധ്യമാർന്ന ഉല്പന്നങ്ങളുടെ നിരയിൽ രാസവളങ്ങൾ മാത്രമല്ല, രാസവസ്തുക്കളും കാപ്രോലാക്ടവും ഉൾപ്പെടുന്നു.

ഫെഡോ, ഫ്യൂ — ഈ രണ്ടു ഡിവിഷനുകളിലൂടെ എൻജിനീയറിങ് ജോലികളിലും ഫാക്ട് അതിവിദഗ്ദ്ധമായ സേവനങ്ങൾ ആഗോളതലത്തിൽ ലഭ്യമാക്കുന്നു.

സമീപഭാവിയിൽ, 900 ടൺ പ്രതിദിനശേഷിയുള്ള ഒരു അമ്മോണിയ പ്ലാന്റ് ഉദ്യോഗമണ്ഡലിൽ കമ്മീഷൻ ചെയ്യപ്പെടുന്നതോടെ, അമോണിയയുടെ കാര്യത്തിൽ ഫാക്ട് സ്വയംപര്യാപ്തമാവും. ഫെഡോവിന്റെ ഡീറ്റെയിൽഡ് എൻജിനീയറിങ് സേവനങ്ങൾ ഉപയോഗപ്പെടുത്തുന്ന ഈ പ്രോജക്ട്, ഭാവിയിലെ വെല്ലുവിളികളെ അതിജീവിക്കാനുള്ള ഫാക്ടിന്റെ ഇച്ഛാശക്തിയുടെയും ദൃഢനിശ്ചയത്തിന്റെയും നിദർശനമാണ്.

അർപ്പണബോധമുള്ള 8000-ൽ അധികം ജീവനക്കാരുള്ള ഫാക്ടിന്റെ ചലനാത്മകമായ വളർച്ചയ്ക്കും, നേടിയെടുത്ത നിരവധി അവാർഡുകൾക്കും, തുടർച്ചയായ 13 വർഷത്തെ ലാഭകരമായ പ്രവർത്തനങ്ങൾക്കും, പിന്നിൽ ഒരേയോരു പ്രേരകശക്തി മാത്രം കൂട്ടായ പരിശ്രമം

FACT
PIONEERS IN PROGRESS

**ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്**

(ഒരു ഇന്ത്യാ ഗവൺമെന്റ് സ്ഥാപനം)

രജി. ഓഫീസ് : ഏലൂർ, ഉദ്യോഗമണ്ഡൽ 683 501 കേരളം